32nd Year of Service 2024

Price $1.00

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 13, 2024 | Vol. XXXII No. 37 | Periodicals Postage Paid








ചിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷ പരിപാടികളിലെ മുഖ്യാതിഥി ചലച്ചിത്രതാരം ലെനയോടൊപ്പം പ്രസിഡണ്ട് ജെസി റിൻസിയും ഭാരവാഹികളും.

(വാർത്ത 13-ാം പേജിൽ) ഫോട്ടോ: മോനു വർഗീസ്


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


THANNIKKARY VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

32nd Year of Service 2024
Price $1.00
NOT OUR MERIT BUT HIS GRACE · KERALA EXPRESS
# കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഇന്ത്യയോട് ഇടഞ്ഞ് ബംഗ്ലാദേശ്
6 ശശിയെ കൈവിടാതെ സിപിഎം
8 യൂത്ത് കോൺഗ്രസ് മാർച്ചിൽ സംഘർഷം
13 സിഎംഎ ഓണാഘോഷം വിജയകരമായി
15 ചിക്കാഗോ സോഷ്യൽ ക്ലബ്ബ് അന്താരാഷ്ട്ര വടംവലി...

## ഓണാശംസകൾ...



ലോകത്ത് എവിടെയായാലും മലയാളികൾക്ക് ഓർമകളുടെ ഉത്സവമാണ് ഓണം. ഓണത്തിന്റെ ചരിത്രം തലമുറകൾക്ക് കൈമാറിക്കൊടുത്ത്, ആ നാളുകളുടെ നല്ല നല്ല ഓർമ്മകൾ അയവിറക്കിക്കൊണ്ട് കേരളാ എക്സ്പ്രസ്സിന്റെ എല്ലാ മാന്യ വായനക്കാർക്കും ഐശ്വര്യപൂർണ്ണമായ ഓണം ആശംസിക്കുന്നു.

# തദ്ദേശസ്ഥാപനങ്ങളിൽ വാർഡ് വിഭജനം വിജ്ഞാപനമായി

തിരുവനന്തപുരം: തദ്ദേശ വാർഡ് പുനർവിഭജനത്തിനു മുന്നോടിയായി കേരളത്തിലെ പഞ്ചായത്തുകളിലെ വാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് വിജ്ഞാപനമിറങ്ങി. 941 ഗ്രാമപഞ്ചായത്തുകളിലായി 1375 വാർഡുകളാണ് വർദ്ധിപ്പിച്ചത്. സംസ്ഥാനത്താകെ 15,962 വാർഡുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇനി 17,337 ആയി ഉയരും. സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 2080 വാർഡുകളാണ് ഉണ്ടായിരുന്നത്. ഇനിയത് 2267 ആകും.

ജില്ലാ പഞ്ചായത്തുകളിൽ 15 ഡിവിഷനുകൾ കൂടും. തിരുവനന്തപുരത്ത് രണ്ടും മറ്റു ജില്ലകളിൽ ഓരോ ഡിവിഷനുമാണ് വർദ്ധിക്കുന്നത്. മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ വാർഡ് നിർണയ വിജ്ഞാപനവും ഉടനുണ്ടാകും. ഗ്രാമപഞ്ചാത്തുകളിൽ ഓരോ വാർഡുകൾ വീതം വർദ്ധിപ്പിക്കണമെന്ന ലക്ഷ്യത്തോടെയാണ് തദ്ദേശ വാർഡ് പുനർനിർണയ കമ്മീഷനെ നിയമിച്ചത്. എന്നാൽ, പുതിയ വാർഡുകൾ വന്നപ്പോൾ ഇത് ഒന്നു മുതൽ മൂന്നുവരെയായി ഉയർന്നു. മൊത്തം വാർഡുകളിൽ 50 ശതമാനം വനിതാ സംവരണമാണ്. പട്ടികജാതി-വർഗ സംവരണവുമുണ്ട്. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ വാർഡുകൾ. അവിടെ 94 ഗ്രാമപഞ്ചായത്തുകളിലായി 2001 വാർഡുകളാണ് നിലവിൽ വരുന്നത്. ഇപ്പോൾ ഇവിടെ 1778 വാർഡുകളാണുള്ളത്. 223 വാർഡുകൾ മലപ്പുറത്ത് കൂടുതലായി വരും.

കുറവ് വാർഡുകൾ വയനാട് ജില്ലയിലാണ്. 23 ഗ്രാമപഞ്ചായത്തുകളിലായി 450 വാർഡുകൾ മാത്രമാകും ഇവിടെയുണ്ടാകുക. (ശേഷം 24-ാം പേജിൽ)

# എഡിജിപി-ആർഎസ്എസ് കൂടിക്കാഴ്ച ആഭ്യന്തരവകുപ്പ് പരിശോധിക്കും

തിരുവനന്തപുരം: എഡിജിപി എം ആർ അജിത്കുമാർ-ആർഎസ്എസ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബാളെ കൂടിക്കാഴ്ച വിവാദത്തിൽ സിപിഎമ്മിനു ബാധ്യതയില്ലെന്നും പരിശോധിക്കേണ്ടത് ആഭ്യന്തര വകുപ്പാണെന്നും സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. എഡിജിപി ആർഎസ്എസ് നേതാവിനെ കണ്ടതിൽ സിപിഐ അതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ടല്ലോ എന്ന ചോദ്യത്തിന്, 'തൃപ്തിയോടെയാണോ ഞങ്ങൾ ഇതു പറയുന്നത്' എന്നാണ് ഗോവിന്ദൻ കാസർകോട്ട് മറുപടി പറഞ്ഞത്.

കടുത്ത പ്രതിസന്ധി സൃഷ്ടിച്ച വിഷയത്തിൽ സർക്കാരും മുഖ്യമന്ത്രിയും നിശ്ശബ്ദത പാലിക്കുമ്പോൾ, കൂടിക്കാഴ്ച വിവാദം ഡിജിപിയുടെ നേതൃത്വത്തിലുള്ള സംഘം അന്വേഷിക്കുമെന്ന് എൽഡിഎഫ് കൺവീനർ ടി.പി. രാമകൃഷ്ണന്റെ പ്രതികരണവും ശ്രദ്ധേയമായി. എഡിജിപി എന്തിന് ആർഎസ്എസ് നേതാവിനെ കണ്ടുവെന്നും എന്തായിരുന്നു കൂടിക്കാഴ്ചയുടെ ഉദ്ദേശമെന്നതുമൊക്കെ പുറത്തുവരേണ്ടതുണ്ടെന്ന് ടി.പി. രാമകൃഷ്ണൻ വ്യക്തമാക്കി. എല്ലാ വസ്തുതകളും അന്വേഷണത്തിൽ പുറത്തുവരണം. എഡിജിപി കുറ്റക്കാരനാണെങ്കിൽ സ്ഥാനമാറ്റം മാത്രം പോര. നിയമനടപടിയും വേണം. തൃശൂർ പൂരം കലക്കിയതിന്റെ ഗൂഢാലോചന സംബന്ധിച്ചും സത്യം പുറത്തുവരേണ്ടതുണ്ടെന്നു ടി.പി. രാമകൃഷ്ണൻ പറഞ്ഞു.

പി.വി. അൻവർ എംഎൽഎയുടെ പ്രതികരണങ്ങളെ വിമർശിച്ച രാമകൃഷ്ണൻ ഈ രീതിയിൽ വേണോ പ്രതികരണങ്ങളെന്ന് അൻവർ തന്നെ പരിശോധിക്കേണ്ടതാണെന്നും പറഞ്ഞു. അൻവർ സ്വതന്ത്ര എംഎൽഎ ആയതിനാൽ അങ്ങനെ നിയന്ത്രിക്കാൻ ആകില്ലെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം ക്രമസമാധാന ചുമതലയുള്ള എഡിജിപി എം.ആർ. അജിത്കുമാറിന്റെ ആർഎസ്എസ് നേതാക്കളുമായുള്ള കൂടിക്കാഴ്ചയിൽ എൽഡിഎഫിലും വിമർശനം ഉയരുകയാണ്. അജിത്കുമാറിനെ ക്രമസമാധാന ചുമതലയിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം ഭൂരിഭാഗം ഇടതു മുന്നണി ഘടകകക്ഷികൾക്കുമുണ്ട്.

(ശേഷം 24-ാം പേജിൽ)

# മുഖ്യമന്ത്രി മൗനത്തിൽ; പാർട്ടിയിൽ ഒറ്റപ്പെട്ടു

തിരുവനന്തപുരം: ആഭ്യന്തര വകുപ്പിനെ പ്രതിരോധത്തിലാക്കി ആരോപണങ്ങൾ പ്രവഹിക്കവേ, പാർട്ടിയിലും മുന്നണിയിലും ഒറ്റപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ. മുൻകാലങ്ങളിലേതു പോലെ മുഖ്യമന്ത്രിക്കു കവചമൊരുക്കാൻ നേതാക്കൾ കാര്യമായി രംഗത്തിറങ്ങിയിട്ടില്ല.

സിപിഎം സൈബർ പടയാളികളും മൗനത്തിൽ. ചാനൽ ചർച്ചകൾക്ക് സിപിഎം നേതാക്കളെ കിട്ടാനില്ല. മാധ്യമങ്ങളുടെ നിർബന്ധത്തിനു വഴങ്ങി സിപിഎം സഹയാത്രികരേ എത്തുന്നുള്ളൂ. എന്നാൽ ഉത്തരം പറയിച്ചേ അടങ്ങൂ എന്ന നിലപാടിൽ ദേശീയ തലത്തിലേക്ക് ചർച്ച എത്തിച്ച് സിപിഐ സജീവമായി രംഗത്തുണ്ട്. പ്രതിപക്ഷം ഉന്നയിക്കുന്ന ആർഎസ്എസ് രഹസ്യ ബാന്ധവ ആരോപണം വരും തെരഞ്ഞെടുപ്പുകളിൽ ന്യൂനപക്ഷങ്ങൾക്കിടയിൽ സംശയത്തിന്റെ വിത്തുപാകാൻ സാദ്ധ്യതയുണ്ടെന്ന ആശങ്ക സിപിഎം, എൽഡിഎഫ് നേതൃത്വങ്ങൾക്കുമുണ്ട്.

ആഭ്യന്തര വകുപ്പിനെ ഉന്നമിട്ടുള്ള വെളിപ്പെടുത്തലുകളിൽ വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി തന്നെ നടപടിയെടുക്കട്ടെ എന്ന നിലപാടിലാണ് പാർട്ടി പി.ബി. അംഗങ്ങളായ എം.എ. ബേബിയും എം. വിജയരാഘവനുമൊക്കെ. തൃശൂർ ഒത്തുകളി വിവാദത്തിൽ പ്രതികരിച്ചെങ്കിലും എഡിജി



പിയുടെ കാര്യത്തിൽ പ്രതിരോധത്തിനു മുതിർന്നില്ല. വിഷയത്തിൽ മുഖ്യമന്ത്രി സ്വീകരിക്കുന്ന നിലപാടിൽ സിപിഎമ്മിലും എൽഡിഎഫിലും അതൃപ്തി പുകയുന്നതിനിടെയാണ് ഉത്തരം ആവശ്യപ്പെട്ട് സിപിഐ ദേശീയ സെക്രട്ടറി ഡി. രാജ പ്രതികരിച്ചത്. ഇക്കാര്യത്തിൽ സംസ്ഥാന നേതൃത്വത്തിൽ നിന്ന് റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കൂടിക്കാഴ്ചയുടെ വിശദാംശങ്ങൾ ജനങ്ങൾക്കു മുന്നിൽ വിശദീകരിക്കണമെന്നു സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ആവശ്യപ്പെട്ടിരുന്നു. തൃശൂരിലെ തെരഞ്ഞെടുപ്പുമായി കൂടിക്കാഴ്ചയ്ക്കു ബന്ധമുണ്ടെന്ന കോൺഗ്രസ് (ശേഷം 24-ാം പേജിൽ)

# ഡോക്ടർമാർക്ക് സമ്മാനവിലക്ക്

ന്യൂഡൽഹി: മെഡിക്കൽ ഉപകരണ വ്യവസായത്തിലെ തെറ്റായ വിപണന രീതികൾ തടയാൻ ഏകീകൃത കോഡ് പുറത്തിറക്കി കേന്ദ്രം. ഉപകരണങ്ങൾ വിൽക്കാൻ ഡോക്ടർമാർക്ക് കൈക്കൂലിയും പാരിതോഷികങ്ങളും നൽകുന്നത് ഉൾപ്പെടെയുള്ള നടപടികൾ കർശനമായി നിരോധിച്ചു.

യൂണിഫോം കോഡ് ഫോർ മാർക്കറ്റിങ് പ്രാക്ടീസസ് ഇൻ മെഡിക്കൽ ഡിവൈസസ് (യുസിഎംപിഎംഡി) 2024 എന്ന പേരിൽ ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റാണ് ഏകീകൃത കോഡ് പുറത്തിറക്കിയത്. ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും സ്വാധീനിക്കാൻ വിദേശത്ത് ശില്പശാലകൾ സംഘടിപ്പിക്കുക, ഹോട്ടൽതാമസമോ പണമോ നൽകി സ്വാധീനിക്കാൻ ശ്രമിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് കുറ്റകരമാണ്.

ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ വിതരണംചെയ്യുന്ന സാംപിളുകൾക്കും ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നതിനായി സംഘടിപ്പിക്കുന്ന കോൺഫറൻസുകൾ, വർക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവയ്ക്കുമായി ചെലവിടുന്ന തുക സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തണം. ഉത്പന്നങ്ങൾക്ക് റെഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനു മുൻപ് പ്രമോട്ട് ചെയ്യരുത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition From Chicago
കനൽവഴികളിലൂടെ
തോമസ് എബ്രഹാമിന്റെ
ജീവിതയാത്ര
(ഡാളസ്)



വഴിത്താരകൾ
പേജ്, 16, 17


# ഹസീന വിഷയത്തിൽ ഇന്ത്യയോട് ഇടഞ്ഞ് ബംഗ്ലാദേശ്

ധാക്ക: രാഷ്ട്രീയ അട്ടിമറിയെത്തുടർന്ന് പുറത്താക്കപ്പെട്ട മുൻ പ്രധാനമന്ത്രി ഷേയ്ക് ഹസീനയ്ക്കും അവർക്ക് അഭയം നല്കിയ ഇന്ത്യയ്ക്കുമെതിരെ ബംഗ്ലാദേശ് ഇടക്കാല സർക്കാർ തലവൻ മുഹമ്മദ് യൂനുസ്. ഹസീനയെ വിചാരണയ്ക്കായി വിട്ടുകിട്ടണമെന്ന ആവശ്യം ബംഗ്ലാദേശ് ഉന്നയിക്കാതിരിക്കണമെങ്കിൽ ഇന്ത്യയിൽ അവർ നിശബ്ദയായിരിക്കണമെന്നു യൂനുസ് ആവശ്യപ്പെട്ടു.

ഇന്ത്യയിൽ തുടർന്നുകൊണ്ട് ഹസീന നടത്തുന്ന പ്രസ്താവനകൾ സൗഹൃദപരമല്ല. ബംഗ്ലാദേശ് കൈമാറ്റം ആവശ്യപ്പെടുന്നതുവരെ ഇരുരാജ്യങ്ങളുടെയും അസ്വസ്ഥത ഒഴിവാക്കാൻ അവർ നിശബ്ദയായിരിക്കണം. ഇന്ത്യയുമായുള്ള ശക്തമായ ബന്ധത്തെ ബംഗ്ലാദേശ് വിലമതിക്കുന്നു. ബംഗ്ലാദേശ് ഇസ്‌ലാമികമാണെന്നും ഹസീനയില്ലാത്തെ അവിടം അഫ്ഗാനിസ്ഥാനായി മാറുമെന്നുമുള്ള പ്രചാരണത്തിൽ നിന്ന് ഇന്ത്യ അകന്നു നിൽക്കണം. ഹസീന ഇന്ത്യയിൽ തുടരുന്നത് ആർക്കും ആശ്വാസകരമല്ല. അവരെ വിചാരണയ്ക്കായി വിട്ടുകിട്ടണമെന്നാണ് ബംഗ്ലാദേശിന്റെ ആവശ്യം.

ഇന്ത്യയിൽ കഴിഞ്ഞുകൊണ്ട് അവർ ഇടയ്ക്കിടെ നടത്തുന്ന പ്രസ്താവനകൾ പ്രശ്നമാണ്. ഹസീന നിശബ്ദത പാലിച്ചാൽ അവരെ വിട്ടുകിട്ടണമെന്ന ആവശ്യം ഞങ്ങൾ മറക്കും. അവർ അവരുടേതായ ലോകത്തായതിനാൽ ആളുകളും അത് മറക്കും. എന്നാൽ, ഇന്ത്യയിൽ ഇരുന്നുകൊണ്ട് അവർ സംസാരിക്കുന്നതും നിർദേശങ്ങൾ നല്കുന്നതും ആരും ഇഷ്ടപ്പെടുന്നില്ല: ഹസീന അധികാരഭ്രഷ്ടയായ ശേഷം മുഖ്യ ഉപദേശകനായി ഇടക്കാല സർക്കാരിനെ നയിക്കുന്ന നൊബേൽ പുരസ്കാര ജേതാവ് കൂടിയായ യൂനുസ് പി.ടി.ഐ വാർത്താ ഏജൻസിക്കു നല്കിയ അഭിമുഖത്തിൽ വ്യക്തമാക്കി.

ബംഗ്ലാദേശിൽ നടന്ന കലാപത്തെ



മുഹമ്മദ് യൂനുസ്

ഭീകരപ്രവർത്തനമെന്നു വിശേഷിപ്പിച്ചും നീതി ആവശ്യപ്പെട്ടും കഴിഞ്ഞ 13-ന് ഹസീന പുറപ്പെടുവിച്ച പ്രസ്താവനയാണ് യൂനുസിനെ പ്രകോപിപ്പിച്ചത്. ഹസീനയുടെ പ്രസ്താവന അസ്വാസ്ഥ്യജനകമാണെന്നും അത് ബംഗ്ലാദേശിനോ ഇന്ത്യയ്ക്കോ നല്ലതല്ലെന്നും അദ്ദേഹം പറഞ്ഞു. അവരുടെ പ്രസ്താവനകൾക്കെതിരായ നിലപാട് ഇന്ത്യയെ വാക്കാലും ശക്തമായും അറിയിച്ചിട്ടുണ്ട്. ഹസീനയ്ക്ക് ഇന്ത്യ അഭയം നല്കി. അവർ അവിടെനിന്ന് പ്രചാരണം നടത്തുകയാണ്. അവർ സാധാരണ നിലയ്ക്ക് ഇന്ത്യയിലേക്കു പോയതല്ല. ജനരോഷത്താൽ രാജ്യം വിടുകയായിരുന്നു. അതിക്രമങ്ങളിൽ നിന്നും ബംഗ്ലാദേശ് ജനതയ്ക്കു നീതി നല്കാൻ ഇടക്കാല സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നീതി നടപ്പാകാൻ ഹസീനയെ തിരികെ കൊണ്ടുവന്ന് പരസ്യമായി വിചാരണ ചെയ്യണം.

ഇന്ത്യയുമായി നല്ല ബന്ധമാണ് ആഗ്രഹിക്കുന്നത്. എന്നാൽ, ബംഗ്ലാദേശിന്റെ സ്ഥിരത ഉറപ്പാക്കാൻ ഹസീനയുടെ നേതൃത്വത്തിനേ കഴിയൂവെന്ന നിലപാട് ഇന്ത്യ ഉപേക്ഷിക്കണം. ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി ഉൾപ്പെടെ മറ്റെല്ലാവരും ഇസ്ലാമിസ്റ്റുകളാണെന്നും ബംഗ്ലാദേശിനെ അഫ്ഗാനിസ്ഥാനാക്കുമെന്നുമാണ് പ്രചാരണം. ഇന്ത്യ ഈ പ്രചാരണത്തിന്റെ പിടിയിൽനിന്നു പുറത്തുകടക്കണം. ബംഗ്ലാദേശ് മറ്റേതൊരു രാജ്യത്തേയും പോലുള്ള അയൽക്കാരാണ്.

ബംഗ്ലാദേശിൽ നടക്കുന്ന ന്യൂനപക്ഷ ധ്വംസനത്തിൽ ഇന്ത്യക്ക് ആശങ്കയുണ്ടെന്നത് ഒരു തൊടുന്യായം മാത്രമാണെന്നും യൂനുസ് പറഞ്ഞു. ഉഭയകക്ഷി ബന്ധത്തിൽ ഇപ്പോഴുണ്ടായ ഉലച്ചിൽ പരിഹരിക്കാൻ ഇരുരാജ്യങ്ങളും ഒന്നിച്ചു പ്രവർത്തിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## ചന്ദ്രനിൽ ആണവപദ്ധതി: റഷ്യൻ ദൗത്യത്തിൽ താല്പര്യം പ്രകടിപ്പിച്ച് ഇന്ത്യ

മോസ്കോ: ചന്ദ്രനിൽ ആണവ റിയാക്ടർ സ്ഥാപിക്കാനുള്ള പദ്ധതിയുമായി റഷ്യയുടെ റൊസാറ്റം ന്യൂക്ലിയർ കോർപറേഷൻ. പരമാവധി അരമെഗാവാട്ട് വരെ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുന്ന വൈദ്യുതനിലയം നിർമിക്കുകയാണു ലക്ഷ്യം. ദൗത്യത്തിൽ റഷ്യയ്ക്കൊപ്പം ചേരാൻ ചൈനയും ഇന്ത്യയും താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നാണു വിവരം.

ഈസ്റ്റേൺ ഇക്കണോമിക് ഫോറത്തിൽ റൊസാറ്റം മേധാവി അലക്സി ലിഖാചേവാണ് പദ്ധതിയെപ്പറ്റി വെളിപ്പെടുത്തിയത്. "പരമാവധി അര മെഗാവാട്ട് വരെ ഊർജശേഷിയുള്ള ചാന്ദ്ര ആണവ വൈദ്യുതനിലയം നിർമിക്കാനാണു നീക്കം. ഞങ്ങളുടെ ചൈനീസ്, ഇന്ത്യൻ പങ്കാളികൾ ഇതിൽ വളരെ താൽപര്യം അറിയിച്ചിട്ടുണ്ട്. നിരവധി ബഹിരാകാശ പദ്ധതികൾ തുടങ്ങാനും ഞങ്ങൾ ശ്രമിക്കുന്നു." - അലക്സി ലിഖാചേവ് പറഞ്ഞു.

ചന്ദ്രനിൽ 2036-ൽ ആണവ വൈദ്യുതനിലയം സ്ഥാപിക്കാൻ പദ്ധതിയുണ്ടെന്നു റഷ്യയുടെ ബഹിരാകാശ ഏജൻസിയായ റോസ്കോസ്മോസ് മേയിൽ പ്രഖ്യാപിച്ചിരുന്നു. 2050 ആകുമ്പോഴേക്കും ചാന്ദ്രതാവളം സ്ഥാപിക്കുക എന്ന സ്വപ്നത്തിനു ആണവപദ്ധതി മുതൽക്കൂട്ടാകുമെന്ന് ഇന്ത്യ കരുതുന്നതായി 'ദ് യൂറേഷ്യൻ ടൈംസ്' റിപ്പോർട്ട് ചെയ്തു. ചാന്ദ്ര പര്യവേഷണത്തിലും ഊർജോൽപാദനത്തിലും സുപ്രധാന ചുവടുവെപ്പായി ആണവ റിയാക്ടർ മാറുമെന്നാണു കണക്കുകൂട്ടൽ.

സൗരോർജം ഉപയോഗിക്കുന്നതിൽ ചന്ദ്രനിൽ പരിമിതി ഉള്ളതിനാൽ തുടർച്ചയായ ഊർജസ്രോതസ്സായി മാറാൻ ആണവോർജം സഹായിക്കും. ചന്ദ്രനിൽ ദീർഘകാല സാന്നിധ്യം ലക്ഷ്യമിടുന്ന മനുഷ്യർക്കും മറ്റു ദൗത്യങ്ങൾക്കും ഇതു സുപ്രധാന ഘടകമാകുമെന്നാണു വിലയിരുത്തൽ. ദീർഘകാലത്തേക്കു ചന്ദ്രനിൽ വാസസ്ഥലം ഒരുക്കാൻ ആണവ റിയാക്ടറുകൾ സഹായിക്കുമോയെന്ന രീതിയിൽ നാസയും ഗവേഷണം നടത്തുന്നുണ്ട്.

## എസ്എഫ്ഐ നേതാവിന്റെ അധിക മാർക്ക് ഗവർണർ റദ്ദാക്കി

തിരുവനന്തപുരം: കാലിക്കറ്റ് സർവകലാശാല വിമൻസ് സ്റ്റഡീസ് വകുപ്പിൽ അസിസ്റ്റന്റ് പ്രഫസറായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എസ്എഫ്ഐ മുൻ നേതാവ് കെ. ഡയാനയ്ക്ക് 2009-ലെ എംഎ പരീക്ഷയിൽ ലഭിച്ച മാർക്കിൽ എട്ട് വർഷത്തിനുശേഷം 17 മാർക്ക് വർധിപ്പിച്ച നടപടി ഗവർണർ റദ്ദാക്കി. സേവ് യൂണിവേഴ്സിറ്റി ക്യാംപെയ്ൻ കമ്മിറ്റി ചെയർമാൻ ആർ.എസ്. ശശികുമാർ നൽകിയ പരാതിയിൽ കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ ഡോ. ഇ.കെ. സതീഷ്, ഡയാന തുടങ്ങിയവരുടെ വാദങ്ങൾ നേരിട്ടുകേട്ട ശേഷമാണു യൂണിവേഴ്സിറ്റി ആക്ടിലെ വകുപ്പ് 7(3) അനുസരിച്ച്, അധികമായി നൽകിയ മാർക്ക് ഗവർണർ റദ്ദാക്കിയത്.

ഹാജരിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഇന്റേണൽ മാർക്കിൽ വ്യത്യാസം വരുത്താൻ സർവകലാശാല റഗുലേഷനിൽ വ്യവസ്ഥയില്ലെന്നും ഹാജർ നിശ്ചിത 75 ശതമാനത്തിൽ കുറവായതിനാൽ ഇളവ് നേടി സർവകലാശാലയുടെ പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരീക്ഷ എഴുതിയ ഡയാനയ്ക്ക് 8 വർഷം കഴിഞ്ഞ് 17 മാർക്ക് ഇന്റേണൽ മാർക്കായി കൂട്ടിനൽകിയതു മാർക്ക് ദാനമാണെന്നും ചട്ടങ്ങളുടെ ലംഘനമാണെന്നുമായിരുന്നു പരാതിക്കാരന്റെ വാദം.

ഹാജർ രേഖകൾ സർവകലാശാല കൃത്യമായി സൂക്ഷിക്കാറില്ലെന്നും അതിനാലാണു ഹാജറില്ലാത്തവർക്കും ഹാജരിന്റെ മാർക്ക് നൽകാൻ തീരുമാനിച്ചതെന്നുമുള്ള റജിസ്ട്രാറുടെ വിശദീകരണം ഗവർണർ തള്ളി. ഡയാനയ്ക്ക് അധിക മാർക്കിന് അർഹതയില്ലെന്നതിനാൽ ചട്ടവിരുദ്ധമായി മാർക്ക് അനുവദിക്കാൻ നടത്തിയ നീക്കം അന്നത്തെ വൈസ് ചാൻസലറായിരുന്ന ഡോ. അൻവർ ജഹാൻ സുബൈരി തടഞ്ഞിരുന്നു.

## മുകേഷിന്റെ മുൻകൂർ ജാമ്യത്തിനെതിരെ അപ്പീൽ നൽകുന്നത് വിലക്കി

കൊച്ചി: നടിയെ പീഡിപ്പിച്ച കേസിൽ പ്രതിയായ നടൻ എം. മുകേഷ് എംഎൽഎയെ കൈവിടാതെ സർക്കാർ. മുകേഷിന് മുൻകൂർ ജാമ്യം നൽകിക്കൊണ്ടുള്ള എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ഉത്തരവിനെതിരെ പ്രത്യേക അന്വേഷണസംഘം (എസ്ഐടി) അപ്പീൽ നൽകുന്നത് സർക്കാർ വിലക്കി.

കോടതി ഉത്തരവ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടു ഹൈക്കോടതിയിൽ സർക്കാർ അപ്പീൽ നൽകുമെന്നാണു അറിയിച്ചിരുന്നത്. സർക്കാർ അഭിഭാഷകരിൽനിന്ന് നിയമോപദേശം തേടുകയുമുണ്ടായി. ഇതിനായുള്ള നടപടികൾ പുരോഗമിക്കുന്നതിനിടെയാണ് ആഭ്യന്തര വകുപ്പിന്റെ ഇടപെടൽ.

ഹൈക്കോടതിയെ സമീപിക്കേണ്ടെന്നാണ് അന്വേഷണസംഘത്തിന് ആഭ്യന്തര വകുപ്പ് നൽകിയ നിർദേശം. മുൻകൂർ ജാമ്യത്തിനെതിരെയുള്ള അപ്പീൽ ഹർജി എസ്ഐടി തയാറാക്കിയിരുന്നു. ഇതിനിടെയാണ് സർക്കാരിന്റെ അസാധാരണ ഇടപെടലുണ്ടായത്.

പ്രത്യേക അന്വേഷണസംഘം പ്രോസിക്യൂഷനു നൽകിയ കത്ത് മടക്കി നൽകുമെന്നാണ് ലഭ്യമാകുന്ന വിവരം. അപ്പീലിനു നിയമസാധ്യതയില്ലെന്ന മറുപടിയോടെയാകും കത്ത് മടക്കുക.

നടിയെ ബലാത്സംഗം ചെയ്തെന്ന കേസിൽ മുകേഷിനും ഇടവേള ബാബുവിനും സെപ്റ്റംബർ അഞ്ചിനാണ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചത്. കേരളം വിടരുത്, അന്വേഷണവുമായി സഹകരിക്കണം എന്നീ ഉപാധികളോടെയാണ് മുകേഷിന് ജാമ്യം അനുവദിച്ചിരിക്കുന്നത്.

ബലാത്സംഗം ചെയ്തെന്ന ആലുവ സ്വദേശിനിയായ നടിയുടെ പരാതി കെട്ടുകഥയെന്നായിരുന്നു മുകേഷിന്റെ വാദം. 15 വർഷങ്ങൾക്കുശേഷം പരാതിയുമായി വന്നതിന് പിന്നിൽ മറ്റ് ലക്ഷ്യങ്ങളുണ്ടെന്നും തന്നോട് പണം ആവശ്യപ്പെട്ടിരുന്നുവെന്നും ബ്ലാക്മെയിൽ ശ്രമം നടത്തിയെന്നും മുകേഷ് പറഞ്ഞിരുന്നു. താര സംഘടനയായ അമ്മയിൽ അംഗത്വം നൽകാമെന്ന് വാഗ്ദാനം ചെയ്ത് പീഡിപ്പിച്ചെന്നാണ് ഇടവേള ബാബുവിനെതിരായ കേസ്.

## ജമ്മുവിൽ രണ്ട് ഭീകരരെ വധിച്ചു

ജമ്മു: അതിർത്തിയിൽ നുഴഞ്ഞുകയറ്റിനു ശ്രമിച്ച രണ്ട് ഭീകരരെ ഇന്ത്യൻ സൈന്യം വധിച്ചു. ജമ്മു കശ്മീരിലെ നൗഷേര മേഖലയിൽ നുഴഞ്ഞുകയറ്റത്തിനു സാധ്യതയുണ്ടെന്ന ഇന്റലിജൻസ് വിവരത്തെ തുടർന്ന് മേഖലയിൽ പട്രോളിങ് ശക്തമാക്കിയിരുന്നു.

തിങ്കഴാഴ്ച പുലർച്ചെയായിരുന്നു സൈനിക നടപടി.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 37
September 13, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്‌വചനം

അപരനുവേണ്ടി ജീവിക്കാത്ത ജീവിതം ജീവിതമല്ല.

**മദർ തെരേസ**

അഭിപ്രായങ്ങൾക്കുവേണ്ടി പോരാടിയില്ലെങ്കിൽ അവ അതിജീവിക്കുകയില്ല.

**കോച്ച് സ്റ്റോക്കർ**

## SEEKING LEAD/SENIOR PASTOR

CHATTANOOGA CHRISTIAN ASSEMBLY

Chattanooga Christian Assembly (an Independent, Pentecostal church) is looking for a full time Senior Pastor for Summer 2025 or earlier

### Experience and Qualifications

- Ordained Pastor for at least 5 years in an established church and/or 10 years of ministry experience preferred.
- Ability to teach and preach the Word of God fluently in English and Malayalam.
- Bachelor's in Theology or related studies preferred (accredited).
- US Citizen or Green card holder.
- At least 35 years old and married.

**Candidates should apply no later than December 31, 2024**

**Send resume/references to:**

Jerald Thomas, Secretary
Chattanooga Christian Assembly
PO Box 21308 Chattanooga TN 37424
***email:*ccatn22@gmail.com | *Phone:* 423-402-1523 (cell)**

**For more information about our church, please visit www.ccachurchtn.org**



## Bollywood Dance Class in Chicago!

Shingari's School of Rhythm




**NOW ENROLLING NEW STUDENTS**



Girls • Boys • Adults



For Latest Informations Call : Chinu Thottam **(630) 863-4984**

REGISTER ONLINE Email: c2c4ever@gmail.com www.schoolofrhythm.org





Steve Crifase

LIFE MEMBER MILLION DOLLAR ADVOCATES FORUM The Top Trial Lawyers In America™

## Trusted Representation Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## പൊതുജനത്തെ വിഡ്ഢികളാക്കരുത്

ഭരണപക്ഷ എംഎൽഎ പി.വി. അൻവർ പല ആരോപണങ്ങളും ഉന്നയിക്കുമ്പോൾ കേരളജനത അത് കേട്ട് ഞെട്ടുകയും മുഖ്യമന്ത്രിയും മന്ത്രിസഭയും യാതൊരു കുലുക്കവുമില്ലാതെ മുന്നോട്ടുപോകയും ചെയ്യുന്നു. ഗുരുതരമായ കുറ്റകൃത്യങ്ങൾ ചെയ്തവരും കൂട്ടുനിന്നവരുമെന്ന് ഭരണപക്ഷ എംഎൽഎ അക്കമിട്ടു നിരത്തിയവർ തൽസ്ഥാനങ്ങളിലിരിക്കുമ്പോൾ നടക്കുന്ന അന്വേഷണത്തിന്റെ ഗതിയെന്താകുമെന്ന് നല്ല നിശ്ചയമുണ്ട്. ആരോപണത്തിൽ കഴമ്പുണ്ടെന്നു തോന്നിയിട്ടുണ്ടെങ്കിൽ അവരെ മാറ്റിനിർത്തി സുതാര്യവും വിശ്വാസയോഗ്യവുമായ അന്വേഷണം നടത്തണം. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശി, ക്രമസമാധാന ചുമതലയുള്ള എഡിജിപി എം.ആർ. അജിത്കുമാർ എന്നിവരെ ചുമതലയിൽനിന്നു മാറ്റിനിർത്തി ജുഡീഷൽ അന്വേഷണമാണു നടത്തേണ്ടത്. ജനാധിപത്യവും നിയമവാഴ്ചയുമുണ്ടെന്നു വിശ്വസിക്കുന്നതും മൂന്നര കോടിയിലധികം ജനങ്ങൾ സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നതുമായ ഒരു സംസ്ഥാനമാണ് കേരളം. അതിനാൽത്തന്നെ ഭരണാധികാരികൾ തന്നിഷ്ടക്കാരും കുറ്റവാളികളെ സംരക്ഷിക്കുന്നവരുമാകരുത്. പാർട്ടിയിൽ കൈവന്ന അപ്രമാദിത്തിനും മന്ത്രിസഭയ്ക്കുമേലുള്ള സർവാധിപത്യത്തിനും നിയമസഭയിലെ ഭൂരിപക്ഷം പിൻബലമായേക്കാം. എന്നാൽ, ഭരണപക്ഷത്തുനിന്നുതന്നെ ഉയരുന്ന ആക്ഷേപങ്ങളും ആരോപണങ്ങളും ജനങ്ങളുടെ ഉള്ളിൽ തീ കോരിയിട്ട ആശങ്കകളായി പരിണമിച്ചിട്ടും അതെല്ലാം അങ്ങേയറ്റം നിസാരമായി കണക്കാക്കുന്ന മുഖ്യമന്ത്രിയുടെ നിലപാട് ഈ നാടിനുതന്നെ ആപത്താണ്.

ആരോപണങ്ങളുടെ മൂർച്ച സൗകര്യപൂർവം കുറച്ചും കൂട്ടിയും എംഎൽഎ അവിടെ നിൽക്കട്ടെ. കേരളം അമ്പരക്കുന്നത് ഇക്കാര്യത്തിൽ മുഖ്യമന്ത്രി എടുക്കേണ്ടിയിരുന്നതും എന്നാൽ എടുക്കാതെപോയതുമായ ദൃഢനിലപാടിനെക്കുറിച്ചാണ്. താൻ പോലീസ് വകുപ്പ് ഏറ്റെടുത്തശേഷമുള്ള ഏറ്റവും ഗൗരവമേറിയ ആരോപണങ്ങൾ സേനയിലെ ഉന്നതർക്കെതിരെ ഉയർന്നിട്ടും മുഖ്യമന്ത്രി വഴുവഴുപ്പൻ നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണ്? 'പുഴുക്കുത്തുകളെ സേനയിൽനിന്ന് ഒഴിവാക്കും' എന്ന് അദ്ദേഹം പോലീസ് സമ്മേളനത്തിൽ പറഞ്ഞെങ്കിലും അതിന് ഇപ്പോഴത്തെ വിവാദവുമായി ബന്ധമില്ലെന്നു ജനം പിന്നീടു മനസ്സിലാക്കിയെടുത്തു. എഡിജിപിയെ ലക്ഷ്യമാക്കി എംഎൽഎ തൊടുത്ത ആരോപണങ്ങൾ പൊളിറ്റിക്കൽ സെക്രട്ടറി വഴി ആത്യന്തികമായി മുഖ്യമന്ത്രിയിലേക്കുതന്നെ എത്തുമെന്ന സാഹചര്യത്തിലാണ് കേട്ടുകേൾവിയില്ലാത്ത മട്ടിൽ അന്വേഷണ പ്രഹസനത്തിന് ഉത്തരവിട്ടതെന്ന ആരോപണം ഗൗരവമുള്ളതാണ്.

സിപിഎമ്മിന്റെയും രണ്ടാം പിണറായി സർക്കാരിന്റെയും ജീർണതയുടെ ആഴം തുറന്നുകാട്ടുന്ന വെളിപ്പെടുത്തലുകളും ആരോപണങ്ങളുമാണ് കുറേദിവസങ്ങളായി ജനങ്ങൾ കേട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ സിനിമാമേഖലയിലും പോലീസ് സേനയിലും കേവലം പുഴുക്കുത്തുകളല്ല, പുഴുപ്പുറ്റുകൾതന്നെയാണ് രൂപപ്പെട്ടിരിക്കുന്നത് എന്നു വിശ്വസിക്കേണ്ട അവസ്ഥയിലെത്തിയിരിക്കുന്നു. രാഷ്ട്രീയ ആരോപണങ്ങളെന്നു നിസാരവത്കരിച്ചു തള്ളാവുന്നവയാണോ ഭരണപക്ഷ എംഎൽഎ മാധ്യമങ്ങൾക്കു മുന്നിൽ ശബ്ദരേഖകളുടെ പിൻബലത്തിൽ ഉന്നയിച്ച പരാതികൾ. എഡിജിപി അജിത്കുമാർ കൊടിയ ക്രിമിനലാണെന്നാണ് എംഎൽഎ ആരോപിച്ചത്.

മുഖ്യമന്ത്രിക്കും സിപിഎം സെക്രട്ടറിക്കും കൂടുതൽ തെളിവുകൾ സഹിതം പരാതി രേഖാമൂലം നൽകിയെന്നാണ് എംഎൽഎ അവകാശപ്പെട്ടിരിക്കുന്നത്. ഒരു ജനാധിപത്യ സർക്കാരിന്റെ ഏറ്റവും പ്രാഥമികമായ കടമയാണ് സംശുദ്ധമായ നീതിന്യായ സംവിധാനം ഉറപ്പാക്കുകയെന്നത്. പോലീസ് മേധാവിക്കു തൊട്ടുതാഴെയായി കേരളത്തിൽ ക്രമസമാധാനം ഉറപ്പാക്കാൻ പോലീസ് സേനയെ സജ്ജമാക്കുന്നതും നിയന്ത്രിക്കുന്നതും ആരോപണവിധേയനായ എഡിജിപിയാണ്. ഇത്തരത്തിൽ ആഭ്യന്തരവകുപ്പിലെ സുപ്രധാന തസ്തികയിലിരിക്കുന്ന ഉദ്യോഗസ്ഥനെതിരെ ഭരണപക്ഷത്തുള്ള എംഎൽഎ എന്തിന്റെ പേരിലായാലും വ്യാജ ആരോപണം ഉന്നയിക്കുമെന്നു വിശ്വസിക്കാനാകില്ല. അവിഹിതമായ എന്തെങ്കിലും നേട്ടത്തിനാണ് എംഎൽഎ നിരന്തരമായി വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്നതെങ്കിൽ അദ്ദേഹത്തിനെതിരെ കേസെടുത്ത് ജയിലിലടയ്ക്കണം. സത്യവിരുദ്ധമായ കാര്യങ്ങളാണ് എംഎൽഎ പറയുന്നതെങ്കിൽ അദ്ദേഹത്തെ പരസ്യമായി ശാസിക്കാനും തള്ളിപ്പറയാനും സിപിഎമ്മും മുഖ്യമന്ത്രിയും മടിക്കുന്നതെന്തുകൊണ്ടാണ്? ഇവിടെയാണ് എന്തെല്ലാമോ ചീഞ്ഞുനാറുന്നുവെന്ന് ജനങ്ങൾക്കു വിശ്വസിക്കേണ്ടിവരുന്നത്.

ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുമെന്ന് പോലീസ് അസോസിയേഷൻ സംസ്ഥാനസമ്മേളന വേദിയിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ഒട്ടുംതന്നെ ആത്മാർത്ഥതയില്ലാതെയാണെന്ന് മണിക്കൂറുകൾക്കകംതന്നെ ബോധ്യമായി. പോലീസ് മേധാവിയുടെ നേതൃത്വത്തിലാണെങ്കിലും എഡിജിപിയുടെ കീഴുദ്യോഗസ്ഥർക്ക് എന്ത് അന്വേഷണമാണ് നടത്താനാകുക? കുറ്റാരോപിതരെ മുഖ്യമന്ത്രി കൈവിടില്ലെന്ന വ്യക്തമായ സന്ദേശം നൽകിക്കൊണ്ടു നടത്തുന്ന അന്വേഷണം ആരുടെ കണ്ണിൽ പൊടിയിടാനാണ്? എംഎൽഎമാരടക്കമുള്ള പല സിപിഎം നേതാക്കളും ഇപ്പോളുയർന്നുവന്നിരിക്കുന്ന ആരോപണങ്ങളിൽ അസ്വസ്ഥരാണ്. സംസ്ഥാന സെക്രട്ടറിയടക്കം ആരും കുറ്റാരോപിതരെ സംരക്ഷിച്ചു രംഗത്തുവന്നിട്ടില്ല. പലരും എംഎൽഎ ഉന്നയിച്ച ആരോപണങ്ങളിൽ ശക്തമായ അന്വേഷണം വേണമെന്ന നിലപാടുകാരുമാണ്.

# ശശിയെ കൈവിടാതെ സിപിഎം

തിരുവനന്തപുരം: നിലമ്പൂർ എംഎൽഎ പി.വി. അൻവറിനെ തള്ളാനും കൊള്ളാനും വയ്യാതെ സിപിഎം. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിക്കെതിരെയും ക്രമസമാധാന ചുമതലയുള്ള എഡിജിപി എം. ആർ. അജിത്കുമാറിനെതിരെയും അൻവർ പാർട്ടിക്കു നൽകിയ പരാതി സെപ്റ്റംബർ ആറിന് ചേർന്ന സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് ചർച്ച ചെയ്തെങ്കിലും തീരുമാനമൊന്നും കൈക്കൊണ്ടില്ല.

വിവാദങ്ങളിൽ സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ അന്വേഷണം നടക്കുന്നുണ്ടെന്നും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയറ്റിൽ വിശദീകരിച്ചു. വഴിവിട്ട ഒരു സഹായവും പൊളിറ്റിക്കൽ സെക്രട്ടറിയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ഈ സാഹചര്യത്തിൽ ശശിക്കെതിരെയുള്ള അൻവറിന്റെ പരാതിയിൽ തത്കാലം നടപടിയൊന്നും വേണ്ടെന്ന നിലപാടിലാണ് സെക്രട്ടേറിയറ്റ് യോഗം എത്തിയത്.

പരസ്യവിമർശനത്തിലൂടെ സർക്കാരിനെയും പാർട്ടിയെയും പ്രതിസന്ധിയിലാക്കുന്ന നിലപാടാണു ഭരണകക്ഷി എംഎൽഎയായ അൻവർ നടത്തിയതെന്നായിരുന്നു സംസ്ഥാന സെക്രട്ടേറിയറ്റിന്റെ വിലയിരുത്തൽ. പരാതിയുണ്ടെങ്കിൽ മുഖ്യമന്ത്രിയെയും പാർട്ടി സെക്രട്ടറിയെയും അറിയിക്കാമായിരുന്നു. അതിനു പകരം പ്രതിപക്ഷത്തിന് ഇതുവഴി ആയുധം കൊടുക്കുകയായിരുന്നു.

മാധ്യമങ്ങളും പ്രതിപക്ഷവും വിഷയം സർക്കാരിനെതിരെ ഉപയോഗിച്ച ശേഷമാണ് അൻവർ തന്നെ പരാതി



പി. ശശി

യുമായി വന്നു കണ്ടതെന്നും യോഗത്തിൽ പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ പറഞ്ഞു.

എന്നാൽ, പരാതിയിൽ ഗൗരവതരമായ കാര്യങ്ങൾ ഉണ്ടെന്നും അതു കൊണ്ടുതന്നെ മുഖ്യമന്ത്രി കാര്യങ്ങൾ വിശദീകരിക്കട്ടെയെന്നും ഗോവിന്ദൻ നിലപാടെടുത്തു. എഡിജിപിയെ ക്രമസമാധാന ചുമതലയിൽനിന്നു മാറ്റിനിർത്തി അന്വേഷണം നടത്തേണ്ട സാഹചര്യമില്ല. ഇക്കാര്യത്തിൽ വിമർശനമുണ്ടാകുമെന്നു കണ്ടുകൊണ്ടാണ് ഡിജിപിയെത്തന്നെ അന്വേഷണച്ചുമതല ഏൽപ്പിച്ചതെന്നു മുഖ്യമന്ത്രി വിശദീകരിച്ചു. പി. ശശിക്കെതിരേ കൃത്യതയോടുകൂടെ ഒരു ആക്ഷേപവും അൻവറിന്റെ പരാതിയിൽ ഇല്ല. അങ്ങനെയൊരു സാഹചര്യത്തിൽ ശശിക്കെതിരെ നടപടിയെടുക്കേണ്ടതില്ലെന്നും പിണറായി വിജയൻ പറഞ്ഞു. മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പി. ശശിക്കെതിരെയുള്ള പരാതി തത്കാലം ചർച്ച ചെയ്യേണ്ടതില്ലെന്നാണ് സംസ്ഥാന സെക്രട്ടേറിയറ്റ് യോഗം തീരുമാനിച്ചത്.

അൻവർ നൽകിയ പരാതി ഉദ്യോഗസ്ഥവീഴ്ച സംബന്ധിച്ചുള്ളതാണെന്നും അന്വേഷണം നടക്കേണ്ടതു ഭരണതലത്തിലാണെന്നും യോഗത്തിനു ശേഷം പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ചൂണ്ടിക്കാട്ടി. അൻവർ എഴുതിത്തന്നിട്ടുള്ള പരാതിയിൽ ശശിയെക്കുറിച്ച് ഒന്നുമില്ല. അതുകൊണ്ട് ശശിക്കെതിരെ എന്തെങ്കിലും നടപടിയിലേക്ക് ഇപ്പോൾ കടക്കേണ്ടതില്ല.

ശശിയെക്കുറിച്ച് പരാതി പറഞ്ഞാൽ അതും പരിശോധിക്കും. ഡിജിപി നേതൃത്വം നൽകുന്നതാണ് അന്വേഷണ സമിതി. ഈ റിപ്പോർട്ട് വന്നാൽ തുടർനടപടി സ്വീകരിക്കുമെന്നും ഗോവിന്ദൻ പറഞ്ഞു. അഴിമതി കൈകാര്യം ചെയ്യാൻ കെ.ടി. ജലീലിന്റെ സ്റ്റാർട്ടപ്പ് വേണ്ടെന്നും സർക്കാരിനു തന്നെ നല്ല സംവിധാനങ്ങൾ ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തൃശൂർപൂരം സംബന്ധിച്ചു പറയുന്നത് തികച്ചും അവാസ്തവ കാര്യങ്ങളാണ്. ഏതെങ്കിലും എഡിജിപിയെ അടിസ്ഥാനപ്പെടുത്തി ആർഎസ്എസും ബിജെപിയുമായി സിപിഎമ്മിനു ലിങ്ക് ഉണ്ടാക്കേണ്ട കാര്യമില്ല.

ബിജെപിയുമായി സിപിഎം ധാരണയുണ്ടാക്കി എന്നതു കള്ളക്കഥയാണ്. തൃശൂരിൽ ബിജെപി ജയിച്ചത് കോൺഗ്രസ് വോട്ടിലാണെന്നും ഗോവിന്ദൻ പറഞ്ഞു.

## സമ്മേളനകാലത്ത് സിപിഎമ്മിൽ കൂട്ടരാജി

ആലപ്പുഴ: ബ്രാഞ്ച് സമ്മേളനങ്ങൾ ആരംഭിച്ചിരിക്കെ പാർട്ടി അംഗങ്ങളുടെ പരസ്യ പ്രതിഷേധവും കൂട്ടരാജിയും സിപിഎമ്മിനെ വലയ്ക്കുന്നു. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദന്റെ നാടായ കണ്ണൂർ മൊറാഴയിൽ അംഗങ്ങളുടെ ബഹിഷ്കരണം മൂലം ബ്രാഞ്ച് സമ്മേളനം മുടങ്ങുകപോലും ചെയ്തു.

ആലപ്പുഴ ജില്ലയിൽ കായംകുളം, ഹരിപ്പാട്, അരൂക്കുറ്റി എന്നിവിടങ്ങളിലായി പാർട്ടി വിടുന്നതായി കത്തു നൽകിയവരുടെ എണ്ണം 105 ആയി. ഇവരിൽ പഞ്ചായത്ത് പ്രസിഡന്റും ലോക്കൽ കമ്മിറ്റി അംഗങ്ങളുമുണ്ട്.

പ്രാദേശിക പ്രശ്നങ്ങൾ മുതൽ സർക്കാരിനും പാർട്ടി നേതൃത്വത്തിനുമെതിരായ വിമർശനംവരെ അണികൾ ഉയർത്തുന്നു. ആഭ്യന്തര വകുപ്പിനെതിരെയാണു കൂടുതൽ പരാതികളും രാജി വെച്ച ചിലർ മറ്റു പാർട്ടികളുമായി ചർച്ച തുടങ്ങിയെന്നും വിവരമുണ്ട്.

കണ്ണൂർ മൊറാഴയിൽ അഞ്ചാംപീടിക ബ്രാഞ്ച് സമ്മേളനമാണ് അംഗങ്ങൾ കൂട്ടത്തോടെ ബഹിഷ്കരിച്ചതിനാൽ മുടങ്ങിയത്.

പുതിയ തീയതി തീരുമാനിക്കാനായിട്ടില്ല. അങ്കണവാടി ജീവനക്കാരെ സ്ഥലം മാറ്റിയതിലുള്ള പ്രതിഷേധമാണ് ബഹിഷ്കരണത്തിലെത്തിയത്.

പയ്യന്നൂർ കരയിലെ മൂന്ന് ബ്രാഞ്ച് കമ്മിറ്റികൾ ഇടഞ്ഞുനിൽക്കുന്നതിനാൽ സമ്മേളന തീയതി തീരുമാനിച്ചിട്ടില്ല. പുതുവത്സര ആഘോഷവുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിൽ പാർട്ടി, പ്രശ്നമുണ്ടാക്കിയവരുടെ കൂടെ നിന്നതിൽ പ്രതിഷേധിച്ചാണ് നിസ്സഹകരണം. ജില്ലാ നേതൃത്വം പ്രശ്നപരിഹാര ചർച്ച നടത്തിവരികയാണ്.

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ മദ്യവിൽപന കേന്ദ്രം ഉദ്ഘാടന ദിവസം തന്നെ പൂട്ടിച്ചതു ബാർ മുതലാളിക്കു വേണ്ടിയാണെന്നു ചീമേനി ലോക്കൽ കമ്മിറ്റിക്കു കീഴിലെ ബ്രാഞ്ചുകളിൽ ആരോപണം ഉയർന്നു.

വിൽപനശാല പൂട്ടരുതെന്നായിരുന്നു തൊഴിലാളികളുടെ നിലപാടെങ്കിലും വിലപ്പോയില്ല. സംസ്ഥാന നേതൃത്വം തെറ്റു തിരുത്തലിനും ശൈലീമാറ്റത്തിനും തയാറാകണമെന്ന് വയനാട് പുൽപള്ളി ഏരിയയിലെ ബ്രാഞ്ച് സമ്മേളനങ്ങളിൽ പ്രതിനിധികൾ ഓർമിപ്പിച്ചു.

## പൂരം കലക്കിയതിൽ സിപിഎമ്മിന്റെയും ബിജെപിയുടെയും പങ്ക് വ്യക്തം: കെ. സുധാകരൻ

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ വിശ്വസ്തനായ എഡിജിപി എം.ആർ. അജിത്കുമാർ ആർഎസ്എസ് ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബാളയുമായി നടത്തിയ രഹസ്യചർച്ച പുറത്തുവന്നതിലൂടെ തൃശൂർപൂരം കലക്കാനുള്ള തിരക്കഥ സിപിഎമ്മും ബിജെപിയും ചേർന്ന് മുൻകൂട്ടി തയാറാക്കിയതാണെന്ന് വ്യക്തമായെന്ന് കെപിസിസി പ്രസിഡന്റ് കെ. സുധാകരൻ എംപി.



ആർഎസ്എസ് നേതാവുമായുള്ള എഡിജിപിയുടെ സന്ദർശനത്തിനു ശേഷമാണ് തൃശൂർ പൂരം കലക്കാൻ പോലീസ് ചുട്ടുപിടിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ അതു ബിജെപിക്കു നേട്ടമായി. ക്രമസമാധാന ചുമതല വഹിക്കുന്ന എഡിജിപി എന്തിനാണ് ആർഎസ്എസ് ജനറൽ സെക്രട്ടറിയുമായി കൂടിക്കാഴ്ച നടത്തിയതെന്ന് വിശദീകരിക്കാനുള്ള ബാധ്യത കമ്യൂണിസ്റ്റ് മുഖ്യമന്ത്രിക്കുണ്ട്. മുഖ്യമന്ത്രിയുടെ നിർദേശമില്ലാതെ ഇത്തരത്തിൽ ഒരു കൂടിക്കാഴ്ച നടക്കില്ല. ഹൈന്ദവ വികാരം ഇളക്കിവിട്ട് തൃശൂരിൽ ബിജെപി സ്ഥാനാർത്ഥിയെ വിജയിപ്പിക്കാൻ ഗൂഢാലോചന നടത്തിയ പിണറായി വിജയൻ കമ്യൂണിസ്റ്റ് ചരിത്രത്തിലെ കറുത്ത അധ്യായമാണെന്നും കെ. സുധാകരൻ പറഞ്ഞു.

Law Office of Sovmya George

IMMMIGRATION LAW FIRM



SERVICES:

Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.

*"We Handle Cases All Across the USA!"*

-Sovmya George, Esq.

Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com

Read our stellar reviews

# 25th Death Anniversary

**9-23-2024**



## THOMAS KURIAN

**VARIKKATTU**

**MIAMI**

Inserted by: Sorrowing Family



B&M
AUTO COLLISION CTR



*Anish Eapen and Bob Trytko want to wish you a Happy New Year*

Fast and
EFFICIENT

Quality
REPAIR



WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863

4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# യൂത്ത് കോൺഗ്രസ് മാർച്ചിൽ സംഘർഷം; അബിൻ വർക്കിക്ക് ഗുരുതര പരുക്ക്

തിരുവനന്തപുരം: ഇടത് എംഎൽഎ പി.വി. അൻവറിന്റെ, പോലീസിനെതിരെയുള്ള ആരോപണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെ



ക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് നടത്തിയ സമരത്തിൽ തലസ്ഥാനം മണിക്കൂറുകളോളം യുദ്ധക്കളമായി മാറി. സെക്രട്ടേറിയറ്റ് മാർച്ചിനു നേരെ പോലീസ് ലാത്തിച്ചാർജും ജലപീരങ്കി പ്രയോഗവും നടത്തി.

യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡണ്ട് അബിൻ വർക്കിയെ പോലീസ് വളഞ്ഞിട്ടു തല്ലി. ലാത്തിച്ചാർജിൽ അബിൻ വർക്കിയുടെ തലപൊട്ടി. സുമേഷ് എന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകന്റെ കൈ ഒടിഞ്ഞു. സുരേഷ് എന്ന പ്രവർത്തകന്റെ തലയ്ക്കു പരുക്കേറ്റു. നിരവധി പ്രവർത്തകർക്കും പരുക്കേറ്റു. യൂത്ത് കോൺഗ്രസും പോലീസും ഏറ്റുമുട്ടിയതോടെ എംജി റോഡിൽ മണിക്കൂറുകളോളം ഗതാഗതം സ്തംഭിച്ചു.

സെപ്റ്റംബർ അഞ്ചിന് ഉച്ചയ്ക്ക് ഒന്നേമുക്കാലോടെയാണ് യൂത്ത് കോൺഗ്രസിന്റെ പ്രതിഷേധമാർച്ച് സെക്രട്ടേറിയറ്റ് പടിക്കൽ എത്തിയത്. മാർച്ച് ഉദ്ഘാടനം ചെയ്ത യുഡിഎഫ് കൺവീനർ എം.എം. ഹസൻ പ്രസംഗിക്കുന്നതിനിടെ തന്നെ പ്രവർത്തകർ പോലീസിനെതിരെ മുദ്രാവാക്യം വിളി ആരംഭിച്ചിരുന്നു. തുടർന്ന് പ്രവർത്തകർ ബാരിക്കേഡ് വലിച്ചുമാറ്റാൻ ശ്രമിച്ചു. ഇതോടെ പോലീസ് ജലപീരങ്കി പ്രയോഗം നടത്തി. തുടർച്ചയായി ജലപീരങ്കി പ്രയോഗിച്ചിട്ടും പ്രവർത്തകർ പിരിഞ്ഞുപോകാൻ തയാറായില്ല. ഇതിനിടയിൽ വനിതാ പ്രവർത്തകർ സെക്രട്ടേറിയറ്റ് വളപ്പിലേക്ക് ചാടിക്കടക്കാനുള്ള ശ്രമം നടത്തി. ജലപീരങ്കി വാഹനത്തിനുനേരെ കൊടികെട്ടിയ കമ്പും ചെരുപ്പും വലിച്ചെറിഞ്ഞു. വാഹനത്തിന് മുൻവശത്തേക്ക് കയറിയും വാഹനത്തിന് മുന്നിൽ കിടന്നും പ്രവർത്തകരുടെ പ്രതിഷേധം തുടർന്നു. വനിതാ പ്രവർത്തകരുടെ വസ്ത്രത്തിൽ പുരുഷ പോലീസുകാർ പിടിച്ചുവലിച്ചുവെന്നാരോപിച്ച് പ്രവർത്തകർ പ്രതിഷേധിച്ചു. പോലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുമുണ്ടായി. പ്രവർത്തകർ പിരിഞ്ഞുപോവാൻ തയാറാവാത്തതിനെത്തുടർന്നാണ് പോലീസ് ഏഴു തവണ ജലപീരങ്കി പ്രയോഗിച്ചു. തുടർന്നും പ്രവർത്തകർ സമരം അസാനിപ്പിക്കാതെ വന്നതോടെ പോലീസുകാർക്കിടയിൽ ഒറ്റപ്പെട്ടുപോയ അബിൻ വർക്കിയെ പോലീസുകാർ കൂട്ടമായെത്തി തല്ലിവീഴ്ത്തി. ഇതിനിടയിൽ യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷൻ രാഹുൽ മാങ്കൂട്ടം ഉൾപ്പെടെ കുറേ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി. കോൺഗ്രസ് തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് നേമം ഷജീറിന്റെ കണ്ണിനു പരുക്കേറ്റു.

# ഡൽഹി ലഫ്. ഗവർണറുടെ അധികാരം വിപുലപ്പെടുത്തി കേന്ദ്രസർക്കാർ

ന്യൂഡൽഹി: ഡൽഹി ലഫ്. ഗവർണർ വി.കെ. സക്സേനയ്ക്ക് കൂടുതൽ അധികാരം നൽകി കേന്ദ്രസർക്കാർ. കേരളത്തിൽ വിവിധ കമ്മീഷനുകൾ, ബോർഡ്, അഥോറിറ്റി, നിയമപരമായ സംവിധാനം തുടങ്ങിയവ രൂപീകരിക്കാനുള്ള അധികാരം ലഫ്. ഗവർണർക്കു നൽകി. ഇതുമായി ബന്ധപ്പെട്ട വിജ്ഞാപനം ഈയിടെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കി. സംസ്ഥാന സർക്കാരും ലഫ്. ഗവർണറും തമ്മിൽ അധികാരത്തർക്കം രൂക്ഷമായിരിക്കെയാണ് കേന്ദ്രസർക്കാരിന്റെ നടപടി.

പുതിയ വിജ്ഞാപനപ്രകാരം വനിതാ കമ്മീഷൻ, വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തുടങ്ങിയവയിൽ ലഫ്. ഗവർണർക്ക് നിയമനം നടത്താനാകും. ഡൽഹി സർക്കാരിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട ബിൽ പ്രതിപക്ഷ പ്രതിഷേധത്തിനിടെ കഴിഞ്ഞ വർഷം പാർലമെന്റ് പാസാക്കിയിരുന്നു. സംസ്ഥാന സർക്കാരിന് അനുകൂലമായ സുപ്രീംകോടതി വിധി മറികടക്കാൻ കൊണ്ടുവന്ന ഓർഡിനൻസിനു പകരമാണ് അന്ന് ഗവൺമെന്റ് ഓഫ് നാഷണൽ കാപിറ്റൽ ടെറിറ്ററി ഭേദഗതി നിയമം കേന്ദ്രസർക്കാർ കൊണ്ടുവന്നത്.

ക്രമസമാധാനം, പോലീസ്, ഭൂമി എന്നിവയൊഴികെ ഡൽഹി സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ നിയമനാധികാരം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ അധികാരപരിധിയിലാണെന്ന സുപ്രീംകോടതി ഭരണഘടനാ ബെഞ്ചിന്റെ വിധിക്കു പിന്നാലെയായിരുന്നു കേന്ദ്രസർക്കാരിന്റെ അന്നത്തെ നടപടി. അതേസമയം, വളഞ്ഞ വഴിയിലൂടെ ഡൽഹിയിലെ ഭരണം പിടിക്കാനുള്ള ബിജെപിയുടെ ശ്രമമാണിതെന്നും ഇതിനായി രാഷ്ട്രപതിയെ അവർ കൂട്ടുപിടിക്കുകയാണെന്നും ഡൽഹി മന്ത്രി സൗരഭ് ഭരദ്വാജ് പറഞ്ഞു. ജമ്മു-കാശ്മീരിലെ ലഫ്. ഗവർണർക്ക് കൂടുതൽ അധികാരം നൽകുന്ന വിജ്ഞാപനം കേന്ദ്രസർക്കാർ അടുത്തിടെ പുറത്തിറക്കിയിരുന്നു.

# വീണ്ടും അപ്പീലുമായി എക്സാലോജിക്

തിരുവനന്തപുരം: കരിമണൽ കമ്പനിയുമായുള്ള സാമ്പത്തിക ഇടപാടിൽ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിന്റെ (എസ്എഫ്ഐഒ) അന്വേഷണം പൂർത്തിയാകാനിരിക്കെ വീണ്ടും കോടതിയെ സമീപിക്കാൻ എക്സാലോജിക് ഒരുങ്ങുന്നു. എസ്എഫ്ഐഒ അന്വേഷണത്തിനെതിരെയുള്ള വീണയുടെ ഹർജി ഫെബ്രുവരിയിൽ കർണാടക ഹൈക്കോടതി തള്ളിയിരുന്നു. ഇതിനെതിരെയാണ് അപ്പീൽ. അന്വേഷണത്തിന് കേന്ദ്ര കോർപ്പറേറ്റ് മന്ത്രാലയം എസ്എഫ്ഐഒക്ക് അനുവദിച്ചിരുന്ന എട്ടുമാസം സമയപരിധി ഈ 30-ന് അവസാനിക്കും. എന്നാൽ, കരിമണൽ കമ്പനിയായ സിഎംആർഎൽ ഡൽഹി ഹൈക്കോടതിയിൽ നല്കിയ ഹർജിയിൽ നവംബർ 12-നാണ് വിധി. അതുവരെ അന്വേഷണ റിപ്പോർട്ട് നല്കരുതെന്ന് ഡൽഹി ഹൈക്കോടതി എസ്എഫ്ഐഒയോട് നിർദ്ദേശിച്ചിരുന്നു. സിഎംആർഎൽ കോടതിയെ സമീപിച്ചതുവഴി ഒന്നര മാസത്തെ സാവകാശം കിട്ടിയതിനു പുറമെയാണ് വീണയുടെ അപ്പീലും കോടതിയിലെത്തിയത്. സിഎംആർഎലിലും കെഎസ്ഐഡിസിയിലും തെളിവെടുപ്പ് പൂർത്തിയാക്കിയ എസ്എഫ്ഐഒയുടെ അടുത്ത നടപടി എക്സാലോജിക് സൊലൂഷൻസിന്റെ ഏക ഡയറക്ടറായ വീണയിൽ നിന്നു മൊഴിയും തെളവും ശേഖരിക്കലാണ്. നേരത്തെ എസ്എഫ്ഐഒ നല്കിയ സമൻസിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ സേവനം, സാമ്പത്തിക ഇടപാട് എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിരുന്നു. അടുത്തത് മൊഴിയെടുക്കലാണ്. അന്വേഷണം തുടങ്ങി ഏഴു മാസമായിട്ടും എസ്എഫ്ഐഒയോ ഇഡിയോ വീണയുടെ മൊഴി എടുത്തിട്ടില്ല. ലോക്സഭാ തെരഞ്ഞെടുപ്പും കോടതി വ്യവഹാരവുമാണ് കാരണമെന്നാണ് അനൗദ്യോഗികമായി ലഭിക്കുന്ന വിവരം.

# ആരിഫ് മുഹമ്മദ് ഖാൻ ഗവർണർ സ്ഥാനത്തു തുടരും

തിരുവനന്തപുരം: കേരളത്തിലെ പുതിയ ഗവർണറുമായി ബന്ധപ്പെട്ട വിജ്ഞാപനം വരുന്നതുവരെ ആരിഫ് മുഹമ്മദ്ഖാൻ ഗവർണർ സ്ഥാനത്തു തുടരും. ആരിഫ് മുഹമ്മദ്ഖാന്റെ അഞ്ചുവർഷ കാലാവധി സെപ്റ്റംബർ അഞ്ചിനു പൂർത്തിയായ സാഹചര്യത്തിലാണു തീരുമാനം.

ബിജെപിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ സാധാരണയായി ഗവർണർമാർക്ക് ഒരു ടേമിൽ കൂടുതൽ നൽകാറില്ല. എന്നാൽ പിണറായി സർക്കാരുമായി നിരന്തരം ഏറ്റുമുട്ടുന്ന ആരിഫ് മുഹമ്മദ്ഖാന് പുനർനിയമനം നൽകുമെന്ന സൂചന സജീവമാണ്. സർക്കാർ നിയമസഭയിൽ പാസാക്കിയ ചില ബില്ലുകളിൽ ഗവർണർ ഒപ്പുവെക്കാത്തതുമായി ബന്ധപ്പെട്ട കേസുകൾ സുപ്രീം കോടതിയിൽ ഉള്ള സാഹചര്യത്തിൽ ഇവ മുന്നോട്ടു കൊണ്ടുപോകാൻ ആരിഫ് മുഹമ്മദ്ഖാൻ തുടരേണ്ടത് ആവശ്യമാണെന്ന അഭിപ്രായമാണുള്ളത്. കേരളത്തിൽ ഒരു ഗവർണർക്കും ഇതുവരെ രണ്ടു ടേം ലഭിച്ചിട്ടില്ല. ഈ മാസം അവസാനം വരെയുള്ള പരിപാടികളിലും രാജ്ഭവനിലെ സന്ദർശകർക്കും അദ്ദേഹം അനുമതി നൽകിയിട്ടുണ്ട്. അഞ്ചുവർഷ കാലയളവിലേക്കോ അല്ലെങ്കിൽ രാഷ്ട്രപതിയുടെ പ്രീതിയുള്ളിടത്തോളമോ ഗവർണർക്ക് സ്ഥാനത്തു തുടരാനാകുമെന്നാണ് ഭരണഘടന പറയുന്നത്.






# മുപ്പതിലധികം അതിഥികളുമായി തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് എഴുപത്തിയഞ്ചാം വാർഷികവും (AMICOSNA) ഗ്ലോബൽ കൺവൻഷനും 2024 ഒക്ടോബർ 11 മുതൽ 13 വരെ

**സാബു തോമസ്**




മുപ്പതിലധികം അതിഥികളെ പങ്കെടുപ്പിച്ചുകൊണ്ട് തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിന്റെ എഴുപത്തിയഞ്ചാം വാർഷികം നോർത്ത് അമേരിക്കയിലെ പൂർവ്വ വിദ്യാർത്ഥികൾ ആഘോഷിക്കുമ്പോൾ അത് ചരിത്ര സംഭവമായി മാറും. അസ്സോസിയേഷൻ ഓഫ് മാർ ഇവാനിയോസ് കോളജ് ഓൾഡ് സ്റ്റുഡൻറ്സ് ഇൻ നോർത്ത് അമേരിക്ക (AMICOSNA) യുടെ നേതൃത്വത്തിലാണ് തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിന്റെ എഴുപത്തിയഞ്ചാം വാർഷികവും ഗ്ലോബൽ കൺവൻഷനും 2024 ഒക്ടോബർ 11 മുതൽ 13 വരെ ടെക്സാസിലെ ഹിൽട്ടൺ ഗാർഡൻ ഇൻ ഡാളസ്, ഡങ്കൻ വില്ലെയിൽ നടക്കുന്നത്. അമേരിക്കയിലെ മറ്റ് കൺവൻഷനുകളിൽ നിന്ന് വ്യത്യസ്തമായി ഈ കൺവൻഷനിൽ മാർ ഇവാനിയോസിൽനിന്ന് പഠിച്ചിറങ്ങിയ പ്രതിഭകളുടെ സാന്നിദ്ധ്യമുൾപ്പെടെ മുപ്പതിലധികം അതിഥികൾ ഈ കൂടിച്ചേരലിൽ പങ്കാളികളാകുന്നു എന്നതാണ് അഭിമാനകരമായ നിമിഷമെന്ന് AMICOSNA പ്രസിഡന്റ് സാബു തോമസ് പറഞ്ഞു.

മൂന്ന് ദിവസങ്ങളിലായി നടക്കുന്ന ഉദ്ഘാടന സമ്മേളനം മുതൽ സമാപന സമ്മേളനം വരെ മേയർ Duncanville, ഡോ. ശശി തരൂർ എം.പി, ഡോ. കെ. ജയകുമാർ ഐ.എ.എസ്, ജിജി തോംസൺ ഐ.എ.എസ്, ഋഷിരാജ് സിംഗ് ഐ.പി.എസ്, മോൻസ് ജോസഫ് എംഎൽഎ, ചാണ്ടി ഉമ്മൻ എം.എൽ.എ, അഭിവന്ദ്യ റവ. ജോസഫ് മാർ തോമസ് മെത്രാപ്പോലിത്ത, മുൻ അമേരിക്കൻ അംബാസിഡർ ടി.പി. ശ്രീനിവാസൻ, മുൻ വേൾഡ് ബാങ്ക് പ്രതിനിധി വിനോദ് തോമസ്, ചലച്ചിത്ര താരങ്ങളായ ജഗദീഷ്, നന്ദു, സീരിയൽ താരം ഡിനി ഡാലിയേൽ, വ്യവസായികളായ ഇ.എം. നജീബ്, ഡോ. എം.ഐ. സഹദുള്ള, ഗായകൻ ഡോ. രാജു ജോസഫ്, വേൾഡ് മലയാളി കൗൺസിൽ രക്ഷാധികാരിയും മുൻ ഫൊക്കാന പ്രസിഡന്റുമായ ഡോ. ബാബു സ്റ്റീഫൻ, WMC ദുബൈ നേതാവ് ജോൺ മത്തായി, ഡോ. ഷേർലി സ്റ്റീവർട്ട്, മുൻ ഫോമാ പ്രസിഡന്റ് അനിയൻ ജോർജ്, നടനും സംവിധായകനുമായ അനീഷ് ജെ. കരിനാട്, മിമിക്രി താരം സാബു തിരുവല്ല, എഴുത്തുകാരിയും കവിയുമായ തെരേസ ടോം എന്നിവർ പങ്കെടുക്കും.

'ഹാളുകൾക്കപ്പുറം വർഷങ്ങൾക്കപ്പുറം' എന്ന ടാഗ് ലൈനോടുകൂടി നടക്കുന്ന ഈ ഒത്തുചേരലിന് മാർ ഇവാനിയോസ് പൂർവ്വ വിദ്യാർത്ഥി സംഘടനയായ AMICOS-ന്റെ ഉപഘടകമായി രൂപീകരിക്കപ്പെട്ട AMICOSNA-യാണ് ചുക്കാൻ പിടിക്കുന്നത്. അമേരിക്കയിലും, കാനഡയിലുമുള്ള പൂർവ്വവിദ്യാർത്ഥികൾ വളരെ ആവേശത്തോടുകൂടി തങ്ങളുടെ പഴയ സഹപാഠികളുടെ ഒത്തുചേരലിനായി കാത്തിരിക്കുകയാണ്. പ്രവാസ ജീവിതത്തിലെ ഏറ്റവും ധന്യതയാർന്ന നിമിഷങ്ങളാക്കി ഈ ഒത്തു ചേരലിനെ മാറ്റാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് പ്രസിഡന്റ് സാബു തോമസ് പറഞ്ഞു.


മാർ ഇവാനിയോസ് കോളജ് പതിറ്റാണ്ടുകളുടെ വിദ്യാഭ്യാസ പൈതൃകമുള്ള സരസ്വതീ ക്ഷേത്രമാണ്. അവിടെനിന്നും പഠിച്ചിറങ്ങിയ പ്രതിഭാധനരായ വിദ്യാർത്ഥികൾ ലോകത്തിന്റെ തന്നെ സമ്പത്തായി മാറിക്കഴിഞ്ഞു. കോളജിന്റെ മുദ്രാവാക്യമായ 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്ന വാചകം ഓരോ പൂർവ്വ വിദ്യാർത്ഥിയും നെഞ്ചേറ്റുന്ന ഒരു വാക്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മാർ ഇവാനിയോസ് കോളജ് പൂർവ്വവിദ്യാർത്ഥികളിൽ അവശേഷിപ്പിക്കുന്ന മായാത്ത അടയാളത്തിന്റെയും, ബന്ധങ്ങളുടേയും ഇഴയിണക്കമായി ഈ സമ്മേളനത്തെ മാറ്റാനാണ് ശ്രമിക്കുന്നതെന്ന് കൺവൻഷൻ കൺവീനർ ജിമ്മി കുളങ്ങര പറഞ്ഞു. സാംസ്കാരിക സമ്മേളനം, പ്രതിഭകളുടെ ഒത്തുചേരൽ, അനുഭവങ്ങൾ പങ്കുവെക്കൽ, വിവിധ സെമിനാറുകൾ, ഇൻട്രാക്ടീവ് സെക്ഷനുകൾ, പ്രൊഫഷണൽ അവസരങ്ങൾക്കായുള്ള സെക്ഷൻ തുടങ്ങി വിജ്ഞാന പ്രദമായ പ്രോഗ്രാമുകളും, ഗാനസന്ധ്യയും, കോമഡി പ്രോഗ്രാമുകൾകൊണ്ടും സമ്പന്നമായ മൂന്ന് ദിവസങ്ങളാവും പ്രതിനിധികൾക്ക് സമ്മാനിക്കുകയെന്ന് അദ്ദേഹം പറഞ്ഞു.

മാർ ഇവാനിയോസിന്റെ എഴുപത്തിയഞ്ച് വർഷത്തിന്റെ ഓർമ്മകൾ സൂക്ഷിച്ചു വെക്കുന്ന സുവനീറും സമ്മേളനത്തിൽ പ്രകാശനം ചെയ്യുന്നുണ്ട്. AMICOSNA 75-ാം വാർഷിക ഗ്രാൻഡ് റീയൂണിയനും, കൺവൻഷനും അവിസ്മരണീയമാക്കുവാൻ തങ്ങളോടൊപ്പം ഒത്തുചേരാൻ മാർ ഇവാനിയോസ് കോളജിലെ എല്ലാ പൂർവ്വവിദ്യാർത്ഥികളേയും ക്ഷണിക്കുന്നു. ഈ ഒത്തുചേരൽ ഭൂതകാലത്തിന്റെ ആഘോഷം മാത്രമല്ല, ഭാവിയിലേക്കുള്ള ഒരു വഴിവിളക്കും കൂടിയാണ്.

ചരിത്രത്തിൽ അടയാളപ്പെടുത്തുന്ന ഈ റീയൂണിയന്റെ സുഗമമായ നടത്തിപ്പിന് സാബു തോമസ് (പ്രസിഡന്റ്), ജിമ്മി കുളങ്ങര (കൺവീനർ), സുജൻ കാക്കനാട്ട് (കോ-കൺവീനർ), റീന പറങ്ങോട്ട് (രജിസ്ട്രേഷൻ), സൈനു ജോൺ (സുവനീർ കൺവീനർ) എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് നടക്കുന്നത്.


സാബു തോമസ് (പ്രസിഡന്റ്)


ജിമ്മി കുളങ്ങര (കൺവീനർ)


സുജൻ കാക്കനാട്ട് (കോ-കൺവീനർ)


റീന പറങ്ങോട്ട് (രജിസ്ട്രേഷൻ)


സൈനു ജോൺ (സുവനീർ കൺവീനർ)

**കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനും ബന്ധപ്പെടുക:**

സാബു തോമസ് (പ്രസിഡന്റ്) (630)8905045

ജിമ്മി കുളങ്ങര (കൺവീനർ) (469)3710638

സുജൻ കാക്കനാട്ട് (കോ-കൺവീനർ) (682) 5644182

റീന പറങ്ങോട്ട് (രജിസ്ട്രേഷൻ) 443)8422879

സൈനു ജോൺ (സുവനീർ കൺവീനർ) (403) 8307280

**ഇമെയിൽ:**

**info@amicosna.org www.amicosna.org**

## ഹേമ കമ്മിറ്റി റിപ്പോർട്ട്

# ഹർജികൾ പരിഗണിക്കാൻ പ്രത്യേക ബെഞ്ച്

കൊച്ചി: ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കാൻ പ്രത്യേക ബെഞ്ച് രൂപീകരിച്ച് ഹൈക്കോടതി. ജസ്റ്റിസുമാരായ ജയശങ്കരൻ നമ്പ്യാർ, സി.എസ്. സുധ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചാണ് ഹേമ കമ്മിറ്റിയുമായി ബന്ധപ്പെട്ട ഹർജികൾ ഇനി പരിഗണിക്കുക.

ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടുന്നതിനെതിരെ നിർമാതാവ് സജിമോൻ പാറയിൽ നൽകിയ ഹർജി പരിഗണിക്കവെയാണ് ആക്ടിംഗ് ചീഫ് ജസ്റ്റിസ് പ്രത്യേക ബെഞ്ച് രൂപീകരിക്കാമെന്നു വ്യക്തമാക്കിയത്. വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വനിതാ ജഡ്ജിയെക്കൂടി ഉൾപ്പെടുത്തിയാണു പുതിയ ബെഞ്ച് രൂപീകരിച്ചത്. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടാനുള്ള വിവരാവകാശ കമ്മീഷൻ ഉത്തരവ് നടപ്പാക്കുമെന്ന് അറിയിച്ച ദിവസമാണു നിർമാതാവ് സജിമോൻ ഹൈക്കോടതിയെ സമീപിച്ചത്.

വ്യക്തികളുടെ സ്വകാര്യത ഉറപ്പാക്കി റിപ്പോർട്ട് പുറത്തുവിടുന്നതിൽ തെറ്റില്ലെന്ന് സിംഗിൾ ബെഞ്ച് ഉത്തരവിടുകയായിരുന്നു. ഇതിനെതിരെ സജിമോൻ പാറയിൽ അപ്പീൽ നൽകി. ഈ അപ്പീൽ പരിഗണിക്കവെയാണു പ്രത്യേക ബെഞ്ച് രൂപീകരിക്കാമെന്നു കോടതി വ്യക്തമാക്കിയത്. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണരൂപം മുദ്രവെച്ച കവറിൽ ഈ മാസം പത്തിനു സമർപ്പിക്കണമെന്ന് നിലവിൽ സർക്കാരിന് കോടതിയുടെ നിർദേശമുണ്ട്.

റിപ്പോർട്ടിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കി സത്യവാങ്മൂലം സമർപ്പിക്കണമെന്ന് ആക്ടിംഗ് ചീഫ് ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് എസ്. മനു എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് നിർദേശിച്ചിരിക്കെയാണ് പുതിയ ബെഞ്ച് രൂപീകരിക്കുന്നത്. ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോപണവിധേയർക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ടു പൊതുപ്രവർത്തകനായ പായിച്ചിറ നവാസ് നൽകിയ പൊതുതാത്പര്യ ഹർജിയിലായിരുന്നു കോടതി നിർദേശം.

സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് വെളിപ്പെട്ട സംഭവങ്ങളിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് അഭിഭാഷകരായ എ. ജന്നത്ത്, അമൃത പ്രേംജിത് എന്നിവർ നൽകിയ ഹർജിയും ഹേമ കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിക്കുന്ന കുറ്റകൃത്യങ്ങളിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ഉത്തരവിടണമെന്നാവശ്യപ്പെട്ടു ക്രൈം എഡിറ്റർ ടി.പി. നന്ദകുമാർ സമർപ്പിച്ച ഹർജിയും കോടതിയുടെ പരിഗണനയിലുണ്ട്. ഇനി ഈ ഹർജികളെല്ലാം പുതുതായി രൂപീകരിച്ച പ്രത്യേക ബെഞ്ചാകും പരിഗണിക്കുക.

## നിയമ കമ്മീഷൻ രൂപീകരണത്തിന് അനുമതിയായി

ന്യൂഡൽഹി: 23-ാമത് നിയമ കമ്മീഷന്റെ രൂപീകരണത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു അനുമതി നല്കി. 22-ാമത് നിയമ കമ്മീഷന്റെ കാലാവധി ഓഗസ്റ്റ് 31-ന് അവസാനിച്ച സാഹചര്യത്തിലാണ് പുതിയ പാനലിനെ നിയമിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത്. 2027 ഓഗസ്റ്റ് 31 വരെയാണ് പുതിയ പാനലിന്റെ കാലാവധി. കേന്ദ്ര സർക്കാർ പുറത്തിറക്കിയ വിജ്ഞാപനമനുസരിച്ച് ചെയർപേഴ്സൺ ഉൾപ്പെടെ നാല് മുഴുവൻസമയ അംഗങ്ങൾ ഉൾപ്പെട്ടതാണ് 23-ാമത് നിയമ കമ്മീഷൻ.

നിയമകാര്യ വകുപ്പ് സെക്രട്ടറി, നിയമസഭാ വകുപ്പ് സെക്രട്ടറി എന്നിവർ എക്സ്-ഒഫീഷ്യോമാരായിരിക്കും. കൂടാതെ പാർട്ട് ടൈം അംഗങ്ങളും കമ്മീഷന്റെ ഭാഗമാകും. അഞ്ച് പേരിൽ കൂടുതൽ പാർട്ട് ടൈം അംഗങ്ങളെ ഉൾപ്പെടുത്തരുതെന്ന് കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ചെയർപേഴ്സൺ ഉൾപ്പെടെയുള്ള അംഗങ്ങളെ കേന്ദ്ര സർക്കാർ ഇതുവരെ നിയോഗിച്ചിട്ടില്ല.

രാജ്യത്തെ നിയമസംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നിയമപരിഷ്കാരങ്ങൾ അവലോകനം ചെയ്യുക, പുതിയ ശിപാർശകൾ നല്കുക തുടങ്ങിയവയാണ് കമ്മീഷന്റെ ചുമതല. മുൻ കമ്മീഷനെ നയിച്ച റിട്ട. ജസ്റ്റിസ് ഋതുരാജ് അവസ്തി ലോക്പാലിലേക്ക് നിയമിക്കപ്പെട്ടിരുന്നു. അതേത്തുടർന്ന് കഴിഞ്ഞ ഏതാനും മാസങ്ങളായി കമ്മീഷന് ചെയർപേഴ്സൺ ഇല്ലായിരുന്നു. അതിനാൽ 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്', 'ഏകീകൃത സിവിൽകോഡ്' തുടങ്ങിയ വിഷയങ്ങളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷന് ഇതുവരെ സാധിച്ചിട്ടില്ല.

## വെള്ളെഴുത്തിനു പരിഹാരമായി ഐ ഡ്രോപ്സ്

ന്യൂഡൽഹി: വെള്ളെഴുത്തിനുള്ള ചികിത്സയിൽ വഴിത്തിരിവായി കണ്ണിലൊഴിക്കുന്ന മരുന്ന്. എൻറ്റോഡ് ഫാർമസ്യൂട്ടിക്കൽസ് വികസിപ്പിച്ച പ്രെസ്‌വു ഐ ഡ്രോപ്സിന് ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ അംഗീകാരം നൽകി.

സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ (സിഡിഎസ്‌സിഒ) വിദഗ്ധ സമിതിയിൽനിന്ന് നേരത്തെ ഐ ഡ്രോപ്സിന് അനുമതി ലഭിച്ചിരുന്നു. വെള്ളെഴുത്തുമൂലം വലയുന്നവർക്കായി ഇന്ത്യയിൽ വികസിപ്പിക്കുന്ന ആദ്യ ഐ ഡ്രോപ്സാണിത്. പ്രെസ്‌വു ഉപയോഗിച്ചാൽ വായിക്കാൻ കണ്ണട വേണ്ടിവരില്ലെന്നും കമ്പനി വ്യക്തമാക്കി.

40 വയസിനു മുകളിലുള്ളവരിൽ പൊതുവേ കാണപ്പെടുന്നതാണു വെള്ളെഴുത്ത്, അടുത്ത വസ്തുക്കളിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയാത്ത അവസ്ഥ. ആഗോളതലത്തിൽ 180 കോടിയോളം ആളുകൾക്കു വെള്ളെഴുത്തു ബാധിച്ചിട്ടുണ്ടെന്നാണു കണക്ക്.

കണ്ണടകൾ, കോൺടാക്ട് ലെൻസുകൾ, ശസ്ത്രക്രിയ എന്നിവയാണ് വെള്ളെഴുത്തിനു നിലവിലുള്ള ചികിത്സാ മാർഗങ്ങൾ. എന്നാൽ, പ്രസ്‌വു ഐ ഡ്രോപ്സ് ഉപയോഗിച്ച് കൂടുതൽ കാര്യക്ഷമമായി ചികിത്സാക്കാമെന്നാണ് അവകാശവാദം. ഐ ഡ്രോപ്സ് ഉപയോഗിച്ച് 15 മിനിറ്റിനുള്ളിൽ സമീപക്കാഴ്ച മെച്ചമാകും. വായിക്കാൻ കണ്ണട വേണ്ടിവരില്ലെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

വർഷങ്ങൾ നീണ്ട ഗവേഷണത്തിലൂടെയാണു പ്രെസ്‌വു വികസിപ്പിച്ചതെന്നു എൻറ്റോഡ് ഫാർമസ്യൂട്ടിക്കൽസ് സിഇഒ നിഖിൽ കെ. മസുർക്കർ പറഞ്ഞു. ഡിസിജിഐ ഇതിന് അംഗീകാരം നൽകിയതു നേത്രചികിത്സാ മേഖലയിൽ വലിയ മാറ്റംകൊണ്ടുവരുമെന്നും അദ്ദേഹം പറഞ്ഞു. പേറ്റന്റിനായി കമ്പനി അപേക്ഷ നൽകിയിട്ടുണ്ട്.

## മഹാരാഷ്ട്രക്കാരോട് മോദി മാപ്പ് ചോദിക്കണമെന്ന് രാഹുൽ

മുംബൈ: ഛത്രപതി ശിവജിയുടെ പ്രതിമ എട്ട് മാസത്തിനുള്ളിൽ തകർന്നതിന് എല്ലാ മഹാരാഷ്ട്രക്കാരോടും പ്രധാനമന്ത്രി നരേന്ദ്ര മോദി മാപ്പ് പറയണമെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ആവശ്യപ്പെട്ടു.

നോട്ട് നിരോധനം, കർഷകവിരുദ്ധ ബില്ലുകൾ, ജിഎസ്ടി എന്നിവയിലും മാപ്പ് ചോദിക്കണമെന്ന് അദ്ദേഹം പറഞ്ഞു. കോൺഗ്രസ് നേതാവ് പതംഗറാവു കദമിന്റെ പ്രതിമ അനാവരണം ചെയ്യുകയായിരുന്നു അദ്ദേഹം.

എന്തു വിലകൊടുത്തും കോൺഗ്രസും ഇന്ത്യ മുന്നണിയും ജാതി സെൻസസ് നടത്തും. കർഷകരുടെ കടം കേന്ദ്രസർക്കാർ എഴുതി തള്ളാത്തത് എന്തുകൊണ്ടാണെന്നും അദ്ദേഹം ചോദിച്ചു.



ബിജെപിക്ക് മഹാരാഷ്ട്ര നഷ്ടമായാൽ മോദി സർക്കാർ അപകടത്തിലാകുമെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. എൻസിപി അധ്യക്ഷൻ ശരദ് പവാർ, മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല എന്നിവർ കൂടി പങ്കെടുത്ത ചടങ്ങ് കോൺഗ്രസിന്റെ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ കൂടി തുടക്കമായി. എന്നാൽ, ശിവസേന നേതാവ് ഉദ്ധവ് താക്കറെ പങ്കെടുത്തില്ല.






# മണിപ്പൂർ ഡ്രോൺ ബോംബാക്രമണം അന്വേഷിക്കാൻ ഉന്നത കേന്ദ്രസമിതി

ന്യൂഡൽഹി: മണിപ്പൂരിൽ ഡ്രോണുകളിൽ സ്ഫോടകവസ്തുക്കൾ ഇറക്കി നടത്തിയ ബോംബാക്രമണത്തിന്റെ പ്രവർത്തനരീതി പരിശോധിക്കാൻ സൈനിക ഉദ്യോഗസ്ഥർ അടക്കം ഉന്നതതല സമിതി കേന്ദ്രസർക്കാർ രൂപീകരിച്ചു. സൈന്യത്തിനു പുറമെ മണിപ്പൂർ പോലീസ്, അർധ സൈനിക വിഭാഗങ്ങൾ എന്നിവയിൽനിന്നുള്ള ഉന്നത ഉദ്യോഗസ്ഥരാണു സമിതിയംഗങ്ങൾ. എന്നാൽ, മെയ്തെയ്, കുക്കി വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷം വീണ്ടും മൂർച്ഛിച്ച പശ്ചാത്തലത്തിൽ സമാധാനം പുനഃസ്ഥാപിക്കാൻ കഴിയുന്ന നടപടികൾ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഇനിയും പ്രഖ്യാപിച്ചിട്ടില്ല.

കരസേനയുടെ 57 മൗണ്ടൻ ഡിവിഷനുകളിലെ ലെഫ്റ്റനന്റ് ജനറൽ, മണിപ്പൂർ അഡീഷണൽ ഡിജിപി, ആസാം റൈഫിൾസിന്റെ (സൗത്ത്) മേജർ ജനറൽ, സെൻട്രൽ റിസർവ് പോലീസ് ഫോഴ്സ് (സിആർപിഎഫ്), അതിർത്തിരക്ഷാസേന (ബിഎസ്എഫ്) എന്നിവിടങ്ങളിൽ നിന്നുള്ള ഇൻസ്പെക്ടർ ജനറലുകൾ എന്നിവരാകും വിദഗ്ധ സമിതിയിലുണ്ടാകുക. സ്ഫോടകവസ്തുക്കൾ സ്ഥാപിക്കാനും അവ കൃത്യമായി വിക്ഷേപിക്കാനും അക്രമികൾ ഡ്രോണുകളെ എങ്ങിനെ പരിഷ്കരിക്കുന്നുവെന്ന് സമിതി വിശകലനം ചെയ്യും.

സെപ്റ്റംബർ മൂന്നിന് രാവിലെ മണിപ്പൂരിലെ സിംഗ്ല അണക്കെട്ടിനു സമീപം മണിപ്പൂർ റൈഫിൾസ് പോസ്റ്റിന്റെ ടെറസിൽ സ്ഫോടകവസ്തുക്കൾ ഘടിപ്പിച്ച ഡ്രോൺ പതിച്ചതാണ് ഏറ്റവും പുതിയ കേസ്. സംഭവത്തിൽ ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. മൂന്നു ദിവസത്തിനിടെ നാല് ഡ്രോൺ ആക്രമണങ്ങളെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു മണിപ്പൂർ പോലീസ് അവകാശപ്പെട്ടു. റോക്കറ്റ് ആക്രമണത്തിൽ ബിഷ്ണുപുർ ജില്ലയിലെ മൊയ്രാങ്ങിൽ ഒരാൾ കൊല്ലപ്പെട്ടതോടെ മണിപ്പൂരിൽ വീണ്ടും യുദ്ധസമാനമായ സാഹചര്യം. ഡ്രോൺ ആക്രമണത്തിൽ ഈയിടെ ഇംഫാൽ വെസ്റ്റിൽ രണ്ട് പേർ കൊല്ലപ്പെട്ടിരുന്നു. ഇതോടെ, സംസ്ഥാനത്തെ സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു.



മണിപ്പൂരിലെ പ്രഥമ മുഖ്യമന്ത്രി മെയ്രാംബാം കൊയിരങ് സിങ്ങിന്റെ വീടിനു മുകളിലാണ് റോക്കറ്റ് ഷെല്ലുകളിലൊന്ന് പതിച്ചത്.

മണിപ്പൂരിന്റെ തലസ്ഥാനമായ ഇംഫാലിൽ രണ്ടിന് നടന്ന ഉന്നതതല യോഗത്തിനു ശേഷമാണ് ഡ്രോൺ ആക്രമണത്തെക്കുറിച്ച് കേന്ദ്രം സമിതി രൂപീകരിച്ചത്. സ്ഫോടകവസ്തുക്കൾ ഘടിപ്പിച്ച ഡ്രോണുകളുടെ പ്രവർത്തനരീതി മനസിലാക്കാൻ സാങ്കേതിക വിദഗ്ധരെ സമിതി നിയമിക്കും.

പഞ്ചാബിലെ ഇന്ത്യ-പാക്കിസ്ഥാൻ അതിർത്തിയിൽ ഡ്രോണുകൾ ഉപയോഗിച്ചു മയക്കുമരുന്നും തോക്കുകളും വലിച്ചെറിയുന്നതു കൈകാര്യം ചെയ്യുന്ന ബിഎസ്എഫിലെ വിദഗ്ധരെ സമിതിയിൽ ഉൾപ്പെടുത്തും. മണിപ്പൂരിലെ ഡ്രോൺ ആക്രമണങ്ങളുടെ തെളിവുകൾ സമിതി ശേഖരിക്കുകയും ഭീഷണി പരിശോധിക്കുകയും ചെയ്യും. ഈ പുതിയ ഭീഷണി കൈകാര്യം ചെയ്യുന്നതിനുള്ള തിരുത്തൽ നടപടികൾ കമ്മിറ്റി തീരുമാനിക്കും. മണിപ്പൂരിലെ കുക്കി, മെയ്തെയ് ഗ്രൂപ്പുകളിൽനിന്നുള്ള തീവ്രവാദികൾ നിരീക്ഷണത്തിനായി ഡ്രോണുകൾ ഉപയോഗിച്ചിരുന്നതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. കാങ്പോക്പിയിലെ ഒരു ക്യാമ്പിൽനിന്ന് ഒരു ഡ്രോൺ സുരക്ഷാസേന കണ്ടെടുത്തിട്ടുണ്ട്. ഡ്രോണുകൾ ആയുധമാക്കുന്ന പുതിയ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ആസാം റൈഫിൾസ് മേധാവി ലെഫ്റ്റനന്റ് ജനറൽ വികാസ് ലഖേര മണിപ്പൂർ സന്ദർശിച്ചു. മ്യാൻമറിൽനിന്നു പരിശീലനം നേടിയവരാകാം പുതിയ ഡ്രോൺ ആക്രമണത്തിനു പിന്നിലെന്നാണു സംശയം.

## സുജിത് ദാസിന് സസ്പെൻഷൻ

തിരുവനന്തപുരം: പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായിരുന്ന സുജിത് ദാസിനെ സർവീസിൽനിന്നു സസ്പെൻഡ് ചെയ്തു. തിരുവനന്തപുരം റേഞ്ച് ഡിഐജി നൽകിയ അന്വേഷണ റിപ്പോർട്ട് ഡിജിപി ആഭ്യന്തരവകുപ്പിനു കൈമാറിയിരുന്നു.



പിന്നാലെ സസ്പെൻഡ് ചെയ്തുകൊണ്ടു മുഖ്യമന്ത്രി ഉത്തരവിട്ടു. സുജിത് ദാസ് ഗുരുതരമായ ചട്ടലംഘനം നടത്തിയെന്നാണു റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നത്.

പി.വി. അൻവർ എംഎൽഎയുമായുള്ള ഫോൺ സംഭാഷണം പുറത്തുവന്നതു വിവാദമായിരുന്നു. എഡിജിപിക്കെതിരായ ആരോപണങ്ങളും മറ്റ് എസ്പിമാരെക്കുറിച്ചു നടത്തിയ വിവാദപ്രസ്താവനകളും ഗുരുതരമായ ചട്ടലംഘനമാണെന്നും കണ്ടെത്തി. ക്യാംപ് ഓഫീസിലെ മരംമുറി കേസിൽ നൽകിയ പരാതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് എംഎൽഎയോടു കാലുപിടിക്കുന്ന സംഭാഷണമാണു പുറത്തുവന്നത്. ഇതു പോലീസ് സേനയുടെ അന്തസ്സ് ഹനിക്കുന്നതാണെന്നും ചൂണ്ടിക്കാണിച്ചിരുന്നു. പി.വി. അൻവർ ഇതു തെളിവായി ഉയർത്തിയാണ് എഡിജിപി എം. ആർ. അജിത്കുമാറിനെതിരെയും മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിക്കെതിരെയും രംഗത്തുവന്നത്.

## പ്ലാസ്റ്റിക് മാലിന്യത്തിൽനിന്ന് മീഥെയ്ൻ കണ്ടെത്തിയ വിദ്യാർഥിക്ക് പേറ്റന്റ്

കോട്ടയം: പത്താമുട്ടം സെന്റ് ഗിറ്റ്സ് കോളജിലെ ബിരുദവിദ്യാർഥി ഏബൽ ഏബ്രഹാം ജേക്കബിന് ഇന്ത്യൻ പേറ്റന്റ്. പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്ന് മീഥെയ്ൻ കണ്ടെത്തിയതിനാണ് ഏബലിനെ പേറ്റന്റിന് അർഹനാക്കിയത്.

ട്രെയിൻ യാത്രയ്ക്കിടയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടുന്നത് ശ്രദ്ധയിൽപ്പെട്ട ഏബൽ ഇതിനു പരിഹാരം കണ്ടെത്തണമെന്നുള്ള ചിന്തയിൽ കോളജിൽ 'യുവ' എന്ന പേരിൽ പ്രവർത്തിക്കുന്ന സ്റ്റുഡന്റ് അസോസിയേഷന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യ പരിവർത്തനത്തെക്കുറിച്ച് പഠനം നടത്തുകയായിരുന്നു. അവസാനവർഷ ബി.കോം വിദ്യാർഥിയായ ഏബൽ പഠനമേഖലയിൽ നിന്നു വ്യത്യസ്തമായ വിഷയത്തിൽ ഗവേഷണം നടത്തിയാണ് ഫലം കണ്ടെത്തിയത്. കഴിഞ്ഞ ഓഗസ്റ്റ് 29-നാണ് ഏബലിന്റെ കണ്ടെത്തലുകൾക്ക് ഇന്ത്യൻ പേറ്റന്റ് ലഭിച്ചത്.

സംയോജിത ഓട്ടോജെനിക് പൈറോളിസിസും ഫ്ളൂയിഡൈസ്ഡ് ബെഡ് ഗ്യാസിഫിക്കേഷനും വഴി പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നുള്ള മീഥെയ്ൻ ഉല്പാദനം എന്ന കണ്ടുപിടിത്തം ഏബലിന് സ്വപ്ന സാക്ഷാത്കാരമാണ്. മകന്റെ നേട്ടത്തിൽ അതീവ സന്തുഷ്ടരാണ് പിതാവ് ഏബ്രഹാം ജേക്കബും (കുവൈറ്റ് ഇന്റർനാഷണൽ എയർപോർട്ട് ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ) അമ്മ സൈനോ ജേക്കബും (സ്റ്റാഫ് നേഴ്സ് ജഹ്റ ഹോസ്പിറ്റൽ).

## ആശുപത്രിയിലെ അക്രമങ്ങൾ കുറ്റകരമാക്കുന്ന ബിൽ ഉപേക്ഷിച്ചു

ന്യൂഡൽഹി: ഡോക്ടർമാർക്കും ആശുപത്രികൾക്കുമെതിരെയുള്ള അക്രമങ്ങൾ ജാമ്യമില്ലാ കുറ്റമാക്കുന്ന ബിൽ ഉപേക്ഷിച്ചെന്ന് ആരോഗ്യമന്ത്രാലയം സ്ഥിരീകരിച്ചു. ഇനി ഇതു പരിഗണിക്കില്ലെന്നും ഡോ. കെ.വി. ബാബുവിന് ലഭിച്ച വിവരാവകാശ മറുപടിയിൽ മന്ത്രാലയം അറിയിച്ചു.

കൊൽക്കത്ത ആർജി കർ ആശുപത്രിയിൽ പിജി ഡോക്ടർ പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തെ തുടർന്ന് പാനൽ രൂപീകരിച്ച് ബിൽ വീണ്ടും അവലോകനം ചെയ്യുമെന്ന് അറിയിച്ചിരുന്നു.

ഇന്ത്യയെമ്പാടും ഡോക്ടർമാരുടെ സംഘടനകൾ ഈ ആവശ്യം ഉന്നയിച്ചിരുന്നു. കൊൽക്കത്ത സംഭവത്തിനു പിന്നാലെ വിഷയത്തിൽ ഇടപെട്ട സുപ്രീം കോടതി ദേശീയ കർമ സമിതിയെ നിയോഗിച്ച് ഡോക്ടർമാരുടെ സുരക്ഷയ്ക്കുള്ള നടപടികൾ തുടരുന്നതിനിടെയാണ് ആരോഗ്യമന്ത്രാലയം നിലപാട് അറിയിച്ചത്.

മറ്റ് തൊഴിൽ മേഖലകളും സമാനമായ പരിരക്ഷ ആവശ്യപ്പെടാൻ സാധ്യതയുണ്ടെന്ന ആഭ്യന്തര മന്ത്രാലയത്തിന്റെ നിരീക്ഷണത്തെ തുടർന്നാണ് നടപടി. ഡോക്ടർമാർക്കു നേരെയുള്ള അക്രമങ്ങൾ 10 വർഷം വരെ തടവും 50 ലക്ഷം രൂപ പിഴയും ലഭിക്കാവുന്ന കുറ്റമാക്കുന്നതായിരുന്നു ബിൽ.

ഡോക്ടർമാരെ ആക്രമിക്കുന്നത് ജാമ്യമില്ലാ കുറ്റമാക്കാനും നിർദേശമുണ്ടായിരുന്നു. അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്താൽ ഏറ്റവും കുറഞ്ഞ ജയിൽ ശിക്ഷ ആറ് മാസവും പിഴ 50,000 രൂപയും അടയ്ക്കേണ്ടിവരുമെന്നായിരുന്നു ബില്ലിലെ വ്യവസ്ഥ.

അസമിലെ എസ്റ്റേറ്റ് ആശുപത്രിയിൽ തൊഴിലാളി പരുക്കേറ്റ് എത്തിയപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്നില്ലെന്ന കാരണത്താൽ എഴുപത്തിമൂന്നുകാരനായ ഡോക്ടറെ കൊലപ്പെടുത്തിയ സംഭവത്തെ തുടർന്നാണ് ബില്ലിന് രൂപം കൊടുത്തത്.

2019 ജൂലൈയിൽ കരടു പുറത്തിറക്കിയെങ്കിലും സഭയിൽ അവതരിപ്പിച്ചില്ല. പിന്നീട് കഴിഞ്ഞ മാസമാണ് ബിൽ വീണ്ടും അവതരിപ്പിക്കുമെന്ന് ആരോഗ്യമന്ത്രാലയം അറിയിച്ചത്.



# കെസിസിഎൻഎ പ്രസിഡണ്ട് ഷാജി എടാട്ട് കെസിഎജി രജതജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥി

തോമസ് കല്ലടാന്തി

അറ്റ്ലാന്റ്: 1999–ൽ സ്ഥാപിതമായ അറ്റ്ലാന്റയിലെ ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് ജോർജിയ (കെസിഎജി) രജതജൂബിലി ആഘോഷങ്ങൾക്ക് മാറ്റുരയ്ക്കുവാൻ കെസിസിഎൻഎയുടെ അമേരിക്കാരൻ ഷാജി എടാട്ട്, തന്റെ സാന്നിദ്ധ്യം ഉറപ്പായും ഉണ്ടാകുമെന്ന് അറിയിച്ചിരിക്കുന്നു.

25 വർഷമായി വളരെ സജീവവും ഊർജസ്വലവുമായി പ്രവർത്തിക്കുകയും സഭയും സമുദായവും ഒരുമിച്ചു പോകുന്നതിൽ മാതൃകയായിരിക്കുന്ന കെസിഎജിയുടെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിൽ അതീവ താല്പര്യമുണ്ടെന്ന് അദ്ദേഹം അറിയിച്ചു.

സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യമായ ഷാജി എടാട്ട് സമുദായാംഗങ്ങളെ ഒന്നിച്ചു കൊണ്ടുപോകാൻ കഴിവുള്ള നേതാവ് മാത്രമല്ല, സംഘാടന മി



കവും ദീർഘവീക്ഷണവും തെളിയിച്ച ഒരു മികച്ച വ്യക്തിത്വത്തിന് ഉടമയുമാണെന്നും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം വളരെ സന്തോഷകരമാണെന്നും സംഘാടകർ അറിയിച്ചു.

നവംബർ 2–ന് കലാശക്കൊട്ട് പരിപാടികൾക്ക് നേതൃത്വം നല്കുവാൻ സിൽവർ ജൂബിലി ആഘോഷ കമ്മിറ്റിയുടെ ചെയർമാൻ ബിജു തുരുത്തുമാലിയും ഓർഗനൈസിംഗ് കമ്മിറ്റി ടീം അംഗങ്ങളായ ടോമി കൂട്ടകൈതയിൽ, ജസ്റ്റിൻ പുത്തൻപുര, ജെഫ്റി വാഴക്കാലയിൽ, ഫ്രാങ്ക്ളിൻ വരകുകാലയിൽ, ഫിയോന പച്ചിക്കര എന്നിവരോടൊപ്പം കെസിഎജി എക്സിക്യൂട്ടീവ് ബോർഡ് മെംബേഴ്സായ ഡൊമിനിക് ചാക്കോനാൽ, ടോമി വാലിച്ചിറ, ബിജു വെള്ളാപ്പള്ളിക്കുഴിയിൽ, ബിജു അയ്യംകുഴക്കൽ, പൗർണമി വെങ്ങാലിൽ എന്നിവരും ഇത് വൻ വിജയമാക്കുവാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.




# ഫോമാ ഹോമ സെൻട്രൽ റീജിയൻ പ്രവർത്തനവർഷ ആലോചനായോഗം

ആന്റോ കവലയ്ക്കൽ

ചിക്കാഗോ: ഫോമാ ഹോമ സെൻട്രൽ റീജിയന്റെ പുതിയ പ്രവർത്തന വർഷത്തേക്കുള്ള ആലോചനായോഗം പുതുതായി തെരഞ്ഞെടുക്കപ്പെട്ട റീജണൽ വൈസ് പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പുതുതായി തെരഞ്ഞെടുക്കപ്പെട്ട റീജണൽ വൈസ് പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ, നാഷണൽ കമ്മിറ്റി മെംബേഴ്സ് ജോർജ് മാത്യു, ജോസി കുരിശിങ്കൽ എന്നിവരുടെ നേതൃത്വത്തിൽ ചിക്കാഗോയിലെ ഹോമ അംഗങ്ങൾ എല്ലാ അംഗസംഘടനകളുടെയും പ്രതിനിധികളുടെയും ഹൃദയകാംക്ഷികളുടെയും സാന്നിദ്ധ്യത്തിൽ മലയാളി അസോസിയേഷൻ ഹാളിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചിക്കാഗോയിൽ നിന്നും ഫോമയെ സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്യുന്ന അനേകം പ്രവർത്തകർ പങ്കെടുക്കുകയും വരുന്ന രണ്ട് വർഷത്തേക്കുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുകയുണ്ടായി.

പ്രസ്തുത യോഗത്തിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത അറ്റ്ലാന്റ റീജൻ നാഷണൽ കമ്മിറ്റിമെംബർ ബബ്ലൂ ചാക്കോ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജോൺസൺ കണ്ണൂക്കാടൻ, റീജണൽ വൈസ് പ്രസിഡണ്ട്, നാഷണൽ കമ്മിറ്റി മെംബേഴ്സ് ആയ ജോർജ് മാത്യു, ജോസി കുരിശിങ്കൽ എന്നിവർ തങ്ങളുടെ മറുപടി പ്രസംഗത്തിൽ ചിക്കാഗോയിലെ എല്ലാ ഹോമ പ്രതിനിധികളുടെയും സാമൂഹിക സാംസ്കാരിക സംഘടനകളുടെയും സഹായസഹകരണങ്ങൾ ഫോമയുടെ വരുന്ന രണ്ടുകൊല്ലത്തെ പ്രവർത്തനത്തിലേക്ക് അഭ്യർത്ഥിക്കുകയും ചെയ്തു.





**FAMILY DENTAL Practice**
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

**ACHIEVE REAL ESTATE GROUP, INC.**
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ചിക്കാഗോ മലയാളി അസോസിയേഷൻ ഓണാഘോഷം വിജയകരമായി അരങ്ങേറി

ബിജു മുണ്ടക്കൽ

ചിക്കാഗോ: നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ ചിക്കാഗോ മലയാളി അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം താരസാന്നിധ്യം കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി.




ബെൽവുഡിലുള്ള സീറോ മലബാർ ചർച്ചിന്റെ ഓഡിറ്റോറിയത്തിൽ ഏഴിനു വൈകിട്ട് നാലുമണിയോടുകൂടി ആരംഭിച്ച ഓണസദ്യയിൽ പങ്കെടുക്കാൻ ചിക്കാഗോയിലെ മലയാളികൾ ഒഴുകിയെത്തി. നൂറുകണക്കിന് ആളുകൾ പങ്കെടുത്ത വിഭവസമൃദ്ധമായ ഓണസദ്യയെത്തുടർന്ന് നടന്ന കാർഷിക വിഭവങ്ങളുടെ ലേലം ചിക്കാഗോയിലെ മലയാളികൾക്ക് വേറിട്ട ഒരനുഭവമായി. വയനാട്ടിലെ ദുരിതബാധിതർക്ക് ധനസമാഹരണം നടത്തുന്നതിന് വേണ്ടി നടത്തപ്പെട്ട ലേലത്തിൽ ചിക്കാഗോ മലയാളികൾ ആവേശപൂർവം പങ്കെടുത്തു. ജോസ് വർഗീസ് ലേലത്തിന് നേതൃത്വം നൽകി.



തുടർന്ന് ചെണ്ടമേളത്തിന്റെ അകമ്പടിയോടെ നടത്തപ്പെട്ട സാംസ്കാരിക ഘോഷയാത്രയിൽ താലപ്പൊലിയേന്തിയ മലയാളി പെൺകുട്ടികൾ വിശിഷ്ടാതിഥികളെ ആനയിച്ചു. മാവേലിത്തമ്പുരാൻ, പ്രശസ്ത സിനിമാതാരം ലെന, ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട് തുടങ്ങിയവർ നേതൃത്വം നൽകിയ ഘോഷയാത്രയിൽ മലയാളി സമൂഹം ആവേശത്തോടെ പങ്കെടുത്തു.



തുടർന്ന് നടന്ന സാംസ്കാരിക സമ്മേളനത്തിൽ സാറ അനിൽ, ജോസ് മണക്കാട്ട് എന്നിവർ അവതാരകരായിരുന്നു. തുടർന്ന് ശാന്തി ജെയ്സന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച സമ്മേളനത്തിൽ ജോയ് വാച്ചാച്ചിറ മുൻ പ്രസിഡണ്ട് ജയ്ചന്ദ്രനെ അനുസ്മരിച്ചു. മലയാളി അസോസിയേഷൻ സെക്രട്ടറി ആൽവിൻ ഷിക്കോർ സ്വാഗതം ആശംസിച്ചു. ചിക്കാഗോയിലെ മുഴുവൻ മലയാളി സംഘടനകളും ചേർന്നുള്ള ഒരു ഓണാഘോഷം, വരും കാലങ്ങളിൽ നടത്താൻ കഴിയട്ടെ എന്ന് പ്രത്യാശ പ്രകടിപ്പിച്ച ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി, ജനപങ്കാളിത്തം കൊണ്ട് ഇത്തവണത്തെ ഓണാഘോഷം അവിസ്മരണീയമാക്കിയ ചിക്കാഗോയിലെ മലയാളി സമൂഹത്തിന് നന്ദി രേഖപ്പെടുത്തി.



തുടർന്ന് പ്രശസ്ത സിനിമാതാരം ലെന ഓണാഘോഷ പരിപാടികൾ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. വിശിഷ്ടാതിഥികളും കോ-ഓർഡിനേറ്റേഴ്സ് ആയ തോമസ് വിൻസെന്റ്, കിഷോർ കണ്ണാല, ജോഷി പൂവത്തിങ്കൽ എന്നിവരും ചേർന്ന് ഭദ്രദീപം തെളിയിച്ചു.



തുടർന്ന് പരിപാടികളുടെ മുഖ്യ സ്പോൺസർമാരായ മിർസ സാറ, സിറിയക് നിഷ, സ്റ്റീവ് ക്രിഫേസ് എന്നിവരെ വേദിയിൽ ആദരിച്ചു. മനോജ് അച്ചേട്ട്, ഷൈനി ഹരിദാസ് എന്നിവർ നേതൃത്വം നൽകി.

തുടർന്ന് 2024 വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു. ഷന മോഹൻ അവതാരകയായ ചടങ്ങിൽ ബിജു മുണ്ടക്കൽ, വിവിഷ് ജേക്കബ്, അച്ചൻകുഞ്ഞു മാത്യു എന്നിവർ വിജയികൾക്ക് അവാർഡുകൾ സമ്മാനിച്ചു.

2024-ലെ കലാമേളയിൽ കലാതിലകമായ ഇസബെൽ വടകരക്കും കലാപ്രതിഭ ജെയ്ഡൻ ജോസ്സിനുമുള്ള എവർ റോളിങ് ട്രോഫികളും വേദിയിൽവെച്ച് നൽകുകയുണ്ടായി. ബാസ്കറ്റ് ബോൾ മത്സര വിജയികൾക്കുള്ള ട്രോഫികളും വേദിയിൽ വിതരണം ചെയ്തു. ഫിലിപ്പ് പുത്തൻപുരയിൽ, ഷിബു മുളയാനിക്കുന്നേൽ, വിനു മാമ്മൂട്ടിൽ എന്നിവർ നേതൃത്വം നൽകി.



ചിക്കാഗോ മലയാളി അസോസിയേഷന്റെ 50 വർഷത്തെ ചരിത്രം ഉൾക്കൊള്ളുന്ന സുവനീറിന്റെ പ്രകാശനവും വേദിയിൽവെച്ചു നടക്കുകയുണ്ടായി. ജോഷി വള്ളിക്കളം ഇതിനു നേതൃത്വം നൽകി. ജോഷി പൂവത്തിങ്കലിന്റെ കൃതജ്ഞതയോടെ അവസാനിച്ച സാംസ്കാരിക സമ്മേളനത്തെ തുടർന്ന് അരങ്ങേറിയ കലാസന്ധ്യ ചിക്കാഗോ മലയാളികൾക്കു വേറിട്ട അനുഭവമായി.

ഡോ. സിബിൽ ഫിലിപ്പ്, ആഗ്നസ് തെങ്ങുംമൂട്ടിൽ എന്നിവർ കലാസന്ധ്യക്കു നേതൃത്വം നൽകി. ഡോ. റോസ് വടകര, സി.ജെ. മാത്യു എന്നിവർ അവതാരകരായിരുന്നു.



സൂസൻ ചാക്കോയുടെ നേതൃത്വത്തിലുള്ള തിരുവാതിര, സന്ധ്യ ഗ്രൂപ്പിന്റെ മോഹിനിയാട്ടം, ഇസബെൽ വടകര, ജെയ്ഡൻ ജോസ് എന്നിവരുടെ നൃത്തങ്ങൾ, സാറയുടെ നേതൃത്വത്തിലുള്ള സമൂഹ നൃത്തം, സൂസൻ ഇടമലയും ബേബി തോമസും ചേർന്ന് അവതരിപ്പിച്ച സ്കിറ്റ് എന്നിവയ്ക്ക് ശേഷം മണവാളൻസ് ഗ്രൂപ്പ് അവതരിപ്പിച്ച ഡാൻസും ശ്രദ്ധേയമായി. തുടർന്ന് സജി മാലിത്തുരുത്തേലിന്റെ ഓണപ്പാട്ടിനൊപ്പം സാറ അനിലിന്റെ നൃത്തച്ചുവടുകളും കാണികൾക്കു ഹൃദ്യമായ അനുഭവമായി.

ജനപങ്കാളിത്തംകൊണ്ടും താരസാന്നിധ്യംകൊണ്ടും പരിപാടികളുടെ വൈവിധ്യംകൊണ്ടും പങ്കെടുത്തവരുടെ എല്ലാം മനസ്സിൽ കുളിർമ്മയായി ചിക്കാഗോ മലയാളികളുടെ 2024-ലെ ഓണം.

# ഫൊക്കാന അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിച്ചു

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാന അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിച്ചു. അഡ്വൈസറി ബോർഡ് ചെയർ ആയി ജോൺ പി. ജോൺ, അഡ്വൈസറി ബോർഡ് വൈസ് ചെയർ ആയി വിനോദ് കെആർകെ, അഡ്വൈസറി ബോർഡ് സെക്രട്ടറിയായി കമാൻഡർ ജോർജ് കോരുത് എന്നിവരെ തെരഞ്ഞെടുത്തതായി പ്രസിഡണ്ട് സജിമോൻ ആന്റണി, ട്രസ്റ്റി ബോർഡ് ചെയർ ജോജി തോമസ് എന്നിവർ സംയുക്തമായി അറിയിച്ചു.

ഫൊക്കാനയുടെ മുൻ പ്രസിഡണ്ട് ജോൺ പി. ജോൺ ഏവർക്കും പ്രിയങ്കരമായ വ്യക്തിയാണ്. സൗമ്യനായ നേതാവ് എന്നറിയപ്പെടുന്ന ജോൺ പി. ജോൺ 2016 കാനഡയിൽ നടത്തിയ ഫൊക്കാന കൺവൻഷൻ ചരിത്രമാക്കി മാറ്റിയതിന്റെ വ്യക്തിത്വത്തിന്റെ ഉടമയാണ്. 1968-ൽ ഇരുപത് അംഗങ്ങളുമായി ആരംഭിച്ച ടോറന്റോ മലയാളി സമാജം, നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ സംഘടനകളിൽ ഒന്നായി മാറ്റിയത് ജോൺ പി. ജോണിന്റെ സംഘാടന പാടവത്തിന്റെ തെളിവാണ്. പത്തു തവണ ടോറന്റോ മലയാളി സമാജത്തിന്റെ പ്രസിഡണ്ടായ അദ്ദേഹം കനേഡിയൻ-അമേരിക്കൻ മലയാളികൾക്ക് സർവസമ്മതനാണ്. ഫൊക്കാന പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ട്രസ്റ്റി ബോർഡ് മെംബർ, കമ്മിറ്റി മെംബർ, ഇലക്ഷൻ കമ്മീഷണർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം പ്രവാസി ചാനൽ ആദ്യമായി ഏർപ്പെടുത്തിയ നാമി അവാർഡ് നേടിയ ആദ്യവ്യക്തി കൂടിയാണ്. ഒരു ചാരിറ്റി പ്രവർത്തകൻ കൂടിയായ അദ്ദേഹം നിരവധി സന്നദ്ധസംഘടനകളിൽ ഭാഗഭാക്കാണ്. കോട്ടയം കളത്തിപ്പടി സ്വദേശിയായ ജോൺ പി. കാനഡയിൽ അറിയപ്പെടുന്ന വ്യവസായി കൂടിയാണ്. ഭാര്യ ആനിനൊപ്പം കാനഡയിൽ താമസിക്കുന്നു.

ന്യൂയോർക്കിലെ അറ്റോർണിയായി പ്രാക്ടീസ് ചെയ്യുന്ന വിനോദ് കെആർകെ ഫൊക്കാനയുടെ മുൻ സെക്രട്ടറി കൂടിയാണ്. ഫൊക്കാന ഫിലാഡൽഫിയ കൺവൻഷൻ ജനറൽ കൺവീനർ, ഫൊക്കാന വാഷിങ്ടൺ കൺവൻഷൻ സ്പെല്ലിങ് ബീ മത്സരത്തിന്റെ സംഘാടകൻ, ട്രസ്റ്റി ബോർഡ് സെക്രട്ടറി, ട്രസ്റ്റി ബോർഡ് മെംബർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെ മുൻ പ്രസിഡണ്ട്, ഇന്ത്യൻ നാഷണൽ ഓവർസീസ് കോൺഗ്രസ് നാഷണൽ ബോർഡ് ഓഫ് ട്രസ്റ്റി മെംബർ, ഇന്തോ-അമേരിക്കൻ ലോയേഴ്സ് ഫോറം വൈസ് പ്രസിഡണ്ട്, അയ്യപ്പ സേവാസംഘം വൈസ് പ്രസിഡണ്ട്, കേരളാ ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക ബോർഡ് ഓഫ് ട്രസ്റ്റി സെക്രട്ടറി, മഹിമയുടെ പ്രസിഡണ്ട്, മന്ത്രയുടെ ട്രസ്റ്റി ചെയർ തുടങ്ങി നിരവധി സംഘടനകളിൽ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള വ്യക്തികൂടിയാണ്. കേരളത്തിലെ വിവിധ കോടതികളിലും അഭിഭാഷകനായി പ്രാക്ടീസ് ചെയ്തിട്ടുള്ള അദ്ദേഹം ഭാര്യ ബാല വിനോദിനൊപ്പം ന്യൂയോർക്കിലാണ് താമസം.



ഫൊക്കാന മുൻ പ്രസിഡണ്ടായ കമാൻഡർ ജോർജ് കോരുത് മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ ഫൗണ്ടിംഗ് മെംബറിൽ ഒരാൾ കൂടിയാണ്. 1992-ൽ അസോസിയേഷന്റെ രണ്ടാമത്തെ പ്രസിഡണ്ടാവുകയും അന്നു മുതൽ ഇന്നുവരെ അസോസിയേഷന്റെ നെടുംതൂണായി പ്രവർത്തിക്കുകയും ചെയ്യുന്നു. 1996 മുതൽ 98 വരെ ഫൊക്കാന ഫ്ളോറിഡ റീജിയണൽ വൈസ് പ്രസിഡണ്ടായും അതിനുശേഷം 2004 മുതൽ 2006 വരെ ഫൊക്കാനയുടെ പ്രസിഡണ്ടായും സേവനം ചെയ്ത അദ്ദേഹം രണ്ട് തവണ ഫൊക്കാന ഇലക്ഷൻ കമ്മിറ്റി ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. താമ്പാ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ഫൗണ്ടറിൽ ഒരാളായ അദ്ദേഹം അമേരിക്കയിൽ നടന്ന പല തെരഞ്ഞെടുപ്പുകളിലും നേതൃത്വം വഹിച്ചിട്ടുണ്ട്.

അമേരിക്കൻ കോൺഗ്രസിലേക്ക് മത്സരിച്ച മേരി തോമസിന്റെ കാമ്പയിൻ ചെയർപേഴ്സണായും സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം ഭാര്യ ഡീന ജോർജുമൊത്ത് ഫ്ളോറിഡയിലാണ് താമസം. 2010-ൽ പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ കമാൻഡർ പദവി നല്കി ആദരിച്ചു.

ഫൊക്കാന അഡ്വൈസറി ബോർഡ് ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ട ജോൺ പി. ജോൺ, വിനോദ് കെആർകെ, കമാൻഡർ ജോർജ് കോരുത് എന്നിവരെ ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയും ട്രസ്റ്റി ബോർഡും അഭിനന്ദിച്ചു. ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, ട്രസ്റ്റി ബോർഡ് ചെയർ ജോജി തോമസ്, ട്രസ്റ്റി വൈസ് ചെയർ സതീശൻ നായർ, ട്രസ്റ്റി സെക്രട്ടറി ബിജു ജോൺ, മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മെംബേഴ്സ് എന്നിവർ അഭിനന്ദിച്ചു.

# മാർ തോമസ് തറയിൽ എസ്.ബി കോളജിന്റെ അഭിമാനം: അലുംമ്നി അസോസിയേഷൻ

തോമസ് ഡിക്രൂസ്

ചിക്കാഗോ: ചങ്ങനാശേരി അതിരൂപതയുടെ നിയുക്ത മെത്രാപ്പോലീത്തയായി നിയമിതനായ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന് എസ്.ബി. ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷന്റെ ചിക്കാഗോ ചാപ്റ്റർ ഊഷ്മളമായ ആശംസകൾ നേർന്നു. എസ്.ബി. കോളജിന്റെ പൂർവ്വവിദ്യാർത്ഥിയും വിശിഷ്ട വ്യക്തിത്വത്തിന് ഉടമയുമായ അഭിവന്ദ്യ തറയിൽ പിതാവിന്റെ പുതിയ സ്ഥാനലബ്ധി, എസ്.ബി. ആൻഡ് അസംപ്ഷൻ കോളജുകളിലെ പൂർവ്വ വിദ്യാർത്ഥികൾക്ക് ആഹ്ലാദകരമായ വാർത്തയാണെന്ന് പഠനകാലത്ത് പിതാവുമൊത്തുണ്ടായിരുന്ന സതീർത്ഥ്യജീവിതം അനുസ്മരിച്ചുകൊണ്ട് അസോസിയേഷൻ പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിൽ പറഞ്ഞു.





ഉന്നതമായ ആത്മീയ ജീവിതത്തിന് ഉടമയും ഉജ്ജ്വല വാഗ്മിയും പണ്ഡിതനുമാണ് പിതാവ്. സഭ നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കി ഫലപ്രദമായി പ്രതികരിക്കാനും പുരോഗമനപരമായ പദ്ധതികൾ നടപ്പാക്കാനും വേണ്ട നേതൃപാടവവും കരുത്തും കാര്യശേഷിയും തെളിയിച്ചിട്ടുള്ള അഭിവന്ദ്യ പിതാവ്, വലിയ ഇടയന്റെ പദവിയിലേക്ക് ഉയരുന്നത് ചങ്ങനാശേരി അതിരൂപതയ്ക്കും സീറോമലബാർ സഭയ്ക്കും എസ്.ബി. കോളജിനും അഭിമാനകരമാണെന്ന് എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷന്റെ മുൻ പ്രസിഡണ്ടുമാരായ പ്രൊഫ. ജെയിംസ് ഓലിക്കര, എബി തുരുത്തിയിൽ, ജിജി മാടപ്പാട്ട്, ബിജി കൊല്ലാപുരം, ഷിബു അഗസ്റ്റിൻ, ഷാജി കൈലാത് എന്നിവരും എക്സിക്യൂട്ടീവ് അംഗങ്ങളായ ബോബൻ കളത്തിൽ, മാത്യു ഡാനിയേൽ, ഷിജി ചിറയിൽ, ജോൺ നടയ്ക്കപ്പാടം, കാർമൽ തോമസ്, ജോസഫ് കാളാശ്ശേരി, ജോളി കുഞ്ചെറിയ, ജോസുകുട്ടി പാറയ്ക്കൽ, അമ്പിളി ജോർജ്, സണ്ണി വള്ളിക്കളം, ആന്റണി പന്തപ്ലാക്കൽ, ജോർജ് ഇല്ലിക്കൽ, സെബാസ്റ്റ്യൻ വാഴേപറമ്പിൽ, മനോജ് തോമസ്, ഡോ. തോമസ് സെബാസ്റ്റ്യൻ, മനീഷ് തോപ്പിൽ എന്നിവരും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. അഭിവന്ദ്യ പിതാവിന്റെ അടുത്ത അമേരിക്കൻ സന്ദർശനത്തിൽ ചിക്കാഗോ എസ്.ബി. ആൻഡ് അസംപ്ഷൻ കോളജ് അലുംമ്നി അസോസിയേഷന്റെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം നല്കുമെന്ന് അലുംമ്നി അസോസിയേഷൻ ഉപരക്ഷാധികാരി റവ.ഫാ. കുര്യൻ നെടുവേലിചാലുങ്കൽ, സെക്രട്ടറി തോമസ് ഡിക്രൂസ് എന്നിവർ അറിയിച്ചു.

# ബെൻസൻവിൽ ഇടവക അദ്ധ്യാപകദിനം ആഘോഷിച്ചു

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: സെപ്റ്റംബർ അഞ്ച് ഭാരതത്തിൽ അദ്ധ്യാപക ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ബെൻസൻവില്ലിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ ഇടവകയിലെ വിവിധ മേഖലകളിൽ അദ്ധ്യാപകരായി സേവനം ചെയ്ത എല്ലാവരെയും വിശുദ്ധ മദർ തെരേസായുടെ തിരുനാൾ ദിനത്തിൽ പ്രത്യേകം ആദരിച്ചു. അന്നേ ദിവസം ഫാ. ജോസഫ് പുതുപറമ്പിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ഫാ. ജോബി പന്നൂറയിൽ വചനസന്ദേശം നല്കുകയും ചെയ്തു. ഫാ. ബിൻസ് ചേത്തലിൽ അദ്ധ്യാപകരെ പ്രത്യേകം ആദരിച്ചു.



# റവ.ഡോ. ബെനഡിക്ട് പോൾ അന്തരിച്ചു

ന്യൂയോർക്ക്: റവ.ഡോ. ബെനഡിക്ട് പോൾ (ബെന്നച്ചൻ-73) ബ്രോങ്ക്സിൽ അന്തരിച്ചു. മൂന്നു പതിറ്റാണ്ടോളം ന്യൂയോർക്ക് സിറ്റി ബോർഡ് എജ്യൂക്കേഷനിൽ അദ്ധ്യാപകനായിരുന്നു. ഇക്കാലയളവിൽ തന്നെ ബ്രോങ്ക്സിലെ സെ. മൈക്കൾ ദി ആർക് ഏഞ്ചൽ റോമൻ കാത്തലിക് പള്ളിയിലെ പരോക്കിയൽ വികാരിയുമായിരുന്നു. കൊല്ലം കല്ലട സ്വദേശിയാണ്.



സഹോദരങ്ങൾ: സിസ്റ്റർ അന്റോണിറ്റ മേരി, മേരി വില്യംസ്, സിസ്റ്റർ വെർജിൽ മേരി, ജോൺ പോൾ, പരേതയായ യേശുദാസി വിൽസൺ, ആന്റണി പോൾ (ന്യൂയോർക്ക്).

ദീർഘകാലം ഇന്ത്യ കാത്തലിക് അസോസിയേഷന്റെയും ഇന്ത്യ ലാറ്റിൻ കാത്തലിക് അസോസിയേഷന്റെയും അഭ്യുദയകാംക്ഷിയും പ്രവർത്തകനുമായിരുന്നു.

ബെന്നച്ചന്റെ പാണ്ഡിത്യവും സ്നേഹവും തുറന്ന പെരുമാറ്റവും ലാളിത്യവും സുതാര്യമായ പെരുമാറ്റവും കൊണ്ട് എല്ലാവരിലും മതിപ്പുളവാക്കിയിരുന്നു. കഴിഞ്ഞ രണ്ടു വർഷമായി അനാരോഗ്യം മൂലം പൊതുജീവിതവും വൈദികവൃത്തിയും മാറ്റിവെച്ച് വിശ്രമജീവിതം നയിക്കുകയായിരുന്നു.

# ചിക്കാഗോ സോഷ്യൽ ക്ലബ്ബ് അന്താരാഷ്ട്ര വടംവലി മത്സരം

# കോട്ടയം ബ്രദേഴ്സ് ഓഫ് കാനഡ(KBC)യ്ക്ക് ഉജ്ജ്വലവിജയം

മാത്യു തട്ടാമറ്റം

**നോ**ർത്ത് അമേരിക്കൻ മലയാളി കായിക ചരിത്രത്തിൽ തങ്കലിപികളാൽ എഴുതാൻ പോകുന്ന തരത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 10-ാമത് അന്തർദേശീയ വടംവലി മത്സരത്തിന് തിരശ്ശീല വീഴുമ്പോൾ സിറിയക് കൂവക്കാട്ടിൽ സ്പോൺസർ ചെയ്ത കോട്ടയം ബ്രദേഴ്സ് ഓഫ് കാനഡ (കെ.ബി.സി.) ജോയി നെടിയകാല സ്പോൺസർ ചെയ്ത ലോകത്തിലെ തന്നെ ഏറ്റവും വലിയ പ്രൈസ് മണിയായ 11111 ഡോളറും മാണി നെടിയകാലായിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും കരസ്ഥമാക്കിയ അവിസ്മരണീയ നിമിഷങ്ങൾക്കാണ് ലോക മലയാളി വടംവലി കായികലോകം സാക്ഷ്യം വഹിച്ചത്.












കഴിഞ്ഞ 9 വർഷങ്ങളായി ചിക്കാഗോ സോഷ്യൽ ക്ലബ് അഭിമാനപുരസരം നടത്തിവരുന്ന അന്തർദേശീയ വടംവലി മത്സരം ഈ വർഷം (10-ാമത്) സെപ്തംബർ 2-ാം തീയതി ലോക വടംവലിചരിത്രത്തിൽ തന്നെ സ്ഥാനം പിടിച്ചുകഴിഞ്ഞു.

ഒന്നാം സ്ഥാനം കോട്ടയം ബ്രദേഴ്സ് കാനഡയും, രണ്ടാം സ്ഥാനം ഗ്ലാഡിയേറ്റേഴ്സ് ലണ്ടനും ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ നേടിയെടുത്തു. വിശിഷ്ടാതിഥികളായ കോട്ടയം എം.പി. ഫ്രാൻസിസ് ജോർജ്, പ്രശസ്ത സിനിമാതാരം നെപ്പോളിയൻ ദുരൈസ്വാമി എന്നിവർ പങ്കെടുത്തു. രണ്ടാം സമ്മാനമായ 5555 ഡോളറും ജോയി മുണ്ടപ്ലാക്കിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് ഫിലിപ്പ് മുണ്ടപ്ലാക്കിലാണ്. മൂന്നാം സമ്മാനമായ 3333 ഡോളറും ചാക്കോ & മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് എലൈറ്റ് ഗെയിമിംഗ്, ഫ്രാൻസിസ് & ടോണി കിഴക്കേക്കുറ്റ് ആണ്. മൂന്നാം സ്ഥാനം നേടിയത് അരീക്കര അച്ചായൻസ് എ ടീമും (ചിക്കാഗോ) നാലാം സമ്മാനമായ 1111 ഡോളറും എവർറോളിംഗ് ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് ചിക്കാഗോ മംഗല്യാ ജുവലേഴ്സ് ആണ്. സമ്മാനം നേടിയത് ടീം തൊടുകൻസ് യു.കെ. എന്ന ടീമാണ്. വനിതകളുടെ വടംവലി മത്സരത്തിൽ മുത്ത് കല്ലിടുക്കിൽ സ്പോൺസർ ചെയ്ത ഒന്നാം സമ്മാനമായ 2500 ഡോളർ നേടിയത് ഹൂസ്റ്റൺ വാരിയേഴ്സ് ആണ്. രണ്ടാം സമ്മാനമായ ജെയിസ് പുതുശ്ശേരി സ്പോൺസർ ചെയ്ത 1500 ഡോളർ നേടിയത് ഡാളസ് ആഹാ ടീം ആണ്.

സിബി കദളിമറ്റം പ്രസിഡന്റ്, സിറിയക് കൂവക്കാട്ടിൽ ടൂർണമെന്റ് ചെയർമാൻ, ജെസ്സ്മോൻ പുറമഠം വൈസ് പ്രസിഡന്റ്, സിബി കൈതക്കത്തൊട്ടിയിൽ സെക്രട്ടറി, ജോമോൻ തൊടുകയിൽ ട്രഷറർ, സാബു പടിഞ്ഞാറേൽ ജോയിന്റ് സെക്രട്ടറി, സ്റ്റീഫൻ കിഴക്കേക്കുറ്റ് ജനറൽ കൺവീനർ, മാനി കരികുളം ഫിനാൻസ് കമ്മിറ്റി ചെയർമാൻ, മാത്യു തട്ടാമറ്റം പബ്ലിക് റിലേഷൻ, ജോസ് മണക്കാട്ട് ഫുഡ് ഫെസ്റ്റിവൽ ചെയർമാൻ എന്നിവരാണ്.

തുടർന്ന് പ്രസിഡന്റ് സിബി കദളിമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ സെക്രട്ടറി സിബി കൈതക്കത്തൊട്ടിയിൽ സ്വാഗതവും, ട്രഷറർ ജോമോൻ തൊടുകയിൽ കൃതജ്ഞതയും പറഞ്ഞു.

വടംവലി കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ വടംവലി വിജയികളെ പ്രഖ്യാപിച്ചു. വളരെ ചിട്ടയോടും കൃത്യനിഷ്ഠയോടെയും നടത്തിയ ഈ പരിപാടിക്ക് സോഷ്യൽ ക്ലബ്ബ് ഒറ്റക്കെട്ടായി പ്രവർത്തിച്ചതാണ് ഇതിന്റെ വിജയം എന്ന് പ്രസിഡന്റ് സിബി കദളിമറ്റം പറഞ്ഞു.

ഈ പരിപാടി വിജയിപ്പിക്കാൻ സഹായിച്ച കെ.വി. ടി.വി., ഏഷ്യാനെറ്റ്, ഫ്ളവേഴ്സ് ടി.വി., ഫാൻസി വീഡിയോ, സംഗമം പത്രം, കേരള എക്സ്പ്രസ്സ്, ജോയിച്ചൻ പുതുകുളം, ക്നാനായ വോയ്സ്, വാചകം പത്രം, റഫറിമാരായ ജോസ് ഇടിയാലി, നിണൽ മുണ്ടപ്ലാക്കൽ, കമന്റേറ്റേഴ്സ് ആയ സജി പൂത്യക്കയിൽ, റൊണാൾഡ് പൂക്കുമ്പേൽ, സാജു കണ്ണംപള്ളി, അനിൽ മറ്റത്തിക്കുന്നേൽ തുടങ്ങി എല്ലാവരോടും നന്ദി സംഘാടകസമിതി അറിയിച്ചു.






















മത്സരത്തിന്റെ തുടക്കമായി സെപ്റ്റംബർ 1 ന് സീറോ മലബാർ കത്തീഡ്രൽ ഹാളിൽ ജോസ് മണക്കാടിന്റെ നേതൃത്വത്തിൽ നടത്തിയ സോഷ്യൽ മേളയും ഫുഡ് ടേസ്റ്റിംഗും വിജയകരമായി.

കൂടാതെ പങ്കെടുത്ത എല്ലാ ടീമുകൾക്കും, ചിക്കാഗോയിലെയും നോർത്ത് അമേരിക്കയിലെയും എല്ലാ വടംവലി ആരാധകർക്കും, ലോകമെമ്പാടും തത്സമയം കെ.വി. ടി.വി.യിലൂടെ കണ്ട എല്ലാ പ്രേക്ഷകർക്കും, മത്സരം നടത്തുന്നതിനായി ഈ മൈതാനം തന്ന സെന്റ് മേരീസ് ചർച്ചിനും, ഞങ്ങളെ സാമ്പത്തികമായി സഹായിച്ച എല്ലാ സ്പോൺസർമാർക്കും, ചിക്കാഗോയിലെ മറ്റ് മലയാളി ക്ലബ്ബുകൾക്കും, ഔട്ട് സ്റ്റാന്റിംഗ് പെർഫോമൻസ് കാഴ്ചവെച്ച ഫസ്റ്റ് എയ്ഡ് കമ്മിറ്റി, മറ്റ് വിശിഷ്ടാതിഥികൾ എന്നിവരോടും അതിനുമപ്പുറം ഇത് വൻ വിജയമാക്കിത്തീർത്ത സോഷ്യൽ ക്ലബ്ബിലെ എല്ലാ മെമ്പർമാരോടും നന്ദിയും കടപ്പാടും അറിയിക്കുന്നു.

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിരണ്ടാം വർഷം 1992-2024



**'മരിച്ചവരുടെ ഓർമ്മകൾ അവരുടെ തിരുശേഷിപ്പുകൾ തന്നെയാണ്. അതിലൂടെ പ്രിയപ്പെട്ടവരെ നമ്മൾ തൊട്ടടുത്ത് കാണുകയും കേൾക്കുകയും ചെയ്യും'**



# കനൽവഴികളിലൂടെ തോമസ് എബ്രഹാമിന്റെ ജീവിതയാത്ര

പരീക്ഷണങ്ങൾ ദൈവീകമാണ്, നിൽക്കുന്ന മണ്ണടർന്നു പോയാലും തിരിച്ചു മരമായി അതിജീവിക്കാനുള്ള കരുത്ത് നേടണം.

## നിറയെ ഇലകളുള്ള ഒരു വന്മരത്തിന്റെ മഞ്ഞുകാലം

ഒരു മനുഷ്യനെ കുറിച്ച് പറഞ്ഞ് തുടങ്ങുന്നത് അദ്ദേഹത്തിന്റെ ഓർമകളിൽ നിന്നും, ഭൂതകാലങ്ങളിൽ നിന്നുമാണ്. അവിടെ അനുഭവങ്ങൾ, ജീവിതത്തിന്റെ നിരവധി പരീക്ഷണങ്ങൾ എന്നിവ അഭിമുഖീകരിക്കേണ്ടി വരുന്നു. കേരളത്തിലേക്ക് ഒരു കാഴ്ച പറിച്ചുമാറ്റുമ്പോൾ തോമസ് എബ്രഹാമിന് പറയാനുള്ളത് വേദനകളുടെയും അതിജീവനത്തിന്റെയും കഥകളാണ്. ദൈവത്തിന്റെ തീരുമാനത്തെ അംഗീകരിച്ചുകൊണ്ട്, ഒപ്പമുള്ളവരെ ചേർത്ത് നിർത്തിക്കൊണ്ട് തന്നെ ഉയരങ്ങളിലേക്ക് പറന്നകന്ന അനേകം മനുഷ്യരുടെ ചരിത്രം കൂടിയാണ്. ആ ചരിത്രത്തിന്റെ തിരുശേഷിപ്പുകൾ സൂക്ഷിക്കുവാൻ സമൂഹത്തിനൊപ്പം നിൽക്കുന്ന ഒരു മനുഷ്യനെക്കുറിച്ചാണ് ഈ വഴിത്താര പറയുന്നത് - തോമസ് എബ്രഹാം.

റാന്നി വയലത്തല മുക്കൂട്ടു മണ്ണിൽ ഏബ്രഹാം - സാറാമ്മ ദമ്പതികളുടെ പത്തുമക്കളിൽ അഞ്ചാമനായിട്ടാണ് തോമസ് എബ്രഹാമിന്റെ ജനനം. കാട്ടൂർ എൻ.എസ്.എസ്. സ്കൂളിൽ പത്താം ക്ലാസ് പൂർത്തിയാക്കിയ അദ്ദേഹത്തിന് തുടർന്ന് ഒരു തൊഴിൽ പഠിക്കുക എന്നതായിരുന്നു ആഗ്രഹം. അങ്ങനെ കോഴഞ്ചേരിയിൽ ഐ.ടി.ഐ പൂർത്തിയാക്കി. എന്നാൽ അതിനെ തകിടം മറിച്ചുകൊണ്ടാണ് ജീവിതത്തിന്റെ പാതിയായ അമ്മ തോമസിനെ വിട്ടുപിരിഞ്ഞത്.

അമ്മയുടെ മരണത്തെക്കുറിച്ച് തോമസ് ഓർത്തെടുക്കുന്നു. 1978 ജനുവരി 18-നാണ് അമ്മ ഞങ്ങളെ വിട്ടുപിരിഞ്ഞത്. ദൈവത്തിന്റെ തീരുമാനം ആണെങ്കിലും ആ ദിവസം വീണ്ടും തിരിച്ചു കിട്ടിയിരുന്നെങ്കിൽ അവിടെ തിരുത്തലുകൾ വരുത്തിക്കൊണ്ട് അമ്മയെ രക്ഷിക്കാമല്ലോ എന്ന് ഇപ്പോഴും ഓർക്കും.

ഞങ്ങളുടെ വീടിനോട് ചേർന്നാണ് അക്കാലത്ത് പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാൽ സർക്കാർ നിർമ്മിച്ചത്. കനാൽ കമ്മീഷൻ ചെയ്ത ശേഷം പല വീട്ടുകാരുടെയും കുളിയും നനയുമൊക്കെ ഈ കനാലിലായിരുന്നു. അന്ന് രണ്ട് വയസ്സുള്ള ഇളയ സഹോദരിയെ മറ്റൊരു സഹോദരിയെ ഏൽപ്പിച്ച് എന്തോ ജോലിയിലായിരുന്നു അമ്മ. പക്ഷെ കുഞ്ഞ് കനാലിനടുത്തേക്ക് പോയത് ആരും അറിഞ്ഞില്ല. കുഞ്ഞ് കനാലിൽ വീണത് കണ്ട സഹോദരി ഒച്ചപ്പാടുണ്ടാക്കി. ബഹളം കേട്ട് ഓടിവന്നപ്പോൾ അമ്മ കണ്ട കാഴ്ച തന്റെ കുഞ്ഞുമകൾ വെള്ളത്തിൽ മുങ്ങിത്താഴുന്നതാണ്. കുഞ്ഞിനെ രക്ഷിക്കാൻ അമ്മയും ചാടി. ആളുകൾ കൂടി. ആ അപകടത്തിൽ കുഞ്ഞ് അത്ഭുതകരമായി രക്ഷപെട്ടു. പക്ഷെ അമ്മ ഞങ്ങളെ വിട്ടുപോയി. കനാലിന്റെ ഷട്ടറിനടുത്തുനിന്നാണ് അമ്മയുടെ മൃതശരീരം കിട്ടിയത്. അതോർക്കുമ്പോൾ ഇപ്പോഴും ഒരു മരവിപ്പാണ്. നെഞ്ചിൽ ഒരു ഭാരമുള്ള കല്ല് കയറ്റി വെച്ചത് പോലെ. മരണപ്പെടുമ്പോൾ അമ്മയ്ക്ക് 44 വയസ്സേ ഉണ്ടായിരുന്നുള്ളു. ആ ദിവസം മുതൽ അമ്മയുടെ പത്തു മക്കൾ പെട്ടെന്ന് അനാഥരാവുകയായിരുന്നു.

## അമ്മയില്ലാത്ത വീട്

അമ്മയില്ലാത്ത വീട് തീർത്തും അനാഥത്വം പേറുന്ന ഒരു കുഞ്ഞിനെ പോലെയാണ്. ദിവസങ്ങൾ കടന്നുപോകുംതോറും അതിന്റെ അടയാളങ്ങൾ കണ്ടുതുടങ്ങി. ഓരോരുത്തരിലും അമ്മയില്ലായ്മ പ്രകടമായിക്കൊണ്ടിരിന്നു. അക്കാലത്ത് തോമസിന്റെ മൂത്ത സഹോദരന് അദ്ധ്യാപകനായി വയനാട്ടിൽ ജോലി ഉണ്ടായിരുന്നു. ഒരു സഹോദരൻ ബോംബെയിലും ഉണ്ടായിരുന്നു. അവരുടെ സ്നേഹവും കരുതലും ദൈവം ഒരു പുതിയ ജീവിതം മുന്നിലേക്ക് തരുന്നത് പോലെയാണ് തോന്നിയത്. അമ്മയില്ലാത്തതിന്റെ പ്രയാസങ്ങൾ അറിയിക്കാതെ പിതാവും സഹോദരങ്ങളും സ്നേഹം കൊണ്ട് കുടുംബത്തെ പൊതിഞ്ഞു നിന്നു. നാട്ടിൽ കോൺട്രാക്റ്റർ ജോലി ചെയ്തിരുന്ന പിതാവ് അമ്മയുടെ മരണശേഷം ഒരു മാറ്റം എന്ന നിലയിൽ ജ്യേഷ്ഠനൊപ്പം കുടുംബം മുഴുവനായി വയനാട്ടിലേക്ക് മാറട്ടെ എന്ന തീരുമാനം കൈക്കൊണ്ടു. വയനാട്ടിലേക്കുള്ള മാറ്റം അവർ അകപ്പെട്ടുപോയ ദുഃഖത്തിൽ നിന്ന് കുടുംബത്തിന് ഒരു മോചനം കൂടിയായിരുന്നു.

തോമസ് എബ്രഹാമാകട്ടെ ജോലി തേടി നേരെ മുംബൈയിലുണ്ടായിരുന്ന സഹോദരന്റെയടുത്തേക്ക് വണ്ടി കയറി. അമ്മയില്ലാത്ത വീട്ടിൽനിന്നുള്ള മോചനം തന്നെയായിരുന്നു അദ്ദേഹത്തിന്റെയും മനസ്സിൽ. ബോംബെയിൽ എത്തിയ തോമസ് അപ്രന്റിസായി പല കമ്പനികളിൽ ജോലി ചെയ്തു. തുടർന്ന് 1983-ൽ മറ്റു സഹോദരന്മാരുടെ സഹായത്തോടുകൂടി ഒരു മെഷീൻ ഷോപ്പ് തുടങ്ങി. പതിയെ വളർന്നു തുടങ്ങിയ ഈ സംരംഭം പിന്നീട് താനയിൽ ടി.ജി. ഇൻഡസ്ടീസ് എന്ന പേരിൽ മുംബൈ നഗരത്തിന്റെ ഹൃദയത്തിനൊപ്പം സഞ്ചരിക്കാൻ തുടങ്ങി. അക്കാലത്ത് തന്നെ പിതാവ് എബ്രഹാം അദ്ദേഹത്തിന്റെ സഹോദരന്മാരുടെ സഹായത്തോടെ 1987-ൽ അമേരിക്കയിലെത്തി. തുടർന്ന് എല്ലാവരേയും അദ്ദേഹം അമേരിക്കയിലേക്ക് കൊണ്ടുവന്നു. 1989-ലാണ് ഒടുവിൽ തോമസും അമേരിക്കയിൽ എത്തുന്നത്. മെഷിനിസ്റ്റായി എക്സ്പീരിയൻസ് ഉള്ളതിനാൽ വേഗം ജോലി ലഭിച്ചു.

## കുഞ്ഞ് പൂവിനെ നോവിക്കല്ലേ

അമേരിക്കയിൽ ജീവിതം പുനരാരംഭിച്ച എബ്രഹാമും കുടുംബവും അവരെ പിടിച്ചു വലിക്കുന്ന ഓർമകളിൽ നിന്നും ഭൂതകാലത്തിൽനിന്നും പതിയെ മുക്തരായി. അങ്ങനെയിരിക്കെ നീലഗിരി ചേരംപാടി ടി.സി. ജോസഫിന്റേയും മേരിക്കുട്ടിയുടേയും മകൾ മറിയയെ (ലിനി) തോമസ് വിവാഹം കഴിക്കുന്നു. പുരുഷൻ അവന്റെ ഭാര്യയിൽ അമ്മയെ കാണുന്നു എന്ന തത്വം തന്നെ തോമസിനും ജീവിതത്തിൽ അനുഭവപ്പെട്ടു. ലിനിയുടെ കരുതൽ അദ്ദേഹത്തിന് അമ്മയുടേത് പോലെ അനുഭവപ്പെട്ടു.

അമേരിക്കയിലെത്തി ഒരുമാസം കഴിഞ്ഞപ്പോൾ ഇടിത്തീ പോലെ മറ്റൊരു വാർത്തയും തോമസിനെ തേടിയെത്തി. പിതാവ് എബ്രഹാം കാൻസർ ബാധിതനായി മരിച്ചത്. അമ്മ നഷ്ടപ്പെട്ടപ്പോൾ ആ കുടുംബത്തിന് എന്ത് സംഭവിച്ചോ അത് തന്നെ പിതാവിന്റെ മരണശേഷവും ആ കുടുംബത്തിൽ നടന്നു. ആ ഒറ്റപ്പെടൽ എല്ലാ മക്കളിലും ഇപ്പോഴുമുണ്ട് എന്നതാണ് സത്യം.

പെട്ടെന്നാണ് തോമസ് - ലിനി ദമ്പതികളുടെ ജീവിതം മറ്റൊരു ദിശയിലേക്ക് സഞ്ചരിക്കാൻ തുടങ്ങിയത്. 1991-ൽ ഇരുവർക്കും ആദ്യത്തെ മകൾ ജനിക്കുന്നു. ഈ സമയത്തായിരുന്നു അദ്ദേഹത്തിന്റെ ഇരട്ട സഹോദരന്മാരുടെ വിവാഹവും നടക്കുന്നത്. മകൾ ജനിക്കുന്ന സന്തോഷവും, സഹോദരൻമാരുടെ കല്യാണത്തിന്റെ സന്തോഷവുമെല്ലാം ചേർന്ന് തോമസിന്റെ കുടുംബം അവരുടെ പോയകാല സന്തോഷങ്ങളെയും ഒത്തൊരുമയെയും വീണ്ടും കൂട്ടിയിണക്കി. എന്നാൽ ആ സന്തോഷത്തിൽ ദൈവം ഒരു കനൽ ഒളിപ്പിച്ചു വെച്ചിരുന്നു. തോമസ് - ലിനി ദമ്പതികളുടെ ഹൃദയത്തിൽ മുറിവേൽപ്പിക്കുന്ന ഒരു കനലായിരുന്നു അത്. അരയ്ക്ക് താഴേക്ക് തളർന്ന ഒരു കുട്ടിയായിട്ട് ആയിരുന്നു മകളുടെ ജനനം. ഒരിക്കലും നടക്കാൻ കഴിയാത്ത കുട്ടിയെന്ന് തന്നെ ആ ദിവസം ഡോക്ടർമാർ അവൾക്ക് വിധിയെഴുതി. ബത്തേരിയിലുള്ള ഹോസ്പിറ്റലിലെ ഡോക്ടർമാർ കുഞ്ഞിനെ കോഴിക്കോട്ട് മെഡിക്കൽ കോളജിലേക്ക് റഫർ ചെയ്തു. കൂടുതൽ വിദഗ്ധ പരിശോധനകൾക്ക് ശേഷം സ്പൈനോ ബിഫിഡ എന്ന രോഗമാണ് കുഞ്ഞിനെന്നും,








മുക്കൂറ്റ് മോനുമെന്റ്സ് നിർമ്മിച്ച സ്മാരക ശിലകൾ







# വഴിത്താരകൾ

തയ്യാറാക്കിയത്: **അനിൽ പെണ്ണുക്കര**

ഇത് റെയർ അസുഖമാണെന്നും, തലച്ചോറിന്റെ പ്രശ്നമായതിനാൽ ഈ അസുഖം ഭേദമാക്കുവാൻ സാധിക്കില്ലെന്നും ഡോക്ടർമാർ വിധിയെഴുതി. എങ്കിലും എല്ലാ വർഷവും ചികിത്സയുടെ ഭാഗമായി സർജറികൾ നടന്നിരുന്നു.

## പുനർജന്മം

മരണത്തെ മുഖാമുഖം കണ്ടുകൊണ്ട് ജീവിതത്തെ കെട്ടിപ്പിടിച്ച ഒരു നിമിഷം തോമസിന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. അതിനെ കുറിച്ച് അത്യധികം വേദനയോടെ അദ്ദേഹം പറയുന്നു.

പിതാവിന്റെ രണ്ടാം ചരമവാർഷിക ദിവസം രാവിലെ തോമസ് നീലഗിരി താളൂർ പള്ളിയിൽ പ്രാർത്ഥനയ്ക്ക് പോയി ബൈക്കിൽ തിരിച്ചു വരുന്ന വഴി തമിഴ്നാട് ചേരൻ ട്രാൻസ്പോർട്ട് ബസ് ബൈക്കിൽ ഇടിച്ച് മറിഞ്ഞ് അദ്ദേഹം അപകടത്തിൽപ്പെട്ടു. വലിയ ഒരു അപകടമായിരുന്നു സംഭവിച്ചത്. ഇടിയുടെ ആഘാതത്തിൽ തോമസിന്റെ താടിയെല്ല് തകർന്ന് പോയി. തുടർന്ന് സുൽത്താൻ ബത്തേരി ആശുപത്രിയിൽ നിന്നും കോഴിക്കോട് ആശുപത്രിയിലേക്ക് പെട്ടെന്ന് തന്നെ എല്ലാവരും തോമസിനെ എത്തിച്ചു. നിർഭാഗ്യമെന്നു പറയട്ടെ. അന്നവിടെ ന്യൂറോ സർജൻ ഇല്ലായിരുന്നു. അപ്പോൾ ദൈവദൂതനെ പോലെ എന്തോ ആവശ്യത്തിന് വന്ന ന്യൂറോ ഡോക്ടർ തോമസിനെ അവിചാരിതമായി കാണുകയായിരുന്നു. തുടർന്ന് ഉടൻതന്നെ ഓപ്പറേഷൻ ചെയ്യാൻ സന്നദ്ധനായി. തലയോട്ടി പിളർന്നുള്ള ഓപ്പറേഷൻ ആയിരുന്നു അത്. ചികിത്സയ്ക്ക് ശേഷം വെന്റിലേറ്ററിൽ രണ്ടാഴ്ചയോളം കിടന്നു . ബോധം കിട്ടിയപ്പോഴേക്കും ഇടതു കണ്ണിന്റെ കാഴ്ചപോയത് മാത്രമാണ് അദ്ദേഹത്തിന് ഓർമ്മയുണ്ടായിരുന്നത്. താടിയെല്ല് ഒരു സൈഡിലേക്ക് ആയിപ്പോയത് നേരെയാക്കാനായിരുന്നു ഈ ഓപ്പറേഷൻ. അവിടെയും വേദന സഹിക്കാൻ അദ്ദേഹം വിധിക്കപ്പെട്ടു. തലയ്ക്ക് പരിക്ക് ഉള്ളതിനാൽ അനസ്തേഷ്യ നൽകാതെ താടിയെല്ല് വയർ ചെയ്തു. മേൽത്താടിയും കീഴ്ത്താടിയും നേരെയാക്കി വരിഞ്ഞ് ബലപ്പെടുത്തുന്ന ഓപ്പറേഷൻ. വലിയ വേദനയായിരുന്നു അന്നൊക്കെ ഉണ്ടായിരുന്നത്. ഈ വേദനയിൽ എല്ലാ സഹായവുമായി സഹോദരന്മാരും, സഹോദരികളും, ലിനിയുടെ മാതാപിതാക്കൾ, സഹോദരൻ, സഹോദരിയും ഭർത്താവും, ബന്ധുക്കൾ ഒക്കെ ഒപ്പമുണ്ടായിരുന്നത് ഒരിക്കലും മറക്കാൻ പറ്റില്ല.

1991-ൽ ഡിസംബറിൽ വീണ്ടും തോമസ് അമേരിക്കയിലെത്തി. മെഷിനിസ്റ്റായി ജോലി ചെയ്യുന്നതിനിടയിൽ ജി.ഇ.ഡി 12 ഗ്രേഡ് ഈക്വലൻസി പരീക്ഷ എഴുതി വിജയിച്ചു. തുടർന്ന് റെസ്പിറേറ്ററി തെറാപ്പി കോഴ്സ് പഠിച്ചുകൊണ്ടിരിക്കെ നല്ലൊരു ജോലി ലഭിച്ചു. 1992 പകുതിയോടെ ഭാര്യയെയും മകളെയും അമേരിക്കയിൽ എത്തിച്ചു. എന്നാൽ ഭാര്യ ബി.എസ്.സി നേഴ്സിംഗ് കഴിഞ്ഞതിനാൽ തുടർപഠനം വേണമെന്ന് പറഞ്ഞു. തുടർന്ന് ന്യൂജേഴ്സിയിൽ മാസ്റ്റേഴ്സിന് ചേർന്ന് പഠിച്ചു. ഇതിനിടയിൽ അഞ്ച് വർഷത്തെ ഇടവേളകളിൽ രണ്ട് പെണ്മക്കൾകൂടി തോമസ് - ലിനി ദമ്പതികൾക്ക് ജനിച്ചു.

ഇതിനിടയിൽ തന്നെ മൂത്തമകളെ ലിനിയും തോമസും ചേർന്ന് സ്കൂളിൽ ചേർത്തു. അവളാകട്ടെ മിടുക്കിയായി പഠിച്ചു. 14 വയസ് ആയപ്പോഴേക്കും ഇലക്ട്രിക്ക് വീൽ ചെയറിലേക്ക് മാറി. സ്കൂളിലും അവൾ മിടുക്കിയായിരുന്നു.

## കുഞ്ഞേ മടങ്ങുക

പരിമിതികൾ എല്ലാം മാറ്റിവെച്ചുകൊണ്ട് തന്നെയാണ് അവൾ വളർന്നത്. കുറവുകൾ ഒന്നും അറിയിക്കാതെ ലിനിയും തോമസും അവൾക്കൊപ്പം തണലായി തന്നെ ഉണ്ടായിരുന്നു. എന്നാൽ വിധി വീണ്ടും അവരിൽ കാർമേഘങ്ങൾ നിറയ്ക്കാൻ തയാറായിത്തന്നെ നിന്നു. 2008-ൽ കുഞ്ഞിന് പെട്ടെന്ന് ഒരു അസുഖം ഉണ്ടാകുന്നു. തുടർന്ന് ശ്വാസസംബന്ധമായ പ്രശ്നങ്ങൾ ഉടലെടുത്തു. ചികിത്സകൾ വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയെങ്കിലും അവളുടെ ചിരി തിരികെ കൊണ്ടുവരാൻ തോമസും ലിനിയും ശ്രമിച്ചുകൊണ്ടേയിരുന്നു. പക്ഷെ ഡോക്ടർമാർ സമാധാനപരമായ മരണമാണ് അപ്പോൾ നിർദ്ദേശിച്ചത്. തുടർന്നാണ് വിധിയോട് പൊരുത്തപ്പെട്ട മാതാപിതാക്കൾ അവളെ വീട്ടിലേക്ക് മാറ്റിയത്. ഇതിനിടയിൽ അവളും ആ അവസ്ഥയോട് പൊരുത്തപ്പെടുകയായിരുന്നു. 2009 മെയ് 17-ന് പതിനേഴാമത്തെ വയസിൽ അവൾ ഈ ഭൂമിയിൽനിന്നും യാത്രയായി. ആ സമയത്ത് ഹാലി ബാർട്ടൻ കമ്പനിയിൽ ക്വാളിറ്റി കൺട്രോളർ ആയിരുന്നു തോമസ്.

മകളുടെ സെമിത്തേരിയിൽ വെയ്ക്കാൻ ഒരു നല്ല സ്മാരകശില വേണം എന്ന നിർബന്ധം തോമസിന് ഉണ്ടായിരുന്നു. അതിന് വേണ്ടി നാടാകെ തിരഞ്ഞ് ഒടുവിൽ ഇന്ത്യയിലെ ഒരു കമ്പനിയിൽ നിന്നും ശില അദ്ദേഹം സ്വന്തമാക്കി. മകളുടെ ഓർമ്മയ്ക്കായി അവസാനമായി ഒരു പിതാവിന് ചെയ്തു കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം. ആ ശിലയാണ് പിന്നീടുള്ള തോമസിന്റെ ജീവിതം മാറ്റിമറിച്ചത്.

## സ്മാരക ശിലകളിൽ കൊത്തിയ ജീവിതം

മരിച്ചവർ ജീവിക്കുന്നത് അവർക്ക് വേണ്ടി പ്രിയപ്പെട്ടവർ പേരെഴുതിവെക്കാൻ തയാറാക്കുന്ന ശിലകളിലാണ്. ഇത് ഒരു പുതിയ ആശയമാണ് തോമസിന് നൽകിയത്. എന്തു കൊണ്ട് ഇതൊരു ബിസിനസായി എടുത്തു കൂടാ എന്ന് അദ്ദേഹം ചിന്തിച്ചു. തുടർന്ന് അവധിക്ക് ഇന്ത്യയിൽ പോയപ്പോൾ വിവിധസ്ഥലങ്ങൾ സന്ദർശിച്ച് മോനുമെൻറ് ശിലകൾ വാങ്ങി അമേരിക്കയിൽ എത്തിക്കാനുള്ള പദ്ധതി അദ്ദേഹം തയ്യാറാക്കി. ഇത് വെച്ചുകൊണ്ട് തന്നെ അമേരിക്കയിൽ ഒരു ബിസിനസ് അദ്ദേഹം തുടങ്ങി. മുക്കൂട്ടു മോനുമെന്റ്സ് ഇൻ കോർപ്പറേറ്റഡ് കമ്പനി തുടങ്ങിയത് അങ്ങനെയാണ്. ഇന്ത്യയിലും ചൈനയിലും നിന്ന് മികച്ച ശിലകൾ തോമസ് അമേരിക്കയിലേക്ക് വരുത്തി. എല്ലായിടത്തും ഓടിയെത്തിയ അദ്ദേഹം അമേരിക്കൻ മണ്ണിൽ ബിസിനസ് വേരു പിടിപ്പിച്ചു. ഇപ്പോൾ അമേരിക്കയുടെ എല്ലാഭാഗത്തും മോനുമെന്റ്സ് എത്തിക്കാനുള്ള സംവിധാനം തോമസിന്റെ കമ്പനിയുടെ പക്കലുണ്ട്. ഈ ബിസിനസ് അമേരിക്കയിൽ നടത്തുന്ന മറ്റൊരു അമേരിക്കൻ മലയാളിയും ഇല്ല എന്നതാണ് സത്യം.

അമേരിക്കയിൽ മരിക്കുന്ന ഒരു മലയാളിക്ക് സെമിത്തേരിയിൽ അവരുടെ ജനനവും മരണവും കുറിക്കുന്ന മോനുമെൻറ്സ് ഒരു ഓർമ്മയാണ്. ആറ് മാസത്തിനുള്ളിൽ ആ ശിലകൾ മുക്കൂട്ട് മോനുമെന്റ്സ് എത്തിച്ച് നൽകും. ഇന്ത്യ, ചൈന എന്നിവിടങ്ങളിൽ നിന്നും ശിലകൾ എത്തിക്കുന്നു. കൃത്യസമയത്ത് വമ്പിച്ച വിലക്കുറവിൽ ശിലകൾ ഏത് സ്റ്റേറ്റിലും ലഭ്യമാക്കും. ഈ കൃത്യത തോമസിന്റെ കമ്പനിയിൽ ജനങ്ങൾക്കുള്ള വിശ്വാസം വർധിപ്പിച്ചു. വളരെ നല്ല രീതിയിൽ ഈ ബിസിനസ് മുന്നോട്ടു കൊണ്ടുപോകുന്നതിൽ തോമസും കുടുംബവും ശ്രദ്ധിക്കുന്നു. സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്നവർക്ക് വിലയിളവിലും സൗജന്യമായും മോനുമെന്റ്സ് നിർമ്മിച്ചു നൽകുവാനും തോമസ് എബ്രഹാം തയ്യാറായിട്ടുണ്ട്. ഒരു കുടുംബത്തിന്റെ ആഗ്രഹത്തിനും ഓർമ്മകൾക്കും ഒപ്പം നിൽക്കുക. അതുംകൂടി തന്റെ ഉത്തരവാദിത്വമാണെന്ന് അദ്ദേഹം തിരിച്ചറിയുന്നു.

## 'ഇടതു കൈ ചെയ്യുന്നത് വലതു കൈ അറിയരുത്'

മനുഷ്യരെ സഹായിക്കുക എന്നത് ജീവിതത്തിൽ എപ്പോഴും സംഭവിക്കുന്ന ഒന്നായത് കൊണ്ട് തന്നെ അതിൽ വെളിപ്പെടുത്തലുകൾ ഒന്നും തന്നെ ആവശ്യമില്ല എന്ന് തന്നെയാണ് തോമസും കുടുംബവും വിശ്വസിക്കുന്നത്. ചാരിറ്റി പ്രവർത്തനങ്ങളിലൂടെ നിരവധി ആളുകളെ തോമസ് സഹായിക്കുന്നുണ്ട്. പക്ഷേ, ഇത് മറ്റൊരാൾ അറിയാൻ പാടില്ല എന്നാണ് അദ്ദേഹത്തിന്റെ നീതി. പഠനം, രോഗം ഒക്കയായി പലരേയും എപ്പോഴും സഹായിക്കാറുണ്ട്. ഭിന്നശേഷിക്കാർക്കാണ് കൂടുതൽ സഹായം ലഭ്യമാക്കുന്നത്. അമേരിക്കയിൽ നിരവധി സംഘടനകൾ ഉണ്ടെങ്കിലും സംഘടനാപ്രവർത്തന രംഗത്ത് തോമസ് സജീവമല്ല. എല്ലാവരും വേണം എന്നതാണ് അദ്ദേഹത്തിന്റെ രീതി. പത്ത് വർഷമായി ഡാളസ് സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ചാരിറ്റി കോ-ഓർഡിനേറ്റർ ആയി അദ്ദേഹം പ്രവർത്തിക്കുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ സംഘാടനത്തിൽ അദ്ദേഹത്തിനുള്ള അംഗീകാരം കൂടിയാണ് ഇത്. കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുവാൻ എക്കാലവും താൽപര്യമുള്ള തോമസ് നാല് സുഹൃത്തുക്കൾക്കൊപ്പം ഗാലക്സി എന്റർടെയ്ൻമെന്റ് എന്ന ഗ്രൂപ്പിന് തുടക്കം കുറിക്കുകയും ടെക്സാസ്, ഡാളസ് ഏരിയയിൽ ചലച്ചിത്ര താരങ്ങളുടെ നിരവധി ഷോകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

## വയനാട് വില്ല പ്രോജക്ട്

രണ്ടാം ജന്മമെന്നോണം തന്നെയും കുടുംബത്തെയും സ്വീകരിച്ച വയനാട്ടിൽ ഒരു ബിസിനസ് സംരംഭം തുടങ്ങാൻ ആഗ്രഹിച്ചപ്പോൾ അമേരിക്കയിൽനിന്നും നാട്ടിൽ വന്നു താമസിക്കുന്നവർക്കും പ്രയോജനകരമായി ഒരു വില്ല പ്രോജക്ട് തോമസ് ഏതാനും വർഷങ്ങൾക്ക് മുൻപ് പ്ലാൻ ചെയ്തിരുന്നു. നാൽപ്പത് വീടുകൾ നിർമ്മിക്കാനായിരുന്നു പദ്ധതി. എന്നാൽ കോൺട്രാക്ട് ഏൽപ്പിച്ച വ്യക്തിയുടെ ചതിയിൽപ്പെട്ട് പദ്ധതി കേസിൽ പോയി. 6 വർഷമായി ഈ കേസിന് പിറകെയാണ് തോമസ്. നാട്ടിൽ നല്ലൊരു പ്രോജക്ട് ചെയ്യാൻ തീരുമാനിച്ച പദ്ധതി ഇങ്ങനെ ആയതിൽ തോമസിന് വലിയ ദുഃഖമുണ്ട്. കേസ് അവസാനിച്ച ശേഷം പ്രോജക്ട് തുടരണം എന്ന് അദ്ദേഹം വിചാരിക്കുന്നു.




## അഞ്ചു തലമുറകളുടെ കുടുംബ ബന്ധം

അമേരിക്കയുടെ ആദ്യകാല മലയാളി കുടിയേറ്റ കാലത്ത് 1969-ൽ തോമസ് എബ്രഹാമിന്റെ വല്യപ്പച്ചന്റെ സഹോദര കുടുംബം വഴി അമേരിക്കയിൽ എത്തിയ ഒരു കുടുംബത്തിന്റെ കണ്ണി പടർന്നു പന്തലിച്ചത് അഞ്ചു തലമുറകളുടെ ദൃഢമായ ബന്ധത്തിലേക്കാണ്. ഇപ്പോൾ ഏതാണ്ട് അഞ്ഞൂറിലധികം കുടുംബങ്ങൾ ഈ കണ്ണിയിൽ ഇഴ ചേരുന്നു. ഈ കുടുംബത്തിൽ നിന്നും ആദ്യം അമേരിക്കയിലെത്തിയ ജോണിക്കുട്ടിച്ചായനും അദ്ദേഹം കൊണ്ടുവന്ന തോമസിന്റെ പിതാവിന്റെ അനുജൻ ബേബിക്കുട്ടിയും (മത്തായി യോഹന്നാൻ) ഇപ്പോഴും ജീവിച്ചിരുപ്പുണ്ട്. അവരോടുള്ള നന്ദി ഹൃദയപൂർവ്വം അറിയിക്കുന്നു. ഇപ്പോൾ പത്തു മക്കളിൽ ഒൻപത് സഹോദരങ്ങളും അമേരിക്കയിൽ ഉണ്ട് എന്നതും സന്തോഷം തന്നെ.

മകളുടെ മരണം ഭാര്യ ലിനിയെ തളർത്തിയെങ്കിലും തുടർന്ന് പഠിക്കാൻ ആഗ്രഹം പറഞ്ഞപ്പോൾ തോമസ് ഒപ്പം നിന്നു. അങ്ങനെ നേഴ്സിംഗിൽ ലിനി ഡോക്ടറേറ്റ് എടുത്തു. ഒരു ഹോസ്പിറ്റലിൽ ഉന്നതസ്ഥാനത്ത് ജോലി ചെയ്യുന്നു. മരിച്ച മകളും അമ്മ പഠിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. രണ്ടാമത്തെ മകൾ ടിയാറ തോമസ് കണ്ണ് ഡോക്ടർ ആണ്. 2023-ൽ വിവാഹിതയായി. മൂന്നാമത്തെ മകൾ ടാഷ സൈക്കോളജി പിഎച്ച്ഡി വിദ്യാർത്ഥിനിയാണ്.

ഒരു കണ്ണിനു കാഴ്ചയില്ലായ്മയും, മെഷിനിസ്റ്റായി ജോലി ചെയ്യവേ വലതു തോളിനുണ്ടായ അപകടത്തിൽ വലതു കൈക്കുണ്ടായ സ്വാധീനക്കുറവും തന്റെ ജീവിതത്തിന്റെ വളർച്ചയ്ക്ക് ഒരു തടസ്സമായി തോന്നാതിരുന്നത് ലിനിയും മക്കളും നൽകിയ പിന്തുണയുടെ ബലമാണ്.

തോമസ് എബ്രഹാമിന്റെ ജീവിതം കനൽവഴികളിലൂടെയാണ് കടന്നുവന്നതെന്ന് അദ്ദേഹത്തിന്റെ ഇതുവരെയുള്ള ചരിത്രം നമുക്ക് പറഞ്ഞുതരുന്നു. നമുക്ക് എത്ര കേട്ടാലും ഉള്ളിൽ കനൽ ഉണ്ടെങ്കിൽ ഏത് മഴക്കാലത്തും നമ്മൾ കത്തി നിൽക്കും എന്നതിന്റെ ഉദാഹരണമാണ് തോമസ് എബ്രഹാമിന്റെ ജീവിതം.

Contact:
Mukkut Monuments Inc.
Phone: 972 342 0041
Website: www.mukkutmonuments.com
Email:mukkutmonuments@gmail.com

© Kerala Express

# സിഎംഎ ബാസ്കറ്റ്ബോൾ ടൂർണ്ണമെന്റിൽ എക്സ്പ്രസ്സ് ടിഎൻജി ടീം ചാമ്പ്യന്മാർ

ചിക്കാഗോ: സിഎംഎയുടെ ആഭിമുഖ്യത്തിൽ എൽജിനിലെ പാർക്ക് ഡിസ്ട്രിക്ടിൽ നടന്ന ആവേശോജ്വലമായ ബാസ്കറ്റ്ബോൾ ടൂർണ്ണമെന്റിൽ കോളജ് വിഭാഗത്തിൽ എക്സ്പ്രസ്സ് ടിഎൻജി ടീം ചാമ്പ്യന്മാരായി.

വിജയികൾക്ക് വിനു മാമ്മൂട്ടിൽ സ്പോൺസർ ചെയ്ത മത്തായി മാമ്മൂട്ടിൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും കാഷ് അവാർഡും ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി സമ്മാനിച്ചു.

**ആൽവിൻ ഷിക്കോർ**

റണ്ണേഴ്സ് അപ് ആയ എൻഎൽഎംബി ടീമിന് ഷിബു മുളയാനിക്കുന്നേൽ സ്പോൺസർ ചെയ്ത അന്നമ്മ ജോസഫ് മുളയാനിക്കുന്നേൽ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും കാഷ് അവാർഡും വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ കൈമാറി.

ടൂർണ്ണമെന്റ് എംവിപി ആയ അരുൺ രാജേഷ് ബാബുവിന് ജോസ് മണക്കാട്ട് സ്പോൺസർ ചെയ്ത ട്രോഫിയും കാഷ് അവാർഡും അവസാന മത്സരത്തിലെ എംവിപിയായ ആന്റണി പ്ലാമൂട്ടിലിന് ഫിലിപ്പ് പുത്തൻപുരയിൽ സ്പോൺസർ ചെയ്ത ഫൈനൽസ് എംവിപി ട്രോഫിയും ബെസ്റ്റ് ഡിഫൻസീവ് പ്ലെയർ ആയി തെരഞ്ഞെടുക്കപ്പെട്ട റെജ് ജോൺസണ് ജോൺസൺ കണ്ണൂക്കാടൻ സ്പോൺസർ ചെയ്ത ഡിഫൻസ് പ്ലെയേഴ്സ് ട്രോഫിയും ടോം സണ്ണി (ന്യൂയോർക്ക് ലൈഫ് ഇൻഷ്വറൻസ്) സ്പോൺസർ ചെയ്ത വ്യക്തിഗത ട്രോഫിയും വിതരണം ചെയ്തു.

ജോർജ് മോളയ്ക്കൽ, രാജു വിൻസെന്റ് എന്നിവർ ഈ ടൂർണ്ണമെന്റിന്റെ മുഖ്യ സ്പോൺസർമാരായിരുന്നു. ടൂർണ്ണമെന്റ് നടത്തിപ്പിന് ചുക്കാൻ പിടിച്ച മനോജ് അച്ചേട്ടും ജോർജ് പ്ലാമൂട്ടിലും എല്ലാവർക്കും നന്ദി പറഞ്ഞു. സിഎംഎ ബോർഡ് മെംബർ ആയ ജോസ് മണക്കാട്ട്, മാത്യു ജെയ്സൺ, മുൻ പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ എന്നിവരും സന്നിഹിതരായിരുന്നു.





ഒന്നാം സമ്മാനം നേടിയ എക്സ്പ്രസ്സ് ടിഎൻജി ടീമിനെ നയിച്ചത് മാത്യു അച്ചാട്ട്, ആന്റണി പ്ലാമൂട്ടിൽ എന്നിവരായിരുന്നു. ആന്റണി കുര്യൻ, റെജ് ജോൺസൺ, അരുൺ രാജേഷ് ബാബു, രോഹൻ റ്റിവെലിൽ, റയാൻ ജോർജ്, ഡെന്നി പ്ലാമൂട്ടിൽ, ജോസഫ് ചിറയിൽ, സാക്ക് ചിറയിൽ, ഷോൺ ചിറയിൽ എന്നിവർ ടീം അംഗങ്ങളായിരുന്നു.

റണ്ണേഴ്സ് അപ്പായ എൻഎൽഎംബി ടീമിനെ നയിച്ചത് ജെയ്‌വിൻ ഇലവുങ്കൽ ആയിരുന്നു. ഡെറിക് തോമസ്, ഏബ്രഹാം മണപ്പിള്ളി, സേവ്യർ മണപ്പിള്ളി, ജോബിൻ വർഗീസ്, ജസ്റ്റിൻ കൊല്ലമന, അമൽ ഡെന്നി, ബെൻ ലൂക്കോസ് എന്നിവർ ടീം അംഗങ്ങളായിരുന്നു.

## ഇന്ത്യ–സിങ്കപ്പൂർ ബന്ധം തന്ത്രപ്രധാന തലത്തിലേക്ക്


സിങ്കപ്പൂർ: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനവേളിൽ സിങ്കപ്പൂരും ഇന്ത്യയും നാലു ധാരണാപത്രങ്ങൾ ഒപ്പിട്ടു. സെമികണ്ടക്ടർ, ഡിജിറ്റൽ സാങ്കേതികവിദ്യ, നൈപുണിവികസനം, ആരോഗ്യരക്ഷ എന്നീ രംഗങ്ങളിലെ സഹകരണത്തിനുള്ള ധാരണാപത്രങ്ങളാണിവ.



പ്രധാനമന്ത്രി നരേന്ദ്രമോദി സിങ്കപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ.

ഇന്ത്യയുടെ ആദ്യ തിരുവള്ളുവർ സാംസ്കാരികകേന്ദ്രം സിങ്കപ്പൂരിൽ തുറക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. സിങ്കപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ്ങിനെ അദ്ദേഹം ഇന്ത്യയിലേക്കു ക്ഷണിച്ചു. ക്ഷണം വോങ് സ്വീകരിച്ചു. വോങ്ങിന്റെ ക്ഷണപ്രകാരം സിങ്കപ്പൂരിലെത്തിയ മോദിയെ പാർലമെന്റ് മന്ദിരത്തിൽ ചുവപ്പുപരവതാനി വിരിച്ചു സ്വീകരിച്ചു. സെപ്റ്റംബർ അഞ്ചിന് രണ്ടു പ്രധാനമന്ത്രിമാരും തമ്മിൽ ചർച്ച നടത്തി. ഉഭയകക്ഷിബന്ധത്തെ തന്ത്രപരമായ സമഗ്രപങ്കാളിത്തത്തിന്റെ തലത്തിലേക്ക് ഉയർത്താൻ ചർച്ചയിൽ ധാരണയായി. ഉത്പാദനം, ഡിജിറ്റൈസേഷൻ, ആരോഗ്യം, വൈദ്യശാസ്ത്രം, നൈപുണിവികസനം തുടങ്ങിയ കാര്യങ്ങൾ രണ്ടു നേതാക്കളും ചർച്ചചെയ്തു. 2025-ൽ ഉഭയകക്ഷിബന്ധത്തിന്റെ 60-ാം വാർഷികം എങ്ങനെ ആഘോഷിക്കണമെന്ന കാര്യവും ചർച്ചയായി. സിങ്കപ്പൂർ മുൻ പ്രധാനമന്ത്രി ലിസൈൻ ലൂങ് ഉൾപ്പെടെയുള്ള നേതാക്കളെയും മോദി കണ്ടു.

## കൂടുതൽ നികുതി അടയ്ക്കുന്ന സെലിബ്രിറ്റികളിൽ മോഹൻലാലും



ഇന്ത്യയിൽ ഏറ്റവും കൂടുതൽ നികുതിയടയ്ക്കുന്ന സെലിബ്രിറ്റികളുടെ പട്ടികയിൽ ഇടംനേടി സൂപ്പർതാരം മോഹൻലാലും. ഫോർച്യൂൺ ഇന്ത്യ മാഗസിൻ പുറത്തുവിട്ട പട്ടികയിൽ ഏറ്റവും കൂടുതൽ നികുതി അടയ്ക്കുന്നവരുടെ പട്ടികയിൽ ഒന്നാമത് ബോളിവുഡ് സൂപ്പർതാരം ഷാരൂഖ് ഖാനാണ്. തമിഴ് സൂപ്പർതാരം ദളപതി വിജയ് രണ്ടാം സ്ഥാനത്തും ബോളിവുഡ് സൂപ്പർതാരം സൽമാൻ ഖാൻ മൂന്നാം സ്ഥാനത്തുമെത്തി. ബോളിവുഡ് ഇതിഹാസം അമിതാഭ് ബച്ചൻ നാലാം സ്ഥാനത്താണ്. ഈ സാമ്പത്തികവർഷം 92 കോടി രൂപയാണ് ഷാരൂഖ് ഖാൻ നികുതിയടച്ചത്. വിജയ് 80 കോടിയും സൽമാൻ ഖാൻ 75 കോടിയും നികുതിയടച്ചപ്പോൾ അമിതാഭ് ബച്ചൻ 71 കോടി രൂപ നികുതിയടച്ചു. ഏറ്റവും കൂടുതൽ നികുതിയടക്കുന്നവരിൽ അഞ്ചാം സ്ഥാനത്തുള്ളത് ക്രിക്കറ്റ്താരം വിരാട് കോഹ്‌ലിയാണ്. 68 കോടി രൂപ അടച്ച കോഹ്‌ലിയാണ് ഏറ്റവും കൂടുതൽ നികുതിയടച്ച ക്രിക്കറ്റർ.

മഹേന്ദ്രസിംഗ് ധോണി (38 കോടി രൂപ), സച്ചിൻ തെണ്ടുൽക്കർ (28 കോടി രൂപ) എന്നിവരാണ് പട്ടികയിൽ ആദ്യ പത്തിൽ ഇടംപിടിച്ച മറ്റു കായികതാരങ്ങൾ. മുൻക്രിക്കറ്റ് താരം സൗരവ് ഗാംഗുലി (23 കോടി), ഹാർദിക് പാണ്ഡ്യ (13 കോടി) എന്നിവർ ആദ്യ 20 പേരിലുണ്ട്.

ബോളിവുഡ് താരം അജയ് ദേവ്ഗൺ 42 കോടി രൂപയും രൺബീർ കപൂർ 36 കോടിയും നികുതിയടച്ച് ആദ്യ പത്തിൽ ഇടംനേടി.

# ഡോ. മാത്യു വർഗീസ് ചെയർമാനായി ഫൊക്കാന ഫൗണ്ടേഷൻ

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാനയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഫൊക്കാന ഫൗണ്ടേഷന്റെ ചെയർമാൻ ആയി ഡോ. മാത്യു വർഗീസ്, വൈസ് ചെയർ ആയി സുധാ കർത്താ, ഫൗണ്ടേഷൻ സെക്രട്ടറി ആയി ചാക്കോ കുര്യൻ, കമ്മിറ്റിയിലേക്ക് ഡോ. ബ്രിജിത്ത് ജോർജ്, ഷാജു സാം എന്നിവരെ തെരഞ്ഞെടുത്തതായി പ്രസിഡന്റ് സജിമോൻ ആന്റണിയും ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസും സംയുക്തമായി അറിയിച്ചു.



ഫൗണ്ടേഷന്റെ ചെയർ ആയി നിയമിതനായ ഡോ. മാത്യു വർഗീസ് ഫൊക്കാനയുടെ ജോയിന്റ് സെക്രട്ടറി, ജോയിന്റ് ട്രഷറർ, ഫൊക്കാന സ്പെല്ലിംഗ് ബീ കോമ്പറ്റീഷന്റെ ദേശീയ കോ-ഓർഡിനേറ്റർ തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം ഡിട്രോയിറ്റ് കേരള ക്ലബിന്റെ പ്രസിഡന്റ് ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അമേരിക്കൻ ഡയോസിസുകളുടെ മുൻ കൗൺസിൽ അംഗം കൂടിയായ അദ്ദേഹം ഡിട്രോയിറ്റ് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് സെക്രട്ടറി, ഡിട്രോയിറ്റ് എക്യൂമെനിക്കൽ കമ്മിറ്റി സെക്രട്ടറി, ഓർത്തഡോക്സ് സഭ സൗത്ത് വെസ്റ്റ് അമേരിക്കൻ കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കയിലെ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റിൽ വെറ്ററിനറി മെഡിക്കൽ ഓഫീസറായി 15 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം കഴിഞ്ഞ 17 വർഷക്കാലമായി മിഷിഗണിൽ സ്വന്തമായി ആനിമൽ വെറ്ററിനറി പ്രാക്ടീസ് നടത്തി വരുന്നു. അദ്ദേഹം ഭാര്യയുമൊത്തു ഡിട്രോയിറ്റിലാണ് താമസം.

വൈസ് ചെയർ ആയി തെരഞ്ഞെടുക്കപ്പെട്ട സുധാ കർത്താ ഫൊക്കാനയുടെ മുൻ ജനറൽ സെക്രട്ടറി ആണ്. ട്രസ്റ്റി ബോർഡ് സെക്രട്ടറി, ട്രസ്റ്റി ബോർഡ് മെമ്പർ തുടങ്ങി പല സ്ഥാനങ്ങളും വഹിച്ചിട്ടുള്ള അദ്ദേഹം കഴിഞ്ഞകാല ഫൊക്കാന കൺവൻഷനുകളിൽ വിവിധ കൺവൻഷനുകളുടെ ഭാരവാഹിത്വവും വഹിച്ചിട്ടുണ്ട്. ഫൊക്കാനയുടെ സീനിയർ നേതാവായ അദ്ദേഹം ഫിലാഡൽഫിയായിലെ പമ്പ മലയാളി അസോസിയേഷന്റെ സ്ഥാപകാംഗം, മുൻ പ്രസിഡന്റ്, ഇൻഡ്യ കൗൺസിലിന്റെ ചെയർ തുടങ്ങി നിരവധി മേഖലകളിൽ പ്രവർത്തിക്കുന്ന അദ്ദേഹം വിവിധ മേഖലകളിൽ പ്രവർത്തന വൈവിധ്യം തെളിയിച്ചിട്ടുണ്ട്. അമേരിക്കയിലെ അറിയപ്പെടുന്ന സിപിഎ ആയ സുധാ കർത്താ ഫിലാഡൽഫിയായിലും ന്യൂയോർക്കിലും സ്വന്തമായി അക്കൗണ്ടിങ് സ്ഥാപനങ്ങൾ നടത്തുന്നു.

ഫൗണ്ടേഷൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ചാക്കോ കുര്യൻ ഫൊക്കാനയുടെ വിവിധ തലങ്ങളിൽ മൂന്നു പതിറ്റാണ്ടിലേറെ പ്രവർത്തിച്ചുവരുന്ന മുതിർന്ന നേതാവായ ചാക്കോ കുര്യൻ ഫൊക്കാനയുടെ വൈസ് പ്രസിഡന്റ്, കൺവൻഷൻ ചെയർ, കമ്മിറ്റി മെമ്പർ, ഓഡിറ്റർ തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള വ്യക്തിയാണ്. ഒർലാൻഡോ റീജിയണൽ മലയാളി അസോസിയേഷന്റെ (ഓർമ്മ) പ്രസിഡണ്ട് ആയും പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ഒർലാണ്ടോയിൽ അറിയപ്പെടുന്ന സാമൂഹ്യ സംഘടനാ പ്രവർത്തകനാണ്. ലോങ്ങ്ഐലന്റ് കാത്തലിക്ക് അസോസിയേഷന്റെ 1993-1994 വർഷത്തെ ഡയറക്ടർ ആയിരുന്നു. സാമൂഹിക സാംസ്കാരിക രംഗങ്ങളിലെന്ന പോലെ ബിസിനസ് രംഗത്തും വൻ നേട്ടങ്ങളുണ്ടാക്കിയ അദ്ദേഹം ഫ്ളോറിഡയിലെ അറിയപ്പെടുന്ന ഒരു ബിസിനസുകാരൻ കൂടിയാണ്.

ഡോ. ബ്രിജിത്ത് ജോർജ് ഫൊക്കാനയുടെ വിമെൻസ് ഫോറം ചെയർ ആയി പുതുമയാർന്ന ഒരു പ്രവർത്തനം കാഴ്ചവെക്കുകയും മറ്റ് സംഘടനകൾക്കു മാതൃകയാക്കാവുന്ന നേതൃത്വപാടവം കാഴ്ചവെച്ച വ്യക്തിയുമാണ്. സി.എം.എയിലൂടെ ഫൊക്കാനയുടെ പ്രവർത്തങ്ങളിൽ സജീവമായിരുന്ന ഡോ. ബ്രിജിത്ത് ഫൊക്കാനയുടെ മിക്കവാറുമുള്ള എല്ലാ കൺവൻഷനുകളുടെയും കലാ സാംസ്കാരിക വേദികളിൽ സജീവ സാന്നിധ്യമായിരുന്നു. 2012-ൽ ഹൂസ്റ്റണിൽ വെച്ച് നടന്ന ഫൊക്കാന കൺവൻഷനിൽ മലയാളി മങ്കയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഫൊക്കാന ഒർലാണ്ടോ കൺവൻഷൻ മലയാളി മങ്ക കോ-ഓർഡിനേറ്റർ ആയി പ്രവർത്തിക്കുകയും ചെയ്തിരുന്നു. മികച്ച പ്രസംഗിക, ടി.വി. അവതാരിക, പ്രോഗ്രാം അവതാരിക, സംഘടനാ പ്രവർത്തക, ഗായിക, മത സാംസ്കാരിക പ്രവർത്തക, ആതുരസേവന സംഘടനാ പ്രവർത്തക തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയാണ് ഫൊക്കാനക്കാരുടെ അഭിമാനമായ ഡോ. ബ്രിജിത്ത് ജോർജ്.

ഷാജു സാം അമേരിക്കയിലെ അറിയപ്പെടുന്ന സാംസ്കാരിക പ്രവർത്തകനും കഴിഞ്ഞ മൂന്ന് പതിറ്റാണ്ടായി വാൾസ്ട്രീറ്റിലെ ഒരു പ്രമുഖ കമ്പനിയിൽ കൺട്രോളർ ആയി സേവനം അനുഷ്ഠിക്കുന്ന വ്യക്തിയുമാണ്. കേരള സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ സജീവ പ്രവർത്തകനും രണ്ടുതവണ പ്രസിഡന്റ് ആവുകയും ഫൊക്കാനയിലും നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം ന്യൂയോർക്കിലെ ഒരു പ്രമുഖ വോളിബോൾ ക്ലബ്ബിന്റെ പ്രസിഡന്റ് കൂടിയാണ്. ഈ വർഷം ന്യൂയോർക്കിൽ നടന്ന വോളിബോൾ മത്സരവും ഷാജു സാമിന്റെ നേതൃത്വത്തിൽ ആണ് നടന്നത്. അന്തർദേശീയ സംഘടനയായ വൈസ്മെൻ ഇന്റർനാഷണൽ ക്ലബ്ബിന്റെ നോർത്ത് അമേരിക്കയിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ മികവുകൊണ്ട് ഷാജു സാമിനെ വൈസ്മെന്റെ ഇന്റർനാഷണൽ തലത്തിൽ ഉയർത്തപ്പെടുകയുണ്ടായി. നിരവധി അവാർഡുകളും പുരസ്കാരങ്ങളും നേടിയിട്ടുള്ള അദ്ദേഹം സാമുദായിക തലത്തിലും അറിയപ്പെടുന്ന വ്യക്തിയാണ്. ന്യൂയോർക്കിലെ ഒരു പ്രമുഖ അക്കൗണ്ടിങ് സ്ഥാപനത്തിന്റെ ഉടമകൂടിയാണ് അദ്ദേഹം.

ഫൊക്കാന ഫൗണ്ടേഷന്റെ ഭാരവാഹികളായി തെരഞ്ഞെടുത്ത ഡോ. മാത്യു വർഗീസ്, സുധാ കർത്താ, ചാക്കോ കുര്യൻ, ഡോ. ബ്രിജിത്ത് ജോർജ്, ഷാജു സാം എന്നിവരെ ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയും ട്രസ്റ്റീ ബോർഡും അഭിനന്ദിച്ചു. ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷർ ജോയി ചാക്കപ്പൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ്, ട്രസ്റ്റീ വൈസ് ചെയർ സതീശൻ നായർ, ട്രസ്റ്റീ സെക്രട്ടറി ബിജു ജോൺ, മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മെംബേർസ് എന്നിവരും അഭിനന്ദിച്ചു.

# മതസൗഹാർദം കാക്കാൻ മാർപാപ്പയുടെ ആഹ്വാനം

ജക്കാർത്ത: മത, സാംസ്കാരിക വൈവിധ്യങ്ങളെ അംഗീകരിച്ചു വളരാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തു. മതപരമായ അസഹിഷ്ണുതയ്ക്കെതിരെ പോരാടാനും നാനാത്വത്തിലെ ഏകത്വം കാത്തുസൂക്ഷിക്കാനും ഇന്തോനേഷ്യൻ സർക്കാരിനു കഴിയട്ടെയെന്നും മാർപാപ്പ പറഞ്ഞു.

ഇന്തോനേഷ്യൻ സന്ദർശനത്തിനിടെ, സെപ്റ്റംബർ നാലിന് ജക്കാർത്തയിലെ പ്രസിഡൻഷ്യൽ കൊട്ടാരത്തിൽ നയതന്ത്ര പ്രതിനിധികൾ, സർക്കാർ പ്രതിനിധികൾ, പൗരപ്രമുഖർ തുടങ്ങിയവരുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു മാർപാപ്പ. ഇന്തോനേഷ്യ സന്ദർശിക്കാൻ തന്നെ ക്ഷണിച്ചതിന് രാജ്യത്തിന്റെ പ്രസിഡണ്ടിന് നന്ദി പറഞ്ഞുകൊണ്ടായിരുന്നു മാർപാപ്പ പ്രഭാഷണം ആരംഭിച്ചത്.

ഇന്തോനേഷ്യൻ ദ്വീപുകളെ കടൽ ബന്ധിപ്പിക്കുന്നതുപോലെ, രാജ്യത്തെ വിവിധ മാനവികസമൂഹങ്ങളുടെ വ്യത്യസ്തങ്ങളായ സംസ്കാരങ്ങളുടെയും വർഗങ്ങളുടെയും ഭാഷകളുടെയും മതങ്ങളുടെയും നേർക്കുള്ള പരസ്പര ബഹുമാനമാണ് ഇന്തോനേഷ്യക്കാരെ ഒരുമിച്ചു നിർത്തുകയും അവർക്ക് അഭിമാനിക്കാൻ വക നൽകുകയും ചെയ്യുന്നതെന്ന് മാർപാപ്പ ഓർമിപ്പിച്ചു.

ബഹുമുഖങ്ങളായ സംസ്കാരങ്ങളും വിവിധ പ്രത്യയശാസ്ത്രദർശനങ്ങളും തമ്മിലുള്ള സന്തുലിതാവസ്ഥയാണ് ഐക്യത്തെ ഉറപ്പിക്കുന്നതെന്നും ഇത് സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും മാർപാപ്പ ഓർമിപ്പിച്ചു.

കത്തോലിക്കാസഭ പൊതുനന്മ ലക്ഷ്യമാക്കിയാണു പ്രവർത്തിക്കുന്നതെന്നും അതുകൊണ്ടുതന്നെ പൊതുമേഖലയുമായും സമൂഹത്തിലെ മറ്റു യാഥാർത്ഥ്യവുമായും സഹകരിച്ചു പ്രവർത്തിക്കാനാണു ശ്രമിക്കുന്നതെന്നും പറഞ്ഞ മാർപാപ്പ, എന്നാൽ ഇതൊരിക്കലും മതപരിവർത്തനം നടത്തിക്കൊണ്ടല്ലെന്നും വ്യക്തമാക്കി. സഭ ഏവരുടെയും വിശ്വാസത്തെ മാനിക്കുന്നുവെന്നും അതുകൊണ്ടുതന്നെ കൂടുതൽ സന്തുലിതമായ ഒരു സമൂഹഘടനയെ പ്രോത്സാഹിപ്പിക്കുന്നുവെന്നും മാർപാപ്പ കൂട്ടിച്ചേർത്തു. ദൈവവിശ്വാസത്തെ ഒഴിവാക്കുന്ന സംസ്കാരത്തെ മാർപാപ്പ അപലപിച്ചു.

സമാധാനം സംസ്ഥാപിതമാക്കാൻ മതങ്ങൾക്കു നിർണായക പങ്കുണ്ടെന്ന് പ്രസിഡൻഷ്യൽ കൊട്ടാരത്തിൽ പ്രസിഡന്റ് ജോക്കോ വിഡോഡോയുമായുള്ള കൂടിക്കാഴ്ചയിൽ മാർപാപ്പ പറഞ്ഞു. സമാധാനം ഉറപ്പാക്കുന്ന സൗഹാർദം വളർത്തിയെടുക്കാൻ മതാന്തര സംവാദം ശക്തിപ്പെടുത്താൻ സഭ ആഗ്രഹിക്കുന്നു. തീവ്രവാദികൾ മതത്തെ വളച്ചൊടിച്ച് അക്രമവും വഞ്ചനയും ഉപയോഗിച്ച് അവരുടെ കാഴ്ചപ്പാടുകൾ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതായും മാർപാപ്പ പറഞ്ഞു.

പ്രക്ഷുബ്ധമായ ലോകത്തിന്റെ നടുവിൽ സ്വാതന്ത്ര്യവും സഹിഷ്ണുതയുമാണ് ഇന്തോനേഷ്യയും വത്തിക്കാനുമായി ചേർന്നു പ്രചരിപ്പിക്കാൻ ആഗ്രഹിക്കുന്നതെന്ന് പ്രസിഡണ്ട് ജോക്കോ വിഡോഡോ പറഞ്ഞു. നേരത്തേ പ്രസിഡൻഷ്യൽ കൊട്ടാരത്തിൽ മാർപാപ്പയ്ക്ക് ആചാരപരമായ വരവേല്പ് ലഭിച്ചു. ഇവിടെവെച്ച് നയതന്ത്ര പ്രതിനിധികൾ, സർക്കാർ പ്രതിനിധികൾ, പൗരപ്രമുഖർ തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് വത്തിക്കാൻ സ്ഥാനപതി കാര്യാലയത്തിൽ ഈശോസഭാംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം ജക്കാർത്തയിലെ സ്വർഗാരോപിതനാഥയുടെ കത്തീഡ്രലിൽ മെത്രാന്മാരും വൈദികരുമായി കൂടിക്കാഴ്ച നടത്തി.



ജക്കാർത്തയിലെ സ്വർഗാരോപിതനാഥയുടെ കത്തീഡ്രലിൽ മെത്രാന്മാരും വൈദികരുമായി മാർപാപ്പ കൂടിക്കാഴ്ച നടത്തുന്നു.

# പ്രവാസി ചരിത്രത്തിലെ ഇന്നലെകളിൽ നിന്നും ഇന്നിലേക്കുള്ള ഏടുകൾ മറിക്കുമ്പോൾ

**തോമസ് പടന്നമാക്കൽ**

അറുപതുകളിൽ തുടങ്ങി, എഴുപതുകളിൽ പടർന്നു കയറി പുഷ്പിച്ചു പന്തലിച്ച അമേരിക്കൻ മലയാളി പ്രവാസികൾ ഒരു തിരിഞ്ഞുനോട്ടം.

സ്വതന്ത്രഭാരതത്തിൽ ജീവിതം കരുപ്പിടിക്കാൻ കൃഷിയെ പ്രധാന ഉപജീവന മാർഗ്ഗമാക്കിയവരും ചെറുകിടക്കാരായ കച്ചവടക്കാരും മാത്രം അടങ്ങുന്ന ഒരു ചെറിയ സമ്പദ്‌വ്യവസ്ഥയുടെ ഉടമകളായിരുന്നു കൊച്ചുകേരളത്തിലെ ജനതകൾ. ദൈനംദിന ജീവിതത്തിൽ ധാരാളം പരിമിതികൾ ഭരണകൂടങ്ങളെ പോലും നിരായുധരാക്കിയിരുന്നു. ഭാരതത്തിലെ വിദ്യാസമ്പന്നരുടെ എണ്ണത്തിൽ കേരളം താരതമ്യേന മുൻപന്തിയിലായിരുന്നു. എങ്കിലും തൊഴിലില്ലായ്മയും വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ സാദ്ധ്യതകളും കേരളത്തിൽ വിരളമായിരുന്നു. വിദ്യാസമ്പന്നരായ ചെറുപ്പക്കാർ കാർഷികവൃത്തിയിലേക്കു മടങ്ങാൻ വിമുഖത കാട്ടുകയും അന്തസ്സായി ഒരു തൊഴിലിനും വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരണമായ ഒരു ജീവിതമാർഗ്ഗത്തിനുമായി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ, തൊഴിൽ മാനദണ്ഡങ്ങളുമായി പുലബന്ധം പോലും പുലർത്താത്ത ബ്രിട്ടീഷുകാർ ഗുമസ്ഥന്മാരെ സൃഷ്ടിക്കാൻ പടച്ചുകൂട്ടിയ വിദ്യാഭ്യാസ സമ്പ്രദായം തൊഴിൽ അവസരങ്ങൾ കാര്യമായി സൃഷ്ടിച്ചില്ല.

തൊഴിൽരഹിതരായ ചെറുപ്പക്കാർ ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലേക്കും ജീവൻ പണയംവെച്ച് കെട്ടുവള്ളത്തിലും പത്തേമാരിയിലും അതുപോലുള്ള അപകടകരമായ പല മാർഗ്ഗങ്ങളും സ്വീകരിച്ചു കേരളംവിട്ട് വിദേശത്തേക്കും തൊഴിൽസാദ്ധ്യത തേടി അലഞ്ഞുതുടങ്ങി. അപ്പോഴാണ് വിദേശത്ത് നേഴ്സിംഗ് രംഗത്ത് വലിയ സാദ്ധ്യതയുണ്ടെന്നുള്ള അറിവ് കിട്ടുന്നതും നേഴ്സിംഗ് പഠിച്ച വളരെയധികം പെൺകുട്ടികൾ ഗൾഫിലേക്കും ജർമ്മനിയിലേക്കും യൂറോപ്പ് പോലുള്ള മറ്റു വിവിധ രാജ്യങ്ങളിലേക്കും പോയിത്തുടങ്ങിയത്. സാമ്പത്തികമായി മെട്ടപ്പെട്ട തൊഴിലവസരങ്ങൾ കൂടുതൽ ആളുകൾക്ക് നേഴ്സിംഗ് പഠിക്കാനും വിദേശ രാജ്യങ്ങളിലേക്ക് പോകാനുമുള്ള താല്പര്യം ഉണ്ടാക്കി. ഉപരിപഠനത്തിനായി ക്രിസ്ത്യൻ പുരോഹിതർ അക്കാലത്ത് വിദേശരാജ്യങ്ങളിൽ പോകുകയും നേഴ്സിംഗ് സാദ്ധ്യതകളെക്കുറിച്ച് പഠിക്കുകയും കൂടുതൽ കുട്ടികളെ വിദേശത്തേക്കു പോകാൻ സഹായിക്കുകയും ചെയ്തു. ഇതിനു തുടക്കം കുറിച്ച ക്രിസ്ത്യൻ വൈദികരെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. അറുപതുകളിൽ ഒന്നും ഒറ്റയ്ക്കുമൊക്കെയായി ഓരോരുത്തരായി അങ്ങനെ അമേരിക്കയിലും എത്തി. സാമ്പത്തികമായി മുന്നോക്കം നിന്നവരും സ്കോളർഷിപ് വാങ്ങിയെടുക്കാൻ കഴിവുള്ളവരും സ്റ്റുഡന്റ്സ് വിസ്സയിലും എത്തിത്തുടങ്ങി.

എഴുപതുകളുടെ തുടക്കം മുതൽ മലയാളി കുട്ടികൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പോയി നേഴ്സിംഗ് പഠിക്കുകയും പരസ്പര സഹായത്തോടെ കൂട്ടമായി അമേരിക്ക തുടങ്ങിയ നാടുകളിലേക്ക് ചേക്കേറാനും തുടങ്ങി. മെച്ചപ്പെട്ട സാമ്പത്തിക നിലവാരം അവരുടെ കുടുംബങ്ങളെ ഉയർന്ന നിലയിലേക്കുയർത്തി. വിദേശത്ത് എത്തിയെങ്കിലും പലരും നാട്ടിലെ കുടുംബത്തിന്റെ സാമ്പത്തിക ബാദ്ധ്യത കാരണം അവിവാഹിതരായി നിന്നുകൊണ്ട് ഒന്നിലധികം സ്ഥലങ്ങളിൽ ജോലിചെയ്തുപോലും താന്താങ്ങളുടെ കുടുംബങ്ങളെ കടബാദ്ധ്യതകളിൽ നിന്നും രക്ഷിക്കാനും സഹോദരങ്ങളുടെ വിദ്യാഭ്യാസത്തിനും വിവാഹ ആവശ്യത്തിനും കുടുംബത്തിലെ ദൈനംദിന ആവശ്യങ്ങൾക്കും അഹോരാത്രം അദ്ധ്വാനിച്ച് പണം കണ്ടെത്തി നാട്ടിലേക്ക് അയച്ചു. തങ്ങളുടെ ത്യാഗം മുതലാക്കിയ പല കുടുംബങ്ങളും അവരുടെ കഷ്ടപ്പാട് മനസ്സിലാക്കാതെ കൂടുതൽ കൂടുതൽ ആവശ്യങ്ങൾക്കായി അവരെ അലട്ടിക്കൊണ്ടിരുന്നു. വിവാഹപ്രായം കഴിഞ്ഞ്, ജീവിതസ്വപ്നങ്ങൾ ബലികഴിച്ച അനേകം കുട്ടികളുടെ ത്യാഗം സമ്മാനിച്ച സമ്പത്താണ് കൊച്ചുകേരളത്തിന്റെ ഉയർച്ചയുടെ വഴികാട്ടിയായത് എന്ന് എത്രപേർ അനുസ്മരിക്കുന്നുണ്ട്?

നേഴ്സിംഗ് തൊഴിൽ അപകീർത്തികരമായിരുന്ന ഒരു കാലത്ത് അവർ കുടുംബത്തിനുവേണ്ടിയും നാടിനുവേണ്ടിയും ചെയ്ത ത്യാഗത്തിന്റെ കണ്ണീർമണികളായിരുന്നു ആ തൊഴിൽ തെരഞ്ഞെടുക്കാൻ കാരണമെന്ന് മനസ്സിലാക്കണം. എഴുപതുകളുടെ രണ്ടാം പകുതിയിൽ മറ്റൊരു ദിശയിലേക്ക് അമേരിക്കൻ യാത്ര തിരിഞ്ഞു. തെക്കേ അമേരിക്കയിലെത്തിയ ബഹുഭൂരിപക്ഷം നേഴ്സുമാർക്കും ബാലികേറാമലയായിരുന്നു അമേരിക്കയിലെ നേഴ്സിംഗ് രജിസ്ട്രേഷൻ കിട്ടുക എന്നത്. ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗത്തിലുള്ള പരിമിതികൾ, നാട്ടിലെ നേഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരക്കുറവ് തുടങ്ങിയ ഘടകങ്ങൾ അവരെ വല്ലാതെ അലട്ടിയിരുന്നു. നാടേത്, നാളേത് എന്ന് ചോദിക്കാൻ പോലും ഒരു സഹായത്തിന് ആരും ഉണ്ടായിരുന്നില്ല. എങ്കിലും പരസ്പര സഹായം തേടിയും എന്തു ജോലിയും ചെയ്യാൻ തയ്യാറായി, ജോലിസ്ഥലങ്ങളിലെ മറ്റുള്ളവരുടെ മാർഗ്ഗനിർദ്ദേശങ്ങളും മലയാളികളുടെ അസോസിയേഷൻ പോലുള്ള സംഘടനകളുടെ സഹായസഹകരണങ്ങളിലൂടെയും ഒക്കെ അതതു ദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കണ്ടെത്തുകയും നിലനില്പിനു വേണ്ട അറിവ് വാങ്ങി അത്യാവശ്യം വേണ്ട യോഗ്യതാപരീക്ഷകളിൽ വിജയംനേടി ജോലിക്കു വേണ്ട മാർഗ്ഗം കണ്ടെത്തി, ഭൂരിപക്ഷം വരുന്ന ചെറുപ്പക്കാരായ നേഴ്സസ് സ്വന്തം കാലിൽ നില്ക്കാറായപ്പോൾ, പലരും വളരെ വൈകിയാണെങ്കിലും തിരികെപ്പോയി വിവാഹം കഴിച്ചു. തൊഴിൽരഹിതരായതു കാരണം ഉന്നത വിദ്യാസമ്പന്നരായ അനേകം ചെറുപ്പക്കാർക്ക് വിവാഹം ഒരു മരീചികയായിരുന്ന കാലത്ത് അമേരിക്കയിലെ പ്രവാസജീവിതത്തിലേക്കുള്ള ക്ഷണം പ്രതീക്ഷാനിർഭരമായിരുന്നു. വിവാഹം കഴിച്ച് അമേരിക്കയിലെത്തി പുതിയ കുടുംബങ്ങൾ ആരംഭിച്ചതോടൊപ്പം വിസാ മാനദണ്ഡങ്ങൾ എളുപ്പമാകാൻ അവരവരുടെ മാതാപിതാക്കളെയും ഇവിടെ എത്തിച്ച് സഹോദരങ്ങൾക്കും കുടിയേറാനുള്ള അവസരം സൃഷ്ടിച്ചു. മിക്ക ആളുകളും അതിനു പിന്നിൽ സഹിച്ച ത്യാഗങ്ങളും കഷ്ടതകളും ഇന്ന് കൊട്ടാരങ്ങളിൽ വസിക്കുന്നവരും വിദേശനിർമ്മിത ആഡംബര കാറുകളിൽ ചെത്തിനടക്കുന്നവരുമായ പുത്തൻ തലമുറ ഓർമ്മിക്കുന്നുണ്ടോ എന്നറിയില്ല?

കാലചക്രം തിരിയുന്നു. മാമലകൾക്കപ്പുറത്ത് മലയാളമെന്നൊരു നാടുണ്ട്. അവിടെ ഒരു നാലുകാലോലപ്പുരയെന്ന ബാക്കിയായ സ്വപ്നസാക്ഷാ



ലേഖകൻ

ത്കാരത്തിനു വേണ്ടി അമേരിക്കയെന്ന എവറസ്റ്റ് കീഴടക്കിയ മലയാളികൾ അന്ന് കണ്ട സ്വപ്നങ്ങൾ പലതും നാമ്പടഞ്ഞു എങ്കിലും അവർ പതിപ്പിച്ച കാല്പ്പാടുകളിലൂടെ കടന്നുവന്ന ഒരു തലമുറ അമേരിക്കയിലെ ഏറ്റവും ഉയർന്ന തലങ്ങളിൽ വിദ്യാഭ്യാസ രംഗത്തും തൊഴിൽരംഗത്തും സാമ്പത്തിക രംഗത്തും സാംസ്കാരിക രംഗത്തും ശോഭിക്കുന്നു എന്ന് അഭിമാനിക്കാം. തൊഴിൽതലങ്ങളിൽ നിന്നും വിരമിക്കുമ്പോൾ അമേരിക്കയിലെ സ്വദേശികളായ ഇവിടെ ജനിച്ചുവളർന്നവരേക്കാൾ താരതമ്യേന ഉയർന്ന നിലവാരത്തിലെത്തി, മക്കൾക്ക് ഉന്നത വിദ്യാഭ്യാസവും ഉയർന്ന സാമ്പത്തിക, സാംസ്കാരിക പരിരക്ഷയും നല്കാനും നാട്ടിലെ കുടുംബാംഗങ്ങൾക്ക് അഭിമാനാർഹമായ ജീവിതനിലവാരം ഉണ്ടാക്കിക്കൊടുക്കാനും ഇതിൽ നല്ലൊരു ഭാഗം ആളുകൾക്കും കഴിഞ്ഞു എന്ന് അഭിമാനിക്കാം. വെറും രജിസ്റ്റേർഡ് നേഴ്സുമാരായിരുന്നവർ പേരിന്റെ കൂടെ 'Dr' എന്ന രണ്ടക്ഷരവും അഭിമാനത്തോടെ ചേർക്കുവാനുള്ള അവസരം ഒരുക്കുന്നു.

ഇലപൊഴിയുന്ന ശിശിരകാലത്തിലേക്ക് ഒന്നാം തലമുറ കടക്കുകയാണ്. സായാഹ്നത്തിൽ തങ്ങളുടെ വിശ്രമരഹിത ജീവിതത്തിൽ കൊയ്തെടുത്ത സ്വർണത്തിൽ ചാലിച്ച നിധികൾ അനന്തര തലമുറകൾക്ക് സമ്മാനിക്കുമ്പോഴും തിരക്കൊഴിയാതെ എന്തിനോ വേണ്ടി പരക്കംപായുന്ന അനന്തരാവകാശികൾ എത്രമാത്രം ആത്മാർത്ഥമായി കൊഴിയാൻ വിതുമ്പുന്നവർക്കു വേണ്ടി സമയം ചെലവഴിക്കുന്നു എന്ന് സംശയിക്കുന്നു. പറക്കപറ്റിയാൽ കൂടൊഴിയുന്ന യുവമിഥുനങ്ങൾക്കു കാഞ്ചന കൂടുകൂട്ടി സ്നേഹത്തിന്റെ തൊട്ടിലിൽ പരിലാളിച്ചു വളർത്തി വലുതാക്കിയ നിസ്വാർത്ഥമായി ജീവിതത്തിലെ എല്ലാം കുടുംബത്തിനും നാടിനുമായി പരിത്യജിച്ച ഒരുപിടി ജന്മങ്ങളോട് നീതി പുലർത്തുന്നുവോ എന്ന് ചിന്തിക്കാൻ ഒരു നിമിഷം എടുക്കുന്നുണ്ടോ? അവരുടെ വിശ്രമജീവിതത്തിൽ ആസ്വദിക്കാനായി നമുക്കെന്തു ചെയ്യാനാകും എന്ന് എത്രപേർ ചിന്തിക്കുന്നു? വിശേഷദിവസങ്ങളിലെ ഒരുപിടി പൂക്കൾക്കപ്പുറം ശിഷ്ടജീവിതം ആസ്വാദ്യകരമാക്കുവാൻ നാം എന്തു ചെയ്യുന്നു? ഒരു പൊതുവേദി ഒരുക്കാൻ, അവരുടെ അനുഭവങ്ങളും ത്യാഗങ്ങളും പങ്കുവെക്കുവാൻ വേണ്ടി നാമിന്ന് ഉണർന്നു പ്രവർത്തിക്കുന്നുണ്ടോ? മഞ്ഞയായ ഇലകൾ പൊഴിയും മുൻപ് അവർ നേടിയെടുത്ത അറിവുകളുടെ മുത്തുകൾ ശേഖരിക്കുവാൻ നാമെന്തു ചെയ്യുന്നു? വരുംതലമുറയിൽ ഉള്ളവർക്ക് അവരുടെ ജീവിതാനുഭവങ്ങൾ ഒരു താളിയോല ക്കെട്ടായി പകർത്തി അറിവ് പകരാൻ നാം എന്തു ചെയ്യുന്നു?

കൂടൊഴിഞ്ഞ ഇരുളറകളിലെ മങ്ങിയ വെളിച്ചത്തിൽ ചിതലെടുത്തു നശിക്കാനാണോ അവരുടെ അറിവ് നമ്മൾ മൂടിവെക്കുന്നത്? അക്കൂട്ടത്തിൽ അനേകം സൂര്യനക്ഷത്രങ്ങളുണ്ട്. പത്തായങ്ങളിലെ ഇരുളറകളിൽ നിന്നും അവയെ പുറത്തെടുത്ത് ആ ശോഭ ലോകമെമ്പാടും വ്യാപിക്കാനായി നമുക്കെന്തു ചെയ്യാനാവും? കലാ-സാഹിത്യ-രാഷ്ട്രീയ രംഗത്ത് വേണ്ട വളർച്ചയ്ക്ക് സാംസ്കാരിക സംഘടനകൾ ഏതാനും ചുവടുകൾ വെക്കാറുണ്ട്. എന്നാൽ, അസ്തമയസൂര്യന്റെ ശോഭ എത്ര സുന്ദരമാണോ അതിലും സുന്ദരമാണ് പടപൊരുതി ജീവിതസ്വപ്നം തങ്കലിപികളിൽ (ശേഷം 30-ാം പേജിൽ)

## 'ആത്മസംഗീതം' സംഗീതസന്ധ്യ സെപ്റ്റം. 28-ന്, കിക്കോഫ് നടത്തി

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റണിന്റെ (ഐസിഇസിഎച്ച്) ആഭിമുഖ്യത്തിൽ നടത്തുന്ന 'ആത്മഗീതം' സംഗീത സന്ധ്യയുടെ ടിക്കറ്റ് വില്പനയുടെ കിക്കോഫ് നടന്നു.

ഹൂസ്റ്റൺ നഗരത്തിലെ ഇരുപത് ഇടവകകളുടെ പൂർണ്ണ സഹകരണത്തിൽ 2024 സെപ്റ്റംബർ 28-ന് ശനിയാ



ഴ്ച വൈകിട്ട് 6-ന് ഹൂസ്റ്റൺ സെ. തോമസ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വെച്ചാണ് ആത്മീയ സംഗീത സന്ധ്യ നടത്തപ്പെടുന്നത്. സെപ്റ്റംബർ ഒന്നിന് ഞായറാഴ്ച രാവിലെ സെ. പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച് ഓഫ് ഹൂസ്റ്റണിൽ വിശുദ്ധ കുർബാനയ്ക്കു ശേഷം നടന്ന പ്രത്യേക ചടങ്ങിൽ വെച്ച് ഐസിഇസിഎച്ച് എക്സിക്യൂട്ടീവ് അംഗങ്ങളും പ്രസ്തുത പരിപാടിയുടെ സ്പോൺസർമാരും ചേർന്ന് ഇടവക മാനേജിങ് കമ്മിറ്റിയുടെയും ഇടവകാംഗങ്ങളുടെയും സഹകരണത്തിൽ ഐസിഇസിഎച്ച് പ്രസിഡണ്ട് റവ. ഫാ. ഡോ. ഐസക് ബി. പ്രകാശ് ടിക്കറ്റ് സെയിൽ ഉദ്ഘാടനം നിർവഹിച്ചു. പ്രധാന സ്പോൺസർമാരായ രെഞ്ജു രാജി, തോമസ് മാത്യു, ഐസിഇസിഎച്ച് സെക്രട്ടറി റെജി ജോർജ്, പിആർഒ ജോൺസൺ ഉമ്മൻ, ബിജു ചാലയ്ക്കൽ, ഷീജ ബെന്നി തുടങ്ങിയവരും സന്നിഹിതരായിരുന്നു. ക്രൈസ്തവ സംഗീത മേഖലയിലെ പ്രശസ്ത ഗായകരായ റോയ് പുത്തൂർ, സുധീപ് കുമാർ, ലിബിൻ സ്കറിയ, കുമാരി ശ്രേയ എന്നിവരടങ്ങുന്ന ഒമ്പതംഗ സംഘം ആത്മീയ സംഗീത പരിപാടിക്ക് നേതൃത്വം നല്കും. എല്ലാവരെയും സംഗീത പരിപാടിയിലേക്ക് സ്വാഗതം ചെയ്യുന്നുവെന്ന് ഭാരവാഹികൾ അറിയിച്ചു. പ്രവേശന ടിക്കറ്റുകൾ ഐസിഇസിഎച്ച് അംഗത്വ ഇടവകകളുടെ ഭാരവാഹികൾ മുഖേന ലഭ്യമാണ്.

# മുഖ്യമന്ത്രിക്കെതിരെ പോരാട്ടം കടുപ്പിച്ച് കോൺഗ്രസ്

തിരുവനന്തപുരം: എഡിജിപി എം. ആർ. അജിത്കുമാറിനും പി. ശശിക്കും എതിരെയുള്ള ആരോപണങ്ങളിൽ മുഖ്യമന്ത്രിയുടെ രാജിയാവശ്യപ്പെട്ട് കെപിസിസിയുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിലേക്കു നടത്തിയ മാർച്ചിൽ പിണറായി വിജയനെതിരെ രൂക്ഷ വിമർശനം. ഭീകര ജീവി, പൂരം കലക്കി തുടങ്ങിയ ആരോപണങ്ങളുന്നയിച്ചാണ് മുഖ്യമന്ത്രിക്കെതിരെ കോൺഗ്രസ് രംഗത്തെത്തിയിരിക്കുന്നത്. കോൺഗ്രസ് സമര പരമ്പരകളുടെ തുടക്കമാണിതെന്ന പ്രഖ്യാപനത്തോടെയായിരുന്നു മാർച്ച്. മുഖ്യമന്ത്രിയുടെ ദുർഭരണത്തിൽ നിന്ന് കേരളത്തെ രക്ഷിക്കാനാണു കോൺഗ്രസ് ശ്രമിക്കുന്നതെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത എഐസിസി ജനറൽ സെക്രട്ടറി ദീപാ ദാസ്മുൻഷി പറഞ്ഞു.

മുഖ്യമന്ത്രി രാജിവെച്ചില്ലെങ്കിൽ ജനങ്ങൾ അടിച്ചുപുറത്താക്കുമെന്ന് കെപിസിസി പ്രസിഡണ്ട് കെ. സുധാകരൻ പറഞ്ഞു. എട്ട് വർഷത്തെ ഭരണത്തിൽ 1.35 ലക്ഷം സ്ത്രീകൾ പീഡനത്തിനിരയായി. മനുഷ്യജീവന്റെ ഹൃദയത്തുടിപ്പ് മനസ്സിലാകാത്ത ഭീകര ജീവിയാണു മുഖ്യമന്ത്രി. കുടുംബത്തിന്റെ സമ്പത്തിനപ്പുറം മറ്റൊരു ലക്ഷ്യവുമില്ലെന്നും ചില ഉദ്യോഗസ്ഥർക്കു മുന്നിൽ മുഖ്യമന്ത്രി ദുർബലനാണെന്നും സുധാകരൻ ആരോപിച്ചു.

എഡിജിപി അജിത്കുമാർ ആർഎസ്എസ് ജനറൽ സെക്രട്ടറിയെ സന്ദർശിച്ചെന്ന ആരോപണത്തിന് മറുപടിയില്ലാത്ത ഭീരുവാണ് മുഖ്യമന്ത്രിയെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. ബിജെപിക്കു വേണ്ടിയാണു പോലീസ് ഇടപെട്ട് തൃശൂർ പൂരം കലക്കിയത്. പൂരം കലക്കി പിണറായി വിജയൻ എന്നാകും മുഖ്യമന്ത്രി അറിയപ്പെടുക. സ്വർണ കള്ളക്കടത്തിനു പുറമേ സ്വർണം പൊട്ടിക്കാനും മടിക്കാത്ത സംഘമാണു മുഖ്യമന്ത്രിയുടെ ഓഫീസിലുള്ളത്. ബിജെപിയുടെ തണലിലാണു മുഖ്യമന്ത്രി ജീവിക്കുന്നത്. എഡിജിപിക്കെതിരായ അന്വേഷണം ജനങ്ങളെ കബളിപ്പിക്കലാണ്. സിപിഎമ്മിനെ കുഴിച്ചുമൂടി വാഴവച്ചിട്ടേ പിണറായി വിജയൻ പോകൂ– സതീശൻ പറഞ്ഞു. യുഡിഎഫ് കൺവീനർ എം.എം. ഹസൻ, കെപിസിസി സംഘടനാകാര്യ ജനറൽ സെക്രട്ടറി എം. ലിജു, ഡിസിസി പ്രസിഡണ്ട് പാലോട് രവി തുടങ്ങിയവർ പ്രസംഗിച്ചു. കെപിസിസി ഭാരവാഹികൾ, എംപിമാർ, എംഎൽഎമാർ തുടങ്ങിയവർ പങ്കെടുത്തു.




## സ്വർണശേഖരത്തിൽ ഇന്ത്യ ഒമ്പതാമത്

മുംബൈ: വിദേശനാണ്യ കരുതൽ ശേഖരത്തിന്റെ ഭാഗമായുള്ള സ്വർണ ശേഖരത്തിൽ ഇന്ത്യ ഒരു സ്ഥാനം കൂടി മുന്നോട്ട്. വേൾഡ് ഗോൾഡ് കൗൺസിലിന്റെ ജൂലൈ വരെയുള്ള കണക്കുകൾ പ്രകാരം സ്വർണശേഖരത്തിൽ ജപ്പാനെ മറികടന്ന് ഇന്ത്യ ഒമ്പതാം സ്ഥാനത്തെത്തി. 846 ടൺ സ്വർണ ശേഖരമുള്ള ജപ്പാന് പിന്നിൽ പത്താം സ്ഥാനത്തായിരുന്നു ഇന്ത്യ. കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി ഇന്ത്യ തുടർച്ചയായി സ്വർണത്തിലുള്ള കരുതൽ ശേഖരം ഉയർത്തിക്കൊണ്ടിരിക്കുകയാണ്. ഏകദേശം 290 ടൺ സ്വർണമാണ് ഇക്കാലത്ത് റിസർവ് ബാങ്ക് വാങ്ങിക്കൂട്ടിയത്. 2024–ൽ ജൂലൈ വരെ 42.5 ടൺ സ്വർണം ആർബിഐ കരുതൽ ശേഖരത്തിന്റെ ഭാഗമാക്കി. ഇതോടെ ഇന്ത്യയുടെ സ്വർണത്തിലുള്ള കരുതൽ ശേഖരം 846 ടൺ കടന്നു. സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സമീപഭാവിയിൽ കേന്ദ്രബാങ്കുകൾ സ്വർണത്തിലുള്ള നിക്ഷേപം ഇനിയും ഉയർത്താനാണ് സാധ്യത. ജൂലൈയിൽ ആഗോളതലത്തിൽ കേന്ദ്രബാങ്കുകൾ 37 ടൺ സ്വർണം വാങ്ങിക്കൂട്ടിയിട്ടുണ്ട്. നാഷണൽ ബാങ്ക് ഓഫ് പോളണ്ടാണ് മുന്നിൽ–14 ടൺ. പത്തു ടൺ സ്വർണം വാങ്ങിയ ഉസ്ബക്കിസ്ഥാൻ കേന്ദ്ര ബാങ്കാണ് രണ്ടാംസ്ഥാനത്ത്. റിസർവ് ബാങ്ക് 5.4 ടൺ സ്വർണം ജൂലൈയിൽ ശേഖരത്തിന്റെ ഭാഗമാക്കിയെന്ന് വേൾഡ് ഗോൾഡ് കൗൺസിൽ പറയുന്നു.

## തോമസ് ചക്കാലപ്പടവിൽ അന്തരിച്ചു

ഉഴവൂർ: തോമസ് ചക്കാലപ്പടവിൽ (98) അന്തരിച്ചു. ഭാര്യ പരേതയായ അന്ന കരികുന്നം പൂക്കുമ്പേൽ കുടുംബാംഗമാണ്. മക്കൾ: ഏലമ്മ നെല്ലാമറ്റം (ചിക്കാഗോ), മാത്യു ചക്കാലപ്പടവിൽ (ചിക്കാഗോ), ചിന്നമ്മ വാക്കേൽ (ചിക്കാഗോ), ലൂക്കാ ചക്കാലപ്പടവിൽ (അറ്റ്ലാന്റ), ജെയിംസ് ചക്കാലപ്പടവിൽ (ഡാളസ്), സൈമൺ ചക്കാലപ്പടവിൽ (ചിക്കാഗോ). മരുമക്കൾ: കുര്യൻ നെല്ലാമറ്റം, ആൻസി കോയിത്തറ, മാത്യു വാക്കേൽ, ഷീല പിള്ളവീട്ടിൽ, ലൂസി പരിമണത്തേട്ട്, പ്രസന്ന വെള്ളിയാൻ.



## ഓരോ ഫ്ളാറ്റിനും പ്രത്യേകം തണ്ടപ്പേരും ഭൂനികുതിയും വരുന്നു

തിരുവനന്തപുരം: കെട്ടിട സമുച്ചയങ്ങളിലെ ഓരോ ഫ്ളാറ്റ് ഉടമയ്ക്കും പ്രത്യേക തണ്ടപ്പേർ അനുവദിച്ച് പ്രത്യേകമായി ഭൂനികുതി അടയ്ക്കാൻ സൗകര്യം ഒരുക്കി റവന്യൂ വകുപ്പ് താമസിയാതെ ഉത്തരവിറക്കും. കെട്ടിട സമുച്ചയം നിൽക്കുന്ന ആകെ സ്ഥലത്തെ, നിർമിക്കുന്ന ഫ്ളാറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ച് ഭൂവിസ്തൃതി നിശ്ചയിച്ചാകും തണ്ടപ്പേർ അനുവദിക്കുക.

ഒരു സമുച്ചയത്തിലെ ഓരോ ഫ്ളാറ്റിനും വെവ്വേറെ തണ്ടപ്പേരിൽ പോക്കുവരവ് ഇപ്പോൾ സാദ്ധ്യമല്ല. ഫ്ളാറ്റ് ഉടമകൾക്ക് ഈ സ്ഥലത്തിൽ തുല്യാവകാശമാണ്. 30 ഫ്ളാറ്റുള്ള ഒരു സമുച്ചയം പോക്കുവരവ് ചെയ്യുമ്പോൾ കെട്ടിട ഉടമയുടെയോ റസിഡൻസ് ഭാരവാഹികളുടെയോ പേരിനൊപ്പം 'മുതൽ പേർ' എന്ന് രേഖപ്പെടുത്തിയാണ് ബാക്കിയുള്ള ഫ്ളാറ്റുകളുടെ രജിസ്ട്രേഷൻ. വായ്പ ആവശ്യങ്ങൾക്കായി ഫ്ളാറ്റ് ഈടുവെക്കേണ്ടി വരുമ്പോഴോ ഉടമസ്ഥത കൈമാറ്റം ചെയ്യേണ്ടി വരുമ്പോഴോ ഒരേ രസീതിലാണ് നടപടികൾ. ഈ പ്രശ്നമാണ് ഉത്തരവിലൂടെ പരിഹരിക്കപ്പെടുക.

## വിക്കിപീഡിയയ്ക്കെതിരെ ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: വാർത്താ ഏജൻസിയായ എ.എൻ.ഐയെക്കുറിച്ചുള്ള വിവരങ്ങളിൽ തിരുത്തലുകൾ വരുത്തിയത് ആരെന്ന് വെളിപ്പെടുത്താത്തതിന്റെ പേരിൽ വിക്കിപീഡിയയ്ക്ക് എതിരെ കോടതിയലക്ഷ്യ നോട്ടീസ്. ഇന്ത്യൻ നിയമങ്ങൾ പാലിക്കാത്തതിനെതിരെ വിക്കിപീഡിയയ്ക്ക് ഡൽഹി ഹൈക്കോടതി മുന്നറിയിപ്പും നല്കി.

നിങ്ങൾക്ക് ഇന്ത്യയോട് താല്പര്യമില്ലെങ്കിൽ ദയവായി ഇവിടെ പ്രവർത്തിക്കരുത്. സൈറ്റ് ബ്ലോക്ക് ചെയ്യാൻ സർക്കാരിനോട് ആവശ്യപ്പെടേണ്ടി വരുമെന്നും കോടതി പ്രസ്താവിച്ചു. ഇന്ത്യൻ സർക്കാരിന്റെ പ്രചാരണ ഉപകരണം എന്ന തിരുത്തൽ അനുവദിച്ചതിലൂടെ വിക്കിപീഡിയ അപകീർത്തിപ്പെടുത്തിയെന്നായിരുന്നു എ.എൻ.ഐയുടെ പരാതി.

തിരുത്തലുകൾ വരുത്തിയ മൂന്ന് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ വിക്കിപീഡിയയോട് കോടതി ഉത്തരവിട്ടിരുന്നു. എന്നാൽ, ഇനിയും അത് വെളിപ്പെടുത്തിയിട്ടില്ലെന്ന് എ.എൻ.ഐ ചൂണ്ടിക്കാട്ടി. കേസിൽ പേരുള്ള മൂന്ന് വ്യക്തികളും എഡിറ്റർമാരല്ലെന്നു വിക്കിപീഡിയ പറഞ്ഞിട്ടില്ലെന്നും എ.എൻ.ഐ വ്യക്തമാക്കി.

എന്നാൽ, കോടതി ആവശ്യപ്പെട്ട വിവരം പുറത്തുവിടാൻ വൈകിയത് ചില രേഖകൾ കിട്ടേണ്ടതുള്ളതു കൊണ്ടാണെന്ന് എ.എൻ.ഐ സമർത്ഥിച്ചു. ഇന്ത്യയിൽ കേന്ദ്രീകരിച്ചല്ല പ്രവർത്തനം. അതുകൊണ്ടാണ് വൈകിയതെന്ന് വിക്കിപീഡിയ അറിയിച്ചു. ഇതാണ് കോടതിയുടെ നീരസത്തിനു വഴിമാറിയത്. വിഷയം അടുത്ത ഒക്ടോബറിൽ പരിഗണിക്കാൻ മാറ്റി. കമ്പനിയുടെ പ്രതിനിധി ഹാജരാകണമെന്നും കോടതി ഉത്തരവിട്ടു.

## വിനേഷ് ഫോഗട്ടും ബജ്‌രംഗ് പുനിയയും കോൺഗ്രസിൽ

ന്യൂഡൽഹി: ഗുസ്തി താരങ്ങളായ വിനേഷ് ഫോഗട്ടും ബജ്‌രംഗ് പുനിയയും റെയിൽവേയിലെ ജോലി രാജിവെച്ച് കോൺഗ്രസിൽ ചേർന്നു. ഡൽഹിയിലെ എഐസിസി ആസ്ഥാനത്തെത്തി ഇരുവരും എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലിന്റെ സാന്നിദ്ധ്യത്തിലാണ് കോൺഗ്രസിൽ അംഗത്വമെടുത്തത്.

നേരത്തെ പാർട്ടി ദേശീയാദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുമായി ഇവർ കൂടിക്കാഴ്ച നടത്തിയിരുന്നു. ഗുസ്തി താരങ്ങളെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ പ്രതിയായ ഗുസ്തി ഫെഡറേഷൻ മുൻ അദ്ധ്യക്ഷനും മുൻ ബിജെപി എംപിയുമായി ബ്രിജ് ഭൂഷൺ ശരൺ സിംഗിനെതിരേയുള്ള പ്രക്ഷോഭത്തെ മുൻനിരയിൽ നിന്നു നയിച്ച നേതാക്കളാണ് വിനേഷ് ഫോഗട്ടും ബജ്‌രംഗ് പുനിയയും. കർഷകർക്ക് പിന്തുണ അറിയിച്ചും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ പ്രക്ഷോഭത്തിനു നേതൃത്വം നല്കിയും ബിജെപിക്കെതിരെ ശബ്ദമുയർത്തിയ ഇരുവരുടെയും രംഗപ്രവേശം ഹരിയാന തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് കരുത്താകും.

തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന വാർത്തകൾ നിലനിൽക്കെ വിനേഷ് ഫോഗട്ടും ബജ്‌രംഗ് പുനിയയും രാഹുൽ ഗാന്ധിയുമായി ചർച്ച നടത്തിയിരുന്നു ഇതിനു പിന്നാലെ വിനേഷിന് റെയിൽവേയിൽ നിന്ന് കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചുവെന്ന് കെ.സി. വേണുഗോപാൽ ആരോപിച്ചു. രാജ്യത്തിന്റെ പ്രതിപക്ഷ നേതാവിനെ കാണുന്നത് ഇത്ര വലിയ തെറ്റാണോയെന്ന് കെ.സി വേണുഗോപാൽ ചോദിച്ചു.

സ്ത്രീകൾക്കെതിരേയുള്ള അക്രമങ്ങളിൽ പ്രതിഷേധിക്കുന്ന കോൺഗ്രസിനോടൊപ്പം പ്രവർത്തിക്കുന്നതിൽ അഭിമാനമുണ്ടെന്ന് വിനേഷ് ഫോഗട്ട് പറഞ്ഞു. ഞങ്ങൾ തെരുവുകളിൽ വലിച്ചിഴയ്ക്കപ്പെട്ടപ്പോൾ ബിജെപിയൊഴികെ എല്ലാ പാർട്ടികളും പിന്തുണയുമായെത്തിയെന്ന് വിനേഷ് ചൂണ്ടിക്കാട്ടി. ഒളിമ്പിക്സിൽ വിനേഷ് ഫൈനലിലെത്തിയപ്പോൾ എല്ലാവരും സന്തോഷിച്ചെന്നും എന്നാൽ, അവൾ അയോഗ്യയാക്കപ്പെട്ടപ്പോൾ ചിലർ ആഘോഷിച്ചുവെന്നും ബജ്‌രംഗ് പുനിയ പറഞ്ഞു.



കോൺഗ്രസിൽ പ്രാഥമികാംഗത്വം സ്വീകരിച്ചുകൊണ്ട് എഐസിസി ആസ്ഥാനത്ത് ജനറൽ സെക്രട്ടറി കെ.സി വേണുഗോപാലിനൊപ്പം വിനേഷും പുനിയയും.

# മക്കളുടെ നിലവിളി കേൾക്കുന്ന പിതാവ്

**എൽസി ബേബി**

ദാവീദ് രാജാവ് മരുഭൂമിയിൽ ഉഴന്നു നടന്ന നാളുകളിൽ പലപ്പോഴും ഉറക്കെ നിലവിളിച്ച അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ ദൈവം അവന്റെ നിലവിളി കേട്ട് തക്കസമയത്ത് വിടുതൽ നല്കിയതായി ദാവീദിന്റെ സാക്ഷ്യം സങ്കീർത്തനങ്ങളിലൂടെ നാം വായിച്ചറിഞ്ഞിട്ടുള്ളതാകുന്നു. കരഞ്ഞുകരഞ്ഞു തന്റെ കണ്ണുനീർ കൊണ്ട് കട്ടിലിനെ നനയ്ക്കത്തക്കവണ്ണം ദാവീദ് കരഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. നാം ഓരോരുത്തരും ജനിക്കുന്നതുതന്നെ കരഞ്ഞുകൊണ്ടാണല്ലോ. ജീവിതത്തിൽ കരയാത്തവർ ആരെങ്കിലും കാണുമോ എന്നു സംശയമാകുന്നു. ആരും കാണാതെ മൗനമായി കരയുന്നവരുമുണ്ട്. എല്ലാവരും കാൺകെ ഉറച്ച നിലവിളിയോടെ നിലവിളിക്കുന്നവരുമുണ്ട്. കരയുമ്പോൾ നമ്മോടു കൂടെ കരയുന്ന ഒരു കർത്താവുണ്ട് എന്നു വിശ്വസിച്ച് ആശ്വസിക്കുന്നവർ എത്ര കാണും?

പലവിധ കാരണങ്ങളാലായിരിക്കാം നാം കരയുന്നത്. കാരണം എന്തുതന്നെ ആയാലും ഹൃദയം വേദനിക്കുന്ന അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോഴാണല്ലോ നാം കരയുന്നത്. ആരും കാണുന്നില്ല, ആരും സഹായത്തിനില്ലല്ലോ, ഇനി എന്തു ചെയ്യും? മുമ്പോട്ടു പോകുവാൻ ഒരു വഴിയും കാണുന്നില്ലല്ലോ എന്നോർത്ത് നിരാശയിൽ കഴിഞ്ഞ് ആത്മഹത്യ ചെയ്യുന്നവരും ഇല്ലാതില്ല. ഒരു പെന്തെക്കോസ്ത് പാസ്റ്റർ ആത്മഹത്യ ചെയ്ത വാർത്ത കേൾക്കുവാനിടയായി. അത് വളരെ അത്ഭുതകരമായി തോന്നി. കരയുന്നവരെ ആശ്വസിപ്പിച്ച് അവരോടൊത്ത് സഹതപിച്ച് പ്രാർത്ഥിച്ച് ധൈര്യപ്പെടുത്തേണ്ട പാസ്റ്റർ ആത്മഹത്യ ചെയ്തത് അവിശ്വസനീയമായി തോന്നി.



ലേഖിക

നാം കരയുമ്പോൾ നമ്മോടൊപ്പം കരയുന്ന ഒരു കർത്താവിൽ വിശ്വസിച്ച് ആശ്രയിച്ചാൽ നമ്മുടെ ദുഃഖം എത്ര വലുതായാലും ഏതു കാരണം കൊണ്ടായാലും നമ്മെ ആശ്വസിപ്പിപ്പാൻ നമ്മോടു കൂടെ ഒരു കർത്താവുണ്ട് എന്ന് വിശ്വസിക്കുക. മർത്തയുടെയും മറിയയുടെയും കരച്ചിൽ കണ്ട് മനംനൊന്തു കരയുന്ന ദൈവപുത്രനായ ക്രിസ്തു നമുക്കു വേണ്ടി കാൽവറി ക്രൂശിൽ കിടന്ന് ഉറക്കെ നിലവിളിച്ചവനാകുന്നു. ദുഃഖത്തിന്റെ പാനപാത്രം മട്ടോളം ഊറ്റിക്കുടിച്ച് നമുക്കുവേണ്ടി കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായ കർത്താവിന് തന്റെ മക്കളുടെ കരച്ചിൽ കണ്ട് സഹിക്കാനാകില്ല എന്നതിന്റെ ഒരു പ്രത്യക്ഷ കാഴ്ചയല്ലേ മർത്തയുടെയും മറിയയുടെയും കൂടെ വന്നുകരയുന്ന യഹൂദരുടെ മുമ്പിൽ ദൈവപുത്രൻ ഉള്ളംനൊന്തു കലങ്ങി കണ്ണീർ വാർത്തത്. തന്റെ സ്വന്തം രക്തം കൊടുത്ത് വിലയ്ക്കു വാങ്ങി തന്റെ സ്വന്തമാക്കിയ ദൈവമക്കളുടെ നിലവിളി കേൾക്കാതിരിക്കയില്ല. “യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു” എന്നു മാത്രമല്ല, നീതിമാന്മാർ നിലവിളിച്ചു, യഹോവ കേട്ടു, സകല കഷ്ടങ്ങളിൽ നിന്നും അവരെ വിടുവിച്ചു എന്നു പറയത്തക്ക അനുഭവം ദാവീദ് തന്റെ സങ്കീർത്തനത്തിൽ വിവരിച്ചിരിക്കുന്നു.

നമ്മുടെ നിലവിളിയുടെ ശബ്ദം കേൾക്ക മാത്രമല്ല, നമ്മോടു കൂടെ കരഞ്ഞു നമ്മേ സാന്ത്വനപ്പെടുത്തുന്ന ഒരു കർത്താവിന്റെ മക്കളാകുന്നു നാം. തന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനായ ദാവീദിനു നേരിട്ട കഷ്ടങ്ങളും ദുഃഖങ്ങളും എന്തുകൊണ്ടായിരുന്നെന്ന് നന്നായി അറിഞ്ഞിരുന്ന കർത്താവ് താനായിരുന്ന സ്ഥാനങ്ങളിലൊക്കെ അവനോടു കൂടെ ഉണ്ടായിരുന്നു. ശത്രുക്കളുടെ മുമ്പാകെ മേശ ഒരുക്കിയും കൂരിരുൾ താഴ്വരയിൽ തന്നോടു കൂടെ ഇരുന്ന് ആശ്വസിപ്പിച്ച്, അന്ത്യംവരെ പരിപാലിച്ച അതേ കർത്താവ് തന്നെയാകുന്നു ഇന്നും നമ്മോടു കൂടെയുള്ള ഇമ്മാനുവേലായ കർത്താവ്. “ഞാൻ നിന്നോടു കൂടെയുണ്ട്, ഭയപ്പെടേണ്ട എന്നരുളിച്ചെയ്തുകൊണ്ട് നമ്മെ തീയിൽക്കൂടെ നടക്കുവാൻ അനുവദിക്കുന്ന കർത്താവ്! അഗ്നിസമാനമായ പരിശോധനകളിലൂടെ നാം കടന്നുപോകേണ്ടി വരുമ്പോൾ നാം കരഞ്ഞുപോകേണ്ടി വരുന്നത് സ്വാഭാവികമാകുന്നു. ഒരുപക്ഷേ, മാരകരോഗമാകാം, പ്രിയപ്പെട്ടവരുടെ വേർപാടാകാം. പ്രതിസന്ധികളും പരിശോധനകളും നിറഞ്ഞ പാതയിലൂടെ മുമ്പോട്ടു പോകാൻ ഒരു വഴിയും കാണുന്നില്ല എന്നു തോന്നുമാറ് വഴിമുട്ടി നിന്നു കരയുമ്പോൾ നമ്മോടു കൂടെ നടന്നും നമ്മേ തോളിലേന്തിയും പ്രതിസന്ധികളാകുന്ന മതിൽ ചാടിക്കടക്കുവാൻ സഹായിക്കുന്ന രക്ഷിതാവിൽ ശരണപ്പെടുക. നമുക്കു നേരിട്ട ഓരോ പരിശോധനകളും നമ്മുടെ വിശ്വാസത്തിന്റെ പരിശോധനകളാകുന്നു എന്നോർക്കുക. സ്വർണ്ണം തീയിൽ സ്ഫുടം ചെയ്യുന്നതുപോലെ നമ്മുടെ വിശ്വാസത്തെ വിലയേറിയ വിശ്വാസമാക്കി ശക്തീകരിച്ച് മറ്റുള്ളവരുടെ മുമ്പാകെ മാതൃകയാക്കി ഉയർത്തിപ്പിടിക്കാനുതകുന്നു എന്നോർക്കുമ്പോൾ ഈ കണ്ണുനീർ സാരമില്ല. ഈ വേദനകളും സങ്കടങ്ങളും താല്ക്കാലികമാകുന്നു. അതിനപ്പുറത്ത് വെച്ചിരിക്കുന്ന അനുഗ്രഹങ്ങളുടെയും ഉല്ലാസത്തിന്റെയും കൂമ്പാരം കണ്ട് സന്തോഷിക്കാം എന്ന പ്രത്യാശയിലും വിലയേറിയ വാഗ്ദാനങ്ങളും മുറുകെപ്പിടിക്കുവാൻ ശക്തി നല്കുന്ന കർത്തൃകരങ്ങളിൽ സ്വയം സമർപ്പിച്ചും ആശ്വസിക്കുക.

ദൈവമക്കൾക്ക് ഈ ലോകത്തിൽ കഷ്ടങ്ങളുണ്ട്, ദുഃഖങ്ങളുണ്ട്. കണ്ണുനീരുണ്ട്. അവയിലൊന്നും പതറിപ്പോകേണ്ടതില്ല. കാരണം, നമ്മേക്കാളേറെ കഷ്ടാനുഭവങ്ങളാൽ, തികഞ്ഞ ഉറച്ച നിലവിളിയോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്ത ദൈവപുത്രൻ നമ്മോടു കൂടെയുള്ളപ്പോൾ നാം എന്തിനു പതറിപ്പോകണം, നിരാശപ്പെടണം. വിശ്വാസത്തിൽ ബലഹീനരാകാതെ ക്രിസ്തുവിൽ സമ്പന്നരാകേണ്ടതിനാകുന്നു നമ്മുടെ പരിശോധനകൾ! വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ മാത്രം നോക്കി, നമുക്കു സിയോൻയാത്ര തുടരാം. ദൈവമക്കളായ നമ്മുടെ നിലവിളി കേൾക്കുന്ന കർത്താവിന്റെ-പിതാവിന്റെ സാന്നിദ്ധ്യവും സാമീപ്യവും അനുഭവിച്ച് ജീവിതയാത്ര ധന്യമാക്കിത്തീർക്കാം.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.95 |
| യൂറോ | 92.69 |
| സ്റ്റെർലിംഗ്പൗണ്ട് | 109.98 |
| സ്വിസ് ഫ്രാങ്ക് | 98.64 |
| സിംഗപ്പൂർ ഡോളർ | 64.25 |
| കനേഡിയൻ ഡോളർ | 61.92 |
| ഒമാൻ റിയാൽ | 218.09 |
| ബഹ്റൈൻ ദിനാർ | 222.74 |
| സൗദി റിയാൽ | 22.37 |
| യു.എ.ഇ. ദിർഹം | 22.86 |
| കുവൈത്ത് ദിനാർ | 274.94 |

# ലോകത്തെ ഉയരംകൂടിയ രണ്ടാമത്തെ കെട്ടിടവും ദുബായിൽ

ദുബായ്: ലോകത്തെ ഏറ്റവും ഉയരംകൂടിയ രണ്ടാമത്തെ കെട്ടിടം ദുബായിൽ ഒരുങ്ങുന്നു. ദുബായ് ശൈഖ് സായിദ് റോഡിനു സമീപത്താണ് ബുർജ് അസീസി എന്ന പേരിൽ കെട്ടിടമുയരുക.

725 മീറ്ററായിരിക്കും ഉയരം. 600 കോടി ദിർഹത്തിലേറെയാണ് (ഏകദേശം 13,719 കോടി രൂപ) നിർമാണച്ചെലവ്. 131 നിലയുണ്ടാകും. 2028-നകം നിർമാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. കെട്ടിടത്തിലെ ഫ്ളാറ്റുകളുടെ വിൽപ്പന അടുത്തവർഷം ഫെബ്രുവരിയിലാരംഭിക്കും.

ഓൾ സ്യൂട്ട് സെവൻ സ്റ്റാർ ഹോട്ടലും പെന്റ് ഹൗസുകളും ഉൾപ്പെടെയുള്ള താമസസൗകര്യങ്ങൾ ഇവിടെയുണ്ടാകും. അപ്പാർട്ട്മെന്റുകൾ, അവധിക്കാല വസതികൾ, വെൽനസ് കേന്ദ്രങ്ങൾ, നീന്തൽക്കുളങ്ങൾ, സിനിമാ തിയേറ്ററുകൾ, കായികപരിശീലന കേന്ദ്രങ്ങൾ, മിനി മാർക്കറ്റുകൾ, കുട്ടികൾക്കുള്ള കളിസ്ഥലം, ഏഴ് നിലകളിലായി കച്ചവടകേന്ദ്രം, ബീച്ച് ക്ലബ്ബ് തുടങ്ങി ഒട്ടേറെ സൗകര്യങ്ങൾ ബുർജ് അസീസിലൊരുക്കും.

കെട്ടിടത്തിന്റെ പതിനൊന്നാം നിലയിൽ ഹോട്ടൽ ലോബി, 126-ൽ നിശാ ക്ലബ്, 130-ൽ നിരീക്ഷണ ഡെക്ക്, 122-ൽ റസ്റ്ററന്റ്, ഹോട്ടൽ മുറി തുടങ്ങിയവയുണ്ടാകും.

ഇവകൂടാതെ ഉന്നത നിലവാരത്തിലുള്ള മറ്റനേകം സൗകര്യങ്ങളുമുണ്ടാകുമെന്ന് നിർമാതാക്കളായ അസീസി ഡവലപ്മെന്റ് അറിയിച്ചു. നിലവിൽ ലോകത്തെ ഏറ്റവും വലിയ കെട്ടിടം ദുബായിലെത്തന്നെ ബുർജ് ഖലീഫയാണ്.



ബുർജ് അസീസിയുടെ രൂപരേഖ



# യുദ്ധഭീഷണികളും പ്രകൃതിക്ഷോഭങ്ങളും

ഫിലാഡൽഫിയ: ലോക സമാധാനത്തിനും സന്തുഷ്ടിക്കും വിനാശകരമായ തടസ്സം സൃഷ്ടിച്ച്, ഗാസയിലും യുക്രെയ്നിലും രാജ്യാതിർത്തി നിബന്ധനകൾ നിരസിച്ചും സമാധാന സഹവർത്തിത്വം നിശ്ശേഷം നിരാകരിച്ചുള്ള യുദ്ധക്കെടുതിയിൽ 2023 അന്ത്യഘട്ടംവരെയുള്ള റിപ്പോർട്ടിൻ പ്രകാരം അപരാധികളും നിരപരാധികളും അടക്കം 1,62,000-ത്തിലധികം മനുഷ്യജീവിതം നരബലിയായി മാറി. ഇരുമേഖലയിലുമുള്ള ഹമാസ് - ഇസ്രായേൽ യുദ്ധവും, റഷ്യൻ-യുക്രെയ്ൻ പോരാട്ടവും അശേഷം ശമനമില്ലാതെ തുടരുന്നു.

2014 ആരംഭകാലയളവിൽ റഷ്യൻ സൈന്യം യുക്രെയ്ന്റെ ഭാഗമായ ക്രൈമിയൻ - പെനിൻസുല പ്രദേശങ്ങൾ യുക്രെയ്നിലെതന്നെ റഷ്യൻ അനുഭാവികളുടെ സഹായത്തോടെ ആക്രമിച്ച് കീഴടക്കിയശേഷം പ്രസിഡന്റ് വിക്ടർ യനുകോവ്യച്ചയെ നീക്കം ചെയ്തു. ബ്ലാക്ക്സീ കടലിലെ തുറമുഖമായ സിവാസ്റ്റോപോളിന്മേലുള്ള ആധിപത്യം റഷ്യയ്ക്ക് സ്ഥാപിക്കുവാനുള്ള ദുരുദ്ദേശത്തോടെയാണ് ആക്രമണം ആരംഭിച്ചതെന്ന പ്രസ്സ് റിപ്പോർട്ടുകളിലെ യാഥാർത്ഥ്യം അവ്യക്തമാണ്.

2023 ഒക്ടോബർ 7-ന് ആരംഭിച്ച

**കോര ചെറിയാൻ**

ഇസ്രായേൽ - ഹമാസ് യുദ്ധ ഭീകരതയിൽ 2024 ഓഗസ്റ്റ് 9 വരെയുള്ള ക്യാഷ്വാലിറ്റി റിപ്പോർട്ടിൻ പ്രകാരം 41,000-(39,677 പാലസ്തീനികൾ, 1478 ഇസ്രായേല്യർ) ത്തിലധികം ജനങ്ങൾ കൊല്ലപ്പെട്ടവരിൽ 113 മാധ്യമപ്രവർത്തകരും ഉൾപ്പെടുന്നു. യുദ്ധത്തിൽ മുറിവേറ്റവരെയും യുദ്ധക്കെടുതിയിൽ വെള്ളവും ഭക്ഷണവും കിട്ടാതെ ദുഃഖത്തിലും വിശപ്പിലും ഉള്ളവരെയും പരിരക്ഷിക്കുവാൻ സ്വന്തം ജീവൻപോലും അവഗണിച്ചെത്തിയ 224 ജീവകാരുണ്യ പ്രവർത്തകരും വെടിയേറ്റു മരിച്ചു.



രണ്ടാം ലോകമഹായുദ്ധാനന്തരം 92 രാജ്യങ്ങളിൽ 56-ൽപ്പരം നേരിയ രീതിയിലും ഗൗരവതരത്തിലുമുള്ള ആയുധപോരാട്ടങ്ങൾ നടന്നതായി അമേരിക്കൻ യുദ്ധ ചരിത്രത്തിൽ പറയുന്നു. ലോകസമാധാനത്തിനും സ്വസ്ഥമായ ജീവിതസിദ്ധിക്കും പോർവിളിയായി ആഗോളതലത്തിൽ ഭീകര സംഘട്ടനങ്ങൾ ഇപ്പോഴും നടക്കുന്നു.

2008-ലെ ഗ്ലോബൽ പീസ് ഇൻഡക്സിന്റെ പ്രാരംഭകാലശേഷം 92 രാജ്യങ്ങളിലെ സ്വൈര്യജീവിതം വൻ പ്രതിസന്ധിയില്ലാതെ നിശ്ചലനമായി നിലകൊള്ളുന്നു. നിരന്തര കലഹങ്ങളുടെ തടസ്സങ്ങൾമൂലം ലോകവ്യാപകമായ കരമാർഗ്ഗവും കടൽമാർഗ്ഗവുമായ വ്യാപാര മേഖലയെ ശക്തമായി ബാധിച്ചു. ഗ്രോസ്സ് ഡൊമസ്റ്റിക് പ്രൊഡക്ഷൻ (ജി.ഡി.പി.) 13.5 ശതമാനം താഴുകയും യുദ്ധസന്നാഹത്തിനുവേണ്ടിയുള്ള ഡിഫൻസ് പ്രൊഡക്ഷൻ ഉയരുകയും ചെയ്തു.

ഈ യുഗത്തിലെ നേരിയ വിഭാഗം ലോകജനതയുടെ ആക്രമണ പ്രവണത ശാന്തമാകാതെ ശക്തിപ്രാപിച്ചാലുണ്ടാകുന്ന സാമ്പത്തിക ക്ലേശം നിഗമനത്തിലും വളരെ വിപുലമായിരിക്കും. നേരിയ രാജ്യാതിർത്തി സംഘട്ടനം പോലും വിപുലമായ നിലയിലെത്തിയാൽ മൂന്നാം ലോകമഹായുദ്ധമായി പരിണമിക്കുവാനുള്ള സാദ്ധ്യതകൾ കുറവല്ല. സകല ലോക രാഷ്ട്രങ്ങളും ശാന്തിമാർഗ്ഗത്തിലെത്തുമെന്നുള്ള ശുഭപ്രതീക്ഷ പരിരക്ഷിക്കണം.

പ്രകൃതിക്ഷോഭം കെട്ടടങ്ങതെ നാളുകളായി ഭീകരതയോടെ മനുഷ്യരാശിയെ ഹോമിക്കുവാനുള്ള താണ്ഡവനൃത്തം ചെയ്യുന്നു. ആഴ്ചകൾക്കുമുൻപുണ്ടായ വയനാട്ടിലെ മലപൊട്ടിയൊഴുകിയ ജലപ്രവാഹവും, മണ്ണൊലിപ്പ്, സുനാമി, കൊടുങ്കാറ്റ്, ഭൂമികുലുക്കം, കാട്ടുതീ, അഗ്നിപർവ്വത പൊട്ടൽ, മഹാപ്രളയം തുടങ്ങിയുള്ള പ്രകൃതിയുടെ ഭീകരതകൾ വർദ്ധിക്കുന്നു.

വയനാട്ടിലെ ദാരുണമായ ദുരന്തത്തിൽ സംഭവിച്ച ആൾനാശമടക്ക



ലേഖകൻ

മുള്ള പ്രകൃതിയുടെ ക്രൂരതയെ തടയുവാനും പീഡിതരെ പരിരക്ഷിക്കുവാനുമുള്ള നിവാരണ മാർഗ്ഗങ്ങൾ ദേശീയ തലത്തിലും ലോകവ്യാപകമായും ഉണ്ടാകുവാനുള്ള ഉദ്യമങ്ങൾ ഉടനെ തുടങ്ങണം. നവയുഗത്തിൽ ജനസമൂഹം സുരക്ഷിതമായും സൗഹാർദ്ധമായും സാമാന്യം സമ്പന്നരായും ജീവിക്കുന്നതിനോടൊപ്പം അരാജകത്വവും അവസാനിക്കണം.

## കേരളം മികച്ച വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനം

ന്യൂഡൽഹി: വ്യവസായനിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ 2022-ലെ റാങ്കിങ്ങിൽ കേരളം ഒന്നാമത്. ഡൽഹിയിൽ സെപ്റ്റംബർ അഞ്ചിന് കേന്ദ്ര വാണിജ്യ-വ്യവസായമന്ത്രി പീയൂഷ് ഗോയലാണ് പ്രഖ്യാപനം നടത്തിയത്. നാലുവിഭാഗങ്ങളിൽ 95 ശതമാനത്തിനുമുകളിൽ മാർക്ക് നേടിയ സംസ്ഥാനങ്ങളാണ് ഒന്നാംനിരയിലുള്ളവയായി വിലയിരുത്തപ്പെടുന്നത്. വ്യവസായസംരംഭകപ്രക്രിയ കാര്യക്ഷമമാക്കാൻ ശ്രദ്ധേയ പരിഷ്കാരങ്ങൾ കേരളം, ആന്ധ്രാപ്രദേശ്, ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങൾ നടത്തിയെന്ന് പീയൂഷ് ഗോയൽ പറഞ്ഞു. പ്രധാനമായും സംരംഭകരിൽനിന്നുള്ള അഭിപ്രായങ്ങളും നിർദേശങ്ങളും പരിഗണിച്ചാണിത്. സംസ്ഥാന വ്യവസായമന്ത്രിമാരുടെ സമ്മേളനമായ ഉദ്യോഗ്സമാഗമത്തിൽ കേരളത്തിനുവേണ്ടി മന്ത്രി രാജീവ് കേന്ദ്രമന്ത്രി പീയൂഷ് ഗോയലിൽനിന്ന് പുരസ്കാരം ഏറ്റുവാങ്ങി.

## സിഎംഎ മുൻ പ്രസിഡണ്ട് ജയചന്ദ്രൻ അന്തരിച്ചു



ചിക്കാഗോ: മലയാളി അസോസിയേഷന്റെ ആദ്യകാല മെംബറും മുൻ പ്രസിഡണ്ടുമായ ജയചന്ദ്രൻ അന്തരിച്ചു. അസോസിയേഷനു വേണ്ടി റേഡിയോ പ്രോഗ്രാം കണ്ടക്റ്റ് ചെയ്യുന്നതിനും മലയാളം സിനിമ കേരളത്തിൽനിന്നു കൊണ്ടുവരുന്നതിനും മുൻപന്തിയിൽ നിന്നിട്ടുള്ള ജയചന്ദ്രൻ ചിക്കാഗോ മലയാളി അസോസിയേഷന്റെ മുതൽക്കൂട്ടായിരുന്നു. റിയൽ എസ്റ്റേറ്റ് ഏജന്റ്, ഗീതാ മണ്ഡലം പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിരുന്ന ജയചന്ദ്രൻ ചിക്കാഗോയിലെ മലയാളി സമൂഹത്തിലെ നിറസാന്നിദ്ധ്യമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ചിക്കാഗോ മലയാളി അസോസിയേഷന്റെ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.

**ആൽവിൻ ഷിക്കോർ**



# ഫൊക്കാന യുവജന കമ്മിറ്റി വിപുലീകരിച്ചു

ന്യൂയോർക്ക്: ഫൊക്കാന യുവജന കമ്മിറ്റി വിപുലീകരിച്ചു പ്രവർത്തനം വ്യാപിപ്പിക്കാൻ ഫൊക്കാനയുടെ നാഷണൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം ഫൊക്കാന യൂത്തു കമ്മിറ്റി വിപുലീകരിപ്പിച്ചു 14 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു. നാഷണൽ കമ്മിറ്റിയുടെ ഭാഗമായ ഏഴ് യൂത്ത് കമ്മിറ്റി മെമ്പേഴ്സിനെ ഉൾപ്പെടുത്തിയാണ് കമ്മിറ്റി വിപുലീകരിച്ചിരിക്കുന്നത്. നമ്മുടെ യുവാക്കളെ അമേരിക്കൻ മുഖ്യ

**ശ്രീകുമാർ ഉണ്ണിത്താൻ**

ധാരയിലേക്ക് കൊണ്ടുവരികയും അവർ തന്നെ അവർക്ക് വേണ്ടി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും യുവജനങ്ങൾക്കായി മാത്രം ഒരു നാഷണൽ കൺവൻഷനും ആണ് ഫൊക്കാനയുടെ ലക്ഷ്യം.

അമേരിക്കൻ കനേഡിയൻ മലയാളികൾക്കു അഭിമാനമായി പേജെക്ട് 100 ഫൊക്കാന യൂത്ത് ക്ലബ് മുന്നേറുന്നു. ഫൊക്കാനയുടെ ഭാവി, യുവതലമുറയിലേക്ക് കൈമാറുന്നതിന്റെ പ്രതിഫലനമാണ് ഈ പേജെക്ടിലൂടെ നമ്മൾ കാണുന്നത്.

സർജന്റ് ബ്ലെസൻ മാത്യു, അലൻ കൊച്ചൂസ്, ജെയിൻ ബാബു, കെവിൻ ജോസഫ്, വരുൺ നായർ, സ്നേഹ തോമസ്, ഡോ. ക്രിസ്‌ലാ ലാൽ, ഹണി ജോസഫ്, അനിതാ ജോർജ്, ആകാശ് അജീഷ്, ജെർമി തോമസ്, മീര മാത്യു, ഫെയ്ത് മറിയ, അഖിൽ വിജയ് എന്നിവരെ ഉൾപ്പെടുത്തിയാണ് യൂത്ത് കമ്മിറ്റി വികസിപ്പിച്ചിരിക്കുന്നത്.

അമേരിക്കയിലുള്ള മലയാളി യുവാക്കളുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി അവരെ അമേരിക്കയുടെ മുഖ്യധാരാ രാഷ്ട്രീയത്തിലേക്കും സാമൂഹിക സാംസ്കാരിക രംഗങ്ങളിലേക്കും കൊണ്ടുവരിക എന്നതുകൂടിയാണ് ഫൊക്കാനയുടെ ലക്ഷ്യം. ഇന്ത്യൻ അമേരിക്കൻ യുവാക്കളുടെ ഒരു ഏകീകരണംകൂടിയാണ് ഇതിലൂടെ ഫൊക്കാന ഉദ്ദേശിക്കുന്നത്.

ഇന്ന് രാഷ്ട്രീയത്തിലേക്ക് നമ്മുടെ ആളുകൾ കടക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സെനറ്റർമാരായും കോൺഗ്രസ് അംഗങ്ങളായും അംബാസഡർമാരായും ജഡ്ജിമാരായും അഭിഭാഷകരായും യൂണിവേഴ്സിറ്റി തലവന്മാരായും മലയാളികൾ വരുന്ന കാലം അതിവിദൂരമല്ല. അതിനുവേണ്ടി നാം വളരെയേറെ പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ യുവ തലമുറയെ ഈ മേഖലകളിലേക്ക് കൈപിടിച്ചു ഉയർത്തുക എന്നത് കൂടിയാണ് ഫൊക്കാനയുടെ ലക്ഷ്യം.

കഴിഞ്ഞ വർഷങ്ങളിൽ അമേരിക്കൻ ഇലക്ഷനിൽ മലയാളികളുടെ ഒരു മുന്നേറ്റം കാണുകയുണ്ടായി. സാധാരണയായി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവർ അമേരിക്കൻ രാഷ്ട്രീയ രംഗത്ത് ഉയരുമ്പോൾ നോക്കിനിന്ന മലയാളികൾ ഇപ്പോൾ നേതൃരംഗത്തേക്കു കടന്നു വരുന്ന കാഴ്ചകളാണ് നാം ഇപ്പോൾ കാണുന്നത്. പക്ഷേ ഇത് ഒരു തുടക്കം മാത്രമാണ്. ഇനിയും നമുക്ക് വളരെ മുന്നേറാനുണ്ട്. അതിനുവേണ്ടിയാണ് ഫൊക്കാനയുടെ പരിശ്രമം.

നമ്മുടെ യുവതലമുറ കഠിനാധ്വാനികളും ബുദ്ധിമാന്മാരുമാണ്. അവർക്ക് നമ്മുടെ പിന്തുണയും സഹായവും ലഭിച്ചാൽ അവർ അമേരിക്കയിലെ തന്നെ ഒന്നാംകിട പൗരന്മാരായി വളരും. നമുക്ക് എഞ്ചിനീയർമാരെയും ഡോക്ടർമാരെയും മാത്രമല്ല ആവശ്യം. അമേരിക്കയിൽ 500 സിഇഒമാരും 200,000 മില്യണെയർമാരും ഇന്ത്യൻ വംശജരാണ്. ഇതെല്ലാം അവരുടെ കഠിനാധ്വാനംകൊണ്ട് നേടിയതാണ്. ഉത്തരേന്ത്യക്കാർ വലിയ നേട്ടങ്ങൾ കൊയ്യുമ്പോൾ മലയാളികൾ അവിടേക്ക് എത്തിപ്പെടാത്തത് അവർക്ക് അത്തരം മാർഗ്ഗനിർദേശം ലഭിക്കാത്തതുകൊണ്ടാണ്. അവിടെയാണ് ഫൊക്കാന ഒരു മാതൃകയായി മുന്നോട്ടു വരുന്നത്...




വളരെ ചെറിയ ജനസംഖ്യയുള്ള ജൂതൻമാർക്ക് അമേരിക്കയിലെ രാഷ്ട്രീയ സാമൂഹിക രംഗങ്ങളെ നിയന്ത്രിക്കാൻ കഴിയുന്നുണ്ടെങ്കിൽ വരും കാലങ്ങളിൽ നമ്മുടെ കുട്ടികൾ ആയിരിക്കും അവിടെ ശോഭിക്കുക എന്ന കാര്യത്തിൽ യാതൊരു സംശയവും ഇല്ല. അതിനുവേണ്ടിയുള്ള ട്രെയിനിങ് കൂടിയാണ് ഫൊക്കാന തുടങ്ങുവാൻ ആഗ്രഹിക്കുന്നത്.

നല്ലൊരു നാളേക്കായി വരും തലമുറയെ ശക്തിപ്പെടുത്തി അവരെ ഇന്ത്യൻ അമേരിക്കൻ എന്ന ബോധത്തിൽ വളർത്തി എടുക്കുകയും അവരെ ഏറ്റവും നല്ല ഇന്ത്യൻ അമേരിക്കൻ പൗരൻമാരായി വളർത്തി എടുക്കുക എന്ന ഉദ്യമത്തിന് വേണ്ടിയാണു ഫൊക്കാന ഈ യൂത്ത് പ്രോഗ്രാം ആരംഭിക്കുന്നത് എന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

ഫൊക്കാന യുവജന കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരെ പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചക്കപ്പൻ, എക്സി. പ്രസിഡണ്ട് പ്രവീൺ തോമസ്, വൈസ് പ്രസിഡണ്ട് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീഷണൽ ജോയിന്റ് സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ ജോയിന്റ് ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള എന്നിവർ അഭിനന്ദിച്ചു.

## മുഖ്യമന്ത്രി മൗനത്തിൽ

(3-ാം പേജിൽനിന്നും)

ആരോപണത്തിന്റെ സംശയമുന സിപിഎമ്മിലേക്കു നീട്ടുകയാണ് സിപിഐ. കൂടിക്കാഴ്ച കഴിഞ്ഞ് മാസങ്ങൾക്കുശേഷം പൂരം കലങ്ങിയതും തൃശൂർ ലോക്സഭാ തെരഞ്ഞെടുപ്പിൽ സുരേഷ് ഗോപി വിജയിച്ചതും കൂട്ടിച്ചേർത്ത് അതിശക്തമായ പ്രചാരണം പ്രതിപക്ഷം ഉയർത്തിക്കൊണ്ടു വരുന്നത് ന്യൂനപക്ഷങ്ങൾക്കിടയിൽ സംശയത്തിനു വഴിവെക്കുമെന്ന ആശങ്കയുമുണ്ട്. വിവാദത്തിൽ നിന്നു പരമാവധി അകലം പാലിക്കാനുള്ള തീരുമാനത്തിലാണ് സിപിഎം. മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പും വിഷയം കൈകാര്യം ചെയ്യട്ടെ എന്നും പാർട്ടി നേതൃത്വം കരുതുന്നു.

എ.കെ. ബാലൻ, സജി ചെറിയാൻ, എം.ബി. രാജേഷ്, പി.എം. മുഹമ്മദ് റിയാസ് എന്നിവരൊഴികെ മറ്റ് മന്ത്രിമാരോ നേതാക്കളോ ആരുംതന്നെ പ്രതികരണത്തിനു മുതിർന്നില്ല. ആർ.എസ്.എസ്-എഡിജിപി കൂടിക്കാഴ്ച ലഘൂകരിച്ചെന്നു വിമർശനമുണ്ടായപ്പോൾ അതിലൊക്കെ സർക്കാർ നടപടിയെടുക്കുമെന്നും പാർട്ടിയുമായി കൂട്ടിക്കെട്ടേണ്ടെന്നും വ്യക്തമാക്കി എം.വി. ഗോവിന്ദൻ വിവാദങ്ങളുടെ ഉത്തരവാദിത്വവും പരിഹാരവുമൊക്കെ മുഖ്യമന്ത്രിയുടെ തലയിൽ വെച്ചു.

## കേരളാ പോലീസിന് പുരസ്കാരം

തിരുവനന്തപുരം: കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾ തടയുന്നതിനുള്ള ഇടപെടലിൽ കേരളത്തിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അംഗീകാരം. ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്ററിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചാണ് കേന്ദ്ര ആഭ്യന്തരമന്ത്രാലയം പുരസ്കാരം പ്രഖ്യാപിച്ചത്.

## ആഭ്യന്തരവകുപ്പ് പരിശോധിക്കും

(3-ാം പേജിൽനിന്നും)

അജിത്കുമാറിനെ പൂർണമായി സംരക്ഷിക്കുന്ന നിലപാടാണ് മുഖ്യമന്ത്രി സ്വീകരിക്കുന്നതെന്ന വിമർശനവും ഉയരുന്നുണ്ട്. കോവളത്ത് ആർഎസ്എസ് നേതാവ് റാം മാധവുമായുള്ള എഡിജിപിയുടെ കൂടിക്കാഴ്ചയിൽ ഭരണകക്ഷിയിൽപ്പെട്ട ചില രാഷ്ട്രീയ നേതാക്കളും ഒപ്പമുണ്ടായിരുന്നുവെന്ന ആരോപണത്തിനും ഇതുവരെ ഭരണനേതൃത്വം മറുപടി നൽകിയിട്ടില്ല.

സിപിഎമ്മിന്റെയും എൽഡിഎഫിന്റെയും അടിത്തറയിളക്കാൻ കെൽപ്പുള്ളതാണെന്ന തിരിച്ചറിവിലാണു വിവാദത്തിൽനിന്ന് പരമാവധി അകലം പാലിക്കാനുള്ള പാർട്ടിയുടെ തീരുമാനം. അജിത്കുമാർ ആർഎസ്എസ് നേതാവിനെ കണ്ടാൽ എന്താണു കുഴപ്പമെന്നു ഈയിടെ ചോദിച്ച എംവി ഗോവിന്ദൻ പിന്നീട് നിലപാടു തിരുത്തിയത് ഇതിന്റെ ഭാഗമായാണെന്നാണു സൂചന. വിഷയം സിപിഎമ്മുമായി കൂട്ടിക്കുഴയ്ക്കേണ്ടെന്നാണു ഗോവിന്ദൻ പറഞ്ഞത്. അന്വേഷണം നടത്തി, ആരെങ്കിലും കുറ്റകരമായ നിലപാട് സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ ശക്തമായ നടപടിയെടുക്കുക എന്നതാണ് സർക്കാരിന്റെ തീരുമാനമെന്ന് എൽഡിഎഫ് കൺവീനർ പറഞ്ഞു. പൂരം കലക്കിയതിൽ ഗൂഢാലോചനയുണ്ടെങ്കിൽ പരിശോധിച്ചു നടപടിയെടുക്കും.

തൃശൂരിലെ തെരഞ്ഞെടുപ്പുമായി കൂടിക്കാഴ്ചയ്ക്കു ബന്ധമുണ്ടെന്ന കോൺഗ്രസ് ആരോപണം തള്ളിക്കളയാതെ, സിപിഎമ്മിലേക്കു സംശയമുന നീട്ടി സിപിഐ രംഗത്തിറങ്ങിയത് എൽഡിഎഫിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. കൂടിക്കാഴ്ചയുടെ വിശദാംശങ്ങൾ ജനങ്ങൾക്കു മുന്നിൽ വിശദീകരിക്കണമെന്നാണ് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഈയിടെ ആവശ്യപ്പെട്ടത്. ഇതിന് ഉത്തരം നൽകേണ്ട ബാധ്യതയും മുഖ്യമന്ത്രിക്കുമേൽ ചാരിയിരിക്കുകയാണ് സിപിഎമ്മും എൽഡിഎഫും.

## വാർഡ് വിഭജനം

(3-ാം പേജിൽനിന്നും)

നിലവിൽ ഇവിടെ 23 പഞ്ചായത്തുകളിലായി 413 വാർഡുകളാണ് നിലവിലുള്ളത്. 37 വാർഡുകളുടെ വർദ്ധന മാത്രമാണ് വയനാട്ടിലുണ്ടായത്. ഗ്രാമപഞ്ചായത്തുകളിലെ കുറഞ്ഞ വാർഡുകളുടെ എണ്ണം 14 ആയും കൂടിയ വാർഡുകൾ 24 ആയും ഉയർന്നു.

അതിർത്തി പുനർനിർണയത്തിന് വാർഡുകളുടെ എണ്ണം ജനസംഖ്യാനുപാതത്തിൽ നിശ്ചയിച്ചപ്പോൾ സംസ്ഥാനത്തെ 152 ബ്ലോക്ക് പഞ്ചായത്തുകളിലായി 2080 വാർഡുകളാണുണ്ടായിരുന്നത്. ഇത് 2267 ആയി ഉയരും. ബ്ലോക്ക് പഞ്ചായത്തുകളിൽ 187 വാർഡുകൾ വർദ്ധിക്കും.

14 ജില്ലാ പഞ്ചായത്തുകളിലായി 15 ഡിവിഷനുകൾ കൂടും. തിരുവനന്തപുരത്ത് രണ്ടും മറ്റു ജില്ലകളിൽ ഓരോന്നുമാണ് അധികമായി വരുന്നത്. ഇതുവരെ 331 ഡിവിഷനുകളാണുണ്ടായിരുന്നത്. ഇപ്പോൾ 346 ആയി.

## എലിസബത്ത് തോമസ് അന്തരിച്ചു



ഡാളസ്: പത്തനംതിട്ട കല്ലൂപ്പാറ വാക്കയിൽ റവ.ഫാ. തോമസിന്റെ ഭാര്യ എലിസബത്ത് തോമസ് (83) ഡാളസിൽ അന്തരിച്ചു. കേരള അസോസിയേഷൻ ഓഫ് ഡാളസ് മുൻ പ്രസിഡണ്ടും ഡയറക്ടർ ബോർഡ് അംഗവുമായ ബോബൻ കൊടുവത്തിന്റെ ഭാര്യാമാതാവാണ് പരേത. പരേതരായ ഉമ്മൻ തോമസ്, ഏലിയാമ്മ ഉമ്മൻ എന്നിവരാണ് മാതാപിതാക്കൾ. മക്കൾ: ഷേർളി ബോബൻ കൊടുവത്ത്, ഷാജി തോമസ്, ഷീല ജൂബി. മരുമക്കൾ: ബോബൻ കൊടുവത്ത്, ഷെറി തോമസ്, ജൂബി മാലിത്തറ.

10-ന് ചൊവ്വാഴ്ച 6 മുതൽ 9 വരെ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച് 5130 ലോക്കസ്റ്റ് ഗ്രോവ് ആർഡി, ഗാർലൻഡ് ടെക്സസിൽ പൊതുദർശനവും 11-ന് ബുധനാഴ്ച രാവിലെ 9 മുതൽ 12 വരെ ശുശ്രൂഷയെത്തുടർന്ന് സണ്ണിവെയ്ൽ ന്യൂ ഹോപ് ഫ്യൂണറൽ ഹോമിൽ സംസ്കാരവും നടത്തും. കൂടുതൽ വിവരങ്ങൾക്ക് ബോബൻ കൊടുവത്ത് 214 929 2292. (live Telecast: provisiontv.in)

## മാണി സി. ഏബ്രഹാം അന്തരിച്ചു



കോട്ടയം: കിണറ്റുംമൂട്ടിൽ മാണി സി. ഏബ്രഹാം (കുഞ്ഞുമോൻ-89) അന്തരിച്ചു. എയർഫോഴ്സിലും റെയിൽവേയിലും ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ മല്ലപ്പള്ളി കണ്ണമല്ല അന്നമ്മ മാണി. മക്കൾ: സി.എം. ഏബ്രഹാം (യു.എൻ. റിട്ട.) സൂസിയാനാ ജോർജ് (കുവൈറ്റ്), ആഷ്‌ലി ജോർജ് (കൊച്ചി). മരുമക്കൾ: മീന മേരി ഏബ്രഹാം വാളക്കുഴി മല്ലപ്പള്ളി (റബർ ബോർഡ്), ജോർജ് ഫിലിപ്പ് ഇളയത്തുശേരിൽ (കോട്ടയം), ജോർജ് സാമുവൽ മണലേൽ (കോട്ടയം).

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures
WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

# നിര്യാതരായി

## ടി.ജി. തോമസ്

**പത്തനംതിട്ട:** അഴൂർ തച്ചിരേത്ത് വടക്കേൽ ടി.ജി. തോമസ് (95) അന്തരിച്ചു. ഭാര്യ മഞ്ഞിനിക്കര നന്ത്യാട്ട് പരേതയായ കുഞ്ഞമ്മ. മക്കൾ: ജോർജ് തോമസ് (യുഎസ്), ഷേർലി കുര്യൻ, ഡെയ്സി ജോയ്, റെജി ജോൺ. മരുമക്കൾ: കുഞ്ഞുമോൾ ജോർജ് (യുഎസ്), കാവുംഭാഗം ഇടശേരിപറമ്പിൽ ജോയ് വർഗീസ്, നാലാഞ്ചിറ തണ്ടത്തിൽ പാസ്റ്റർ ജോൺ തോമസ്, പുറമറ്റം വഴനക്കോട്ട് പരേതനായ കെ. കുര്യൻ.

## കെ.ജെ. ചാക്കോ

**ആലുവ:** സൗത്ത് മറിയപ്പടിയിൽ കൊച്ചുതറ (പടഹാരം, ചമ്പക്കുളം) ബിനാനിസിങ്ക് മുൻ ഉദ്യോഗസ്ഥൻ കെ.ജെ. ചാക്കോ (82) അന്തരിച്ചു. ഭാര്യ പള്ളിക്കൂട്ടുമ്മ ചാമചപറമ്പിൽ പരേതയായ കുഞ്ഞമ്മ ചാക്കോ. മക്കൾ: ടോണി (ബെംഗ്ളൂരു), ജയ്സൺ (യുഎസ്), ഡോ. ജീന(ആലുവ). മരുമക്കൾ: രഞ്ജു, ടെനീമ, ഡോ. ജയ്മോൻ.

**അരീപ്പറമ്പ്:** തേമ്പള്ളിയിലായ മറ്റത്തിൽ പരേതനായ എം.ടി. തോമസ് കോർ എപ്പിസ്കോപ്പയുടെ മകൻ ഏബ്രഹാം തോമസ് (ഡായിമോൺ-68) അന്തരിച്ചു.

## പെണ്ണമ്മ ജോർജ്

**വാകത്താനം:** കൊക്കരവാലയിൽ പരേതനായ കെ.സി. ജോർജിന്റെ ഭാര്യ പെണ്ണമ്മ ജോർജ് (81) അന്തരിച്ചു. മക്കൾ: മോളി ജോർജ്, മോൻസി ജോർജ് (യുകെ), കൊച്ചുമോൻ ജോർജ് (യുഎസ്). മരുമക്കൾ: ബെറ്റ്സി പായിക്കാട്ട് കിടങ്ങൂർ (യുകെ), ലെൻസി തറയിൽ കല്ലറ (യുഎസ്), പരേതനായ സുരേഷ് ജോർജ്.

## ശോശാമ്മ വർഗീസ്

**വെള്ളൂർ:** സൗത്ത് പാമ്പാടി പുല്ലിക്കോട്ടായ നെടുങ്ങോട്ടുമല പുത്തൻപറമ്പിൽ പരേതനായ എൻ.വി. വർഗീസിന്റെ ഭാര്യ നെടുങ്കുന്നം സെ. തെരേസാസ് എൽപിഎസ് റിട്ട. അദ്ധ്യാപിക ശോശാമ്മ വർഗീസ് (89) അന്തരിച്ചു. കനകപ്പലം തേക്കാട്ടിൽ (മണ്ണിൽ) കുടുംബാംഗമാണ്. മക്കൾ: സാബു (യുഎസ്), സജി (ദുബായ്), സണ്ണി, സാജൻ, സൂസൻ. മരുമക്കൾ: സുധ (യുഎസ്), വെങ്കോട്ട ആശാരിപ്പറമ്പിൽ ജെസി (ദുബായ്), പത്തനംതിട്ട താവളത്തിൽ സജിനി, പുത്തൻകാവ് വെൺമണി പീടികയിൽ ജെമി, സൗത്ത് പാമ്പാടി കുരക്കവയലിൽ ടോമി വർഗീസ്.

**പരുമല:** ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി റിട്ട. പ്രൊഡക്ഷൻ മാനേജരും മാന്നാർ എസ്എൻഡിപി യൂണിയൻ സ്ഥാപക ചെയർമാനുമായ പത്മശ്രീയിൽ ഡോ. എം.പി. വിജയകുമാർ (69) അന്തരിച്ചു.

**റാന്നി:** നെല്ലിക്കമൺ വളകൊടികാവ് കുന്നുംപുറത്ത് ലാലു മാത്യു (58) അന്തരിച്ചു.

## സി.ഒ. മാത്യു

**തിരുവനന്തപുരം:** എൽഐസി റിട്ട. ഡിവിഷണൽ മാനേജർ മുട്ടട തോപ്പിൽ നഗർ ചെമ്പകശേരിൽ സി.ഒ. മാത്യു (87) അന്തരിച്ചു. പട്ടാഴി ചെമ്പകശേരിൽ കുടുംബാംഗമാണ്. ഭാര്യ തുമ്പമൺ ചക്കിട്ടേടത്ത് കുഞ്ഞുമോൾ മാത്യു. മകൻ: ടോബ് (യുഎസ്). മരുമകൾ: മാവേലിക്കര കറുത്തേടത്ത് ലത.

**അഴീക്കോട്:** സംസ്ഥാനത്ത് അവസാനമായി വധശിക്ഷയ്ക്കു നേതൃത്വം നല്കിയ കണ്ണൂർ സെൻട്രൽ ജയിൽ മുൻ സൂപ്രണ്ടും റിട്ട. ജയിൽ ഡിഐജിയുമായ അരയാക്കണ്ടിപ്പാറ പച്ച ഹൗസിൽ എൻ.പി. കരുണാകരൻ (81) അന്തരിച്ചു.

**അയ്മനം:** പുലിക്കുട്ടിശേരി വല്യാട് മഠത്തിൽപറമ്പിൽ ജോസഫിന്റെയും ത്രേസ്യാമ്മയുടെയും മകൻ ജോഷിമോൻ ജോസഫ് (43) അന്തരിച്ചു.

## മേരി വാറുണ്ണി



**മാപ്രാണം:** ചിറ്റിലപ്പിള്ളി പരേതനായ തൊമ്മാന വാറുണ്ണിയുടെ ഭാര്യ മേരി (93) അന്തരിച്ചു. മക്കൾ: ലിസി, റിച്ചി, ചാർളി, വില്യം, ഷേർളി, ഡൊമിനിക് (ടെക്സസ്). മരുമക്കൾ: ജോസ്, ജോയ്സി, ഷീല, ബിൽജി, റോബർട്ട്, സുനി (ടെക്സസ്).

**പാമ്പാടി ഈസ്റ്റ്:** കൊല്ലംപറമ്പിൽ പരേതനായ പ്രഫ. കെ.സി. മാണിയുടെ (ബസേലിയസ് കോളജ്)) ഭാര്യ പുത്തനങ്ങാടി സെ. തോമസ് ഗേൾസ് ഹൈസ്കൂൾ റിട്ട. പ്രധാനാദ്ധ്യാപിക പി.കെ. മറിയാമ്മ (കുഞ്ഞമ്മ-85) അന്തരിച്ചു

## ജി. ശാന്തകുമാരി

**കൊച്ചി:** കെഎസ്ഇബി റിട്ട. സീനിയർ സൂപ്രണ്ട് വൈറ്റില ജനതാ റോഡ് ലെയ്ൻ 19 ശാന്തിയിൽ ജി. ശാന്തകുമാരി (73) അന്തരിച്ചു. ഭർത്താവ് വാസുദേവപണിക്കർ. (റിട്ട. കൊച്ചിൻ പോർട്ട് ഹോസ്പിറ്റൽ). മക്കൾ: മനുരാജ്, വിനുരാജ് (യുഎസ്). മരുമക്കൾ: കൃഷ്ണ സുമ, ഭദ്ര നായർ, പ്രിയ ദേവദാസ്.

**തോട്ടയ്ക്കാട്:** പാടത്തുമാപ്പിള കുടുംബാംഗം വലിയമണ്ണിൽ പരേതനായ ഔസേപ്പ് ഉതുപ്പിന്റെ ഭാര്യ ശോശാമ്മ ഉതുപ്പ് (89) അന്തരിച്ചു.

**തൊടുപുഴ:** വൈദ്യുതി ബോർഡ് റിട്ട. എക്സി. എൻജിനീയർ കാഞ്ഞിരമറ്റം തയ്യിൽ ടി.എ. ജോർജ് (77) അന്തരിച്ചു.

**കടപ്പൂർ:** വട്ടത്തൊട്ടിയിൽ മിനി മാത്യു (52) അന്തരിച്ചു.

## ഏലിയാമ്മ ജോർജ്

**എരുമേലി:** മറ്റന്നൂർക്കര അടുക്കളയിൽ പുത്തൻപുരയ്ക്കൽ ഏലിയാമ്മ ജോർജ് (അമ്മിണി-92) അന്തരിച്ചു. തിരുവല്ല കാരയ്ക്കൽ മുളമൂട്ടിൽ ആമ്പല്ലൂർ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.എം. ജോർജ്. മക്കൾ: സുശീല, ലൈല, രാജൻ, ലളിത, ചാക്കോച്ചൻ, വിനോദ് (മൂവരും യുഎസ്). മരുമക്കൾ: തോമസ് റാപ്പുഴ (കറുകച്ചാൽ), പരേതനായ ജോർജ് തോമസ് കാഞ്ഞിരത്തുംമൂട്ടിൽ (കോട്ടയം),റെജീന പുതുപ്പറമ്പിൽ മുണ്ടക്കയം, ഷൈനി മേക്കല്ലൂർ മണ്ണടിശാല (ഇരുവരും യുഎസ്), ആൻഡ്രൂസ് (ജബൽപൂർ), ഷേർളി പാലക്കുടി (മണിമല).

## വി.ഡി. സുഗതൻ

**അടിമാലി:** റിട്ട. എസ്ഐ 200 ഏക്കർ മില്ലുംപടി വരകിൽ വി.ഡി. സുഗതൻ (67) അന്തരിച്ചു. ഭാര്യ തൂക്കുപാലം കായലിൽപറമ്പിൽ ഷൈല. മക്കൾ: ആതിര (യുഎസ്), അക്ഷര. അർജുൻ. മരുമക്കൾ: സുമേഷ് ശേഖർ (യുഎസ്), ഡിസ്നി മാത്യു, ധനലക്ഷ്മി മധു.

**തിടനാട്:** കാക്കനാട്ട് പരേതനായ വർക്കി വർഗീസിന്റെ മകൾ ത്രേസ്യാമ്മ വർഗീസ് (തെയ്യാമ്മ ജോസഫ്-66) അന്തരിച്ചു.

## അന്നമ്മ സഖറിയ

**തിരുവല്ല:** കറ്റോട് മണ്ണിൽ അന്നമ്മ സഖറിയ (അമ്മിണി-92) അന്തരിച്ചു. ആമല്ലൂർ കിഴക്കേതിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.കെ. സഖറിയ. മക്കൾ: ബാബു സഖറിയ, സാലി തോമസ് (ഇരുവരും യുഎസ്), ശാന്തമ്മ ജോർജ്, പരേതനായ തോമസ് സഖറിയ. മരുമക്കൾ: ലാലു സഖറിയ, എ.ജെ. ജോർജ്, തോമസ് ജേക്കബ്, പരേതയായ അന്നമ്മ തോമസ്.

## ക്യാപ്റ്റൻ വി.ഇ. ചാക്കോ

**കടുത്തുരുത്തി:** മാന്നാർ വാതപ്പള്ളിൽ ഹോണററി ക്യാപ്റ്റൻ വി.ഇ. ചാക്കോ (97) അന്തരിച്ചു. വൈക്കം വാതപ്പള്ളിൽ കുടുംബാംഗമാണ്. ഭാര്യ ആർപ്പൂക്കര മാമ്പറ പരേതയായ അന്നമ്മ. മക്കൾ: സ്റ്റീഫൻ ജേക്കബ് (യുഎസ്), ജോജി ജേക്കബ് (സിംഗപ്പൂർ). മരുമക്കൾ: റാണി പാറയ്ക്കൽ (അങ്കമാലി), ആശ ശിവറാം (ബെംഗ്ളൂരു).

**ഉദയംപേരൂർ:** പഞ്ചായത്ത് റിട്ട. സെക്രട്ടറി സൗത്ത് പറവൂർ ഐശ്വര്യ പ്ലാന്തടത്തിൽ യു. ഷീല (60) അന്തരിച്ചു.

**കണ്ണൂർ:** അമലോത്ഭവ മാതാവിന്റെ ഉർസുലൈൻ സന്യാസിനി സഭാംഗം സിസ്റ്റർ ഫിഡേലിയ ചെമ്പനത്തടത്തിൽ (77) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** തിരുവാർപ്പിലായ മുടയങ്കാവിൽ എ.വി. വർഗീസ് (മോനിച്ചൻ-74) അന്തരിച്ചു.

## ഡോ. ജോർജ് അറയ്ക്കൽ



**ന്യൂയോർക്ക്:** കോട്ടയം അറയ്ക്കൽ ഡോ. ജോർജ് അറയ്ക്കൽ (84) അന്തരിച്ചു. ഭാര്യ കളരിക്കൽ വത്സ. മകൾ: ഡോ. ആൻ അറയ്ക്കൽ രാജു (ന്യൂയോർക്ക്). മരുമകൻ: തലയോലപ്പറമ്പ് കരീമഠം കളിക്കാട്ട് ഡോ. ക്രിസ് രാജു.

**കോട്ടയം:** കക്കുഴിയിൽ പരേതനായ കെ.ടി. ജോർജിന്റെ മകൻ റോയൽ ഏജൻസീസ് പാർട്നർ കെ. തോമസ് ജോർജ് (തൊമ്മൻ-53) അന്തരിച്ചു.

## ചിന്നമ്മ തോമസ്

**നമ്പ്യാകുളം:** വാലേപ്പറമ്പിൽ വി.ടി. തോമസിന്റെ ഭാര്യ ചിന്നമ്മ തോമസ് (ത്രേസ്യാമ്മ-76) അന്തരിച്ചു. കുടമാളൂർ മറ്റത്തിൽ കുടുംബാംഗമാണ്. മക്കൾ: ബീന തോമസ് (യുഎസ്), സിസ്റ്റർ റൂബി തോമസ് (ഡിഎസ്എച്ച്ജെ പ്രൊവിൻഷ്യൽ സുപ്പീരിയർ), മിനി തോമസ് (കാനഡ), ബിനു തോമസ് (യുകെ). മരുമക്കൾ: പരേതനായ ബിജു കുനാനിക്കൽ, ഷാജുമോൻ ജോസ്, തോമസ് തേവർകാലാക്കട്ടയിൽ പട്ടിത്താനം (കാനഡ), ഷാജി വർഗീസ് നടുപ്പറമ്പിൽ നമ്പ്യാകുളം (യുകെ).

**പെരിന്തൽമണ്ണ:** റിട്ട. ഡെപ്യൂട്ടി കളക്ടർ രാമചന്ദ്രൻ അത്തിപ്പറ്റ (89) അന്തരിച്ചു.

**തൃപ്പൂണിത്തുറ:** കോർപ്പറേഷൻ ബാങ്ക് റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ അടൂർ ചിറ്റേഴത്ത് തോമസ് ജോർജ് (71) അന്തരിച്ചു.

**തലവടി:** ആനപ്രമ്പാൽ ദേവസ്വം യുപിഎസ് റിട്ട. അദ്ധ്യാപിക ചെമ്പ്രയിൽ ഏലിയാമ്മ ചെറിയാൻ (80) അന്തരിച്ചു.

## കെ.വി. വർഗീസ്

**മുളന്തുരുത്തി:** കണ്ടനാട് സെ. മേരീസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ കുമ്പളംതറയിൽ കെ.വി. വർഗീസ് (കുഞ്ഞ്-82) അന്തരിച്ചു. ഭാര്യ കൂത്താട്ടുകുളം പുന്നത്താനത്ത് സാറാമ്മ. മക്കൾ: ജോർജ്, ആലി (കുവൈറ്റ്), മെറീന (യുഎസ്). മരുമക്കൾ: കുംഭപ്പിള്ളി തേലക്കാട്ടുമറ്റത്തിൽ സിജോ ഏബ്രഹാം, തച്ചമ്പാറ കണ്ണാപറമ്പിൽ സിബി തോമസ്, പാലക്കാട് ചന്ദ്രനഗർ പാടിയേറ്റിൽ രഞ്ജി ചെറിയാൻ.

**പത്തനംതിട്ട:** മുൻ ദേശീയ ബാസ്കറ്റ്ബോൾ താരം പത്തനംതിട്ട എണ്ണശ്ശേരിൽ റിട്ട. പ്രഫ. ജോൺ ഫിലിപ്പ് (86) അന്തരിച്ചു.

## കെ.സി. ജോസഫ്

**വാകത്താനം:** സഹകരണ സംഘം ഡയറക്ടർ ബോർഡ് അംഗമായിരുന്ന കുവക്കട (പടിയാനിക്കൽ) കെ.സി. ജോസഫ് (86) അന്തരിച്ചു. ഭാര്യ കുഞ്ഞൂഞ്ഞമ്മ. മക്കൾ: ഗ്രെയ്സൺ, ഗ്രെയ്സമ്മ, ജിസമ്മ, തോമസ്കുട്ടി (എസ്എച്ച് മൗണ്ട് സ്കൂൾ കോട്ടയം), ജോസുകുട്ടി (യുഎസ്). മരുമക്കൾ: ടി. ബീന, ജോർജ് ചിറ്റാലക്കാട്ട് (മാറിയിടം), രാജു കണ്ടത്തിൽ കൈപ്പുഴ (യുഎസ്), മിനി (സെ. ആൻസ് എച്ച്.എസ്. കോട്ടയം), സലിജ മുകളേൽ അറുനൂറ്റിമംഗലം (യുഎസ്).

## എൻ.ജെ. ജോസഫ്

**തുരുത്തി:** കെ.എസ്ഇബി റിട്ട. അസി. എൻജിനീയർ നേര്യംപറമ്പിൽ എൻ.ജെ. ജോസഫ് (ജോസ്-80) അന്തരിച്ചു. ഭാര്യ തൃശൂർ ചേറൂർ വിളങ്ങാട്ടിൽ ടെസി ജോസഫ്. മക്കൾ: അരുൺ ജോൺ (അയർലൻഡ്), വരുൺ ജോർജ് (യുഎസ്). മരുമക്കൾ: നിജി ആനി പയസ് പുത്തൻപുരയ്ക്കൽ കൂത്രപ്പള്ളി (അയർലൻഡ്), ആൻ ജോസ് കുടിലിൽപറമ്പിൽ കുടമാളൂർ (യുഎസ്).

## സാറാമ്മ ഏബ്രഹാം

**ഇരവിപേരൂർ:** തറുവേലിമണ്ണിൽ സാറാമ്മ ഏബ്രഹാം (മോനി-71) അന്തരിച്ചു. ഭർത്താവ് ഗൂഡല്ലൂർ നീലഗിരി തേപ്പുകല്ലിൽ പരേതനായ ടി.വി. ഏബ്രഹാം. മക്കൾ: വിനു ഏബ്രഹാം, ബിൻസി (യുഎസ്), പരേതനായ ബിജു ഏബ്രഹാം. മരുമക്കൾ: കിഴക്കുപുറം മംഗലപ്പള്ളിൽ നിരവേൽ ജിബു (യുഎസ്), ഇരവിപേരൂർ മുകളുകാലായിൽ പരേതയായ മോൻസി.

## മേരി ജോസഫ്

**കൂടയ്ക്കച്ചിറ:** മൂലക്കാട്ട് പരേതനായ എം.എം. ജോസഫിന്റെ ഭാര്യ മേരി ജോസഫ് (100) അന്തരിച്ചു. പുതുവേലി പെരുന്നിലത്തിൽ കുടുംബാംഗമാണ്. മക്കൾ: പരേതനായ എം.ഒ. മത്തായി (ഗവ. റിട്ട. അദ്ധ്യാപകൻ), എം.എം. ജെയിംസ്, ലീലാമ്മ ജോസഫ് (യുഎസ്), സിസ്റ്റർ ജോസി (ഉളിക്കൽ), ആനീസ് ആൻഡ്രൂസ് (സൗത്ത് ആഫ്രിക്ക), പരേതനായ ജോസ് ജോസഫ്. മരുമക്കൾ: മറിയാമ്മ മുളങ്കാട്ടിൽ (ചുങ്കപ്പാറ), ഗ്രേസി ജോസഫ് മറ്റത്തിൽ (ഉഴവൂർ), എസ്. ജോസഫ് ചാലയ്ക്കാത്തടത്തിൽ (മുത്തോലപുരം), ആൻഡ്രൂസ് പുന്നൂസ് ചക്കാലയ്ക്കൽ (ചിങ്ങവനം).

**തൃശൂർ:** സിസ്റ്റേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസീസി കോൺഗ്രിഗേഷൻ ഭോപ്പാൽ പ്രോവിൻസ് തൃശൂർ തോട്ടത്തിൽ ലെയിൻ ശാന്തിഭവൻ മഠാംഗം സിസ്റ്റർ മേരി ലൂർദ് (83) അന്തരിച്ചു.

**കുഴിമറ്റം:** ഇടുക്കി പൈനാവ് റിട്ട. പോലീസ് ഓഫീസർ തെക്കേപ്പറമ്പിൽ കെ.വി. ശ്രീധരൻ (75) അന്തരിച്ചു.

## റോസമ്മ ഫ്രാൻസിസ്

**ആലപ്പുഴ:** എടത്വ സെ. മേരീസ് ഗേൾസ് എച്ച്എസ് റിട്ട. പ്രധാനാദ്ധ്യാപിക തത്തംപള്ളി കണിയാംപറമ്പിൽ റോസമ്മ ഫ്രാൻസിസ് (84) അന്തരിച്ചു. ഭർത്താവ് പരേതനായ ഫ്രാൻസിസ് ജോസഫ് (റിട്ട. പ്രധാനാദ്ധ്യാപകൻ, അർത്തുങ്കൽ). മക്കൾ: ജോ (യുഎസ്), ജോർജ്, ടോണി (ഇരുവരും ദുബായ്). മരുമക്കൾ: കരോളിൻ നമ്പ്യാപറമ്പിൽ (തൊടുപുഴ), ബിനി ഇല്ലത്തുപറമ്പിൽ (ആറുമാനൂർ), റോസ്മോൾ മാഞ്ഞൂരാൻ (അങ്കമാലി).

**ആലുവ:** ഗവ.ഓഫ് ഇന്ത്യ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ മുൻ ഡെപ്യൂട്ടി ഡയറക്ടർ പന്തിരുവേലിൽ പി.സി. ജോസഫ് (പാപ്പിച്ചൻ-94) അന്തരിച്ചു.

## ഇ.വി. വർഗീസ്



**മുട്ടമ്പലം:** ഇടയത്ര വീട്ടിൽ ഇ.വി. വർഗീസ് (ബേബിച്ചൻ-75) ഒറിഗണിൽ അന്തരിച്ചു. ഭാര്യ അയ്മനം മണക്കുളത്തിൽ ഓമന. സംസ്കാരം 14-ന് പോർട്ട്ലാൻഡിൽ. മക്കൾ: ഡാനി, ക്രിസ്റ്റി, ലെനി. മരുമക്കൾ: സാറ, ഷേമൻ അത്തിമറ്റത്തിൽ (നീണ്ടൂർ), ലെവി ദാനിയേൽസ് പള്ളിക്കിഴക്കേതിൽ (പുത്തൻ വീട്).

**ചങ്ങനാശേരി:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ചങ്ങനാശേരി ദേവമാതാ പ്രോവിൻസ് കായൽപ്പുറം സെ. ജോസഫ്സ് ഭവനാംഗം സിസ്റ്റർ സിൽവിയ കാവിത്താഴെ (80) അന്തരിച്ചു.

## മേരി തോമസ്

**പുന്നവേലി:** ചീരമറ്റം മേരി തോമസ് (95) ഹൂസ്റ്റണിൽ അന്തരിച്ചു. ഭർത്താവ് പരേതനായ റവ. സി.ജെ. തോമസ്. മക്കൾ: ഡോ. മേരി തോമസ് ടെയ്ലർ, ജോൺ തോമസ്, ഡോ. ഏബ്രഹാം തോമസ്, ജോർജ് തോമസ്. മരുമക്കൾ: ഡോ. ടെറി ടെയ്ലർ, ഡോ. ലിഡ ഗോമസ്, ഡോ. ഷീബ തോമസ് (എല്ലാവരും ഹൂസ്റ്റൺ).

**കൊച്ചി:** സിഎംഐ തിരുഹൃദയ പ്രവിശ്യ അംഗം ഫാ. സി.ടി. വർഗീസ് ചൊവ്വേലിക്കകത്ത് (80) അന്തരിച്ചു.

**ചോറ്റി:** കല്ലറയ്ക്കൽ പരേതനായ റിച്ചാർഡിന്റെ ഭാര്യ ത്രേസ്യാമ്മ (94) അന്തരിച്ചു.

**അതിരമ്പുഴ:** വനംവകുപ്പ് റിട്ട. സീനിയർ സൂപ്രണ്ട് കുഴിതൊട്ടിയിൽ കെ.എം. മർക്കോസ് (കുഞ്ഞൂട്ടി-96) അന്തരിച്ചു.




## വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



*Inserted by: Firm Believer, Atlanta*

## 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI

Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**

## SEEKING A LIVE-IN CAREGIVER IN NASHVILLE, TENNESSEE

Seeking a live-In caregiver in Nashville, Tennessee, for my 75-year-old mother. She is mobile with the help of a walker, and needs help with daily activities and household work including cooking. Accommodation, food and attractive salary offered.

**Please contact**

**shinakp@gmail.com** or

call **615-423-7332**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Boston*

**Visit Our Website:** **www.keralaexpress.com for Classified Advt.**

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. മല്ലികയുടെ സഹോദരന്റെ മകളുടെ ഭർത്താവ് ഡിവൈഎസ്പി ഹേമചന്ദ്രന്റെ ബുദ്ധിയായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. കിളിമാനൂരിലെ മാനസികാരോഗ്യകേന്ദ്രത്തിൽവെച്ച് മാളവികയെ കണ്ട അല്ലിമ വല്ലാതെ തളർന്നുപോകുന്നു....**

# കാണാത്ത തീരങ്ങൾ

ജോയ്സി

**113**

കിഷോർ ബൈക്കോടിച്ച് ഇടപ്പള്ളി ബർഗർ ജംക്ഷനിലെത്തി ഇടത്തേക്കു തിരിഞ്ഞ് വി.പി. മരയ്ക്കാർ റോഡിലൂടെ അൽപദൂരം പോയി.

സാന്റാമരിയ അക്കാദമിയുടെ മുൻപിൽ അവൻ ബൈക്ക് നിർത്തിയതും, ഗേറ്റിനുള്ളിൽനിന്നു സോഫിയ ധൃതിയിൽ ഇറങ്ങിവന്നു. ബൈക്കിന്റെ ബട്ടർ ഫ്ളൈ ക്രാഷ് ഗാർഡിൽ കൊളുത്തിയിട്ടിരുന്ന ഹെൽമറ്റ് അഴിച്ച് കിഷോർ സോഫിയയ്ക്ക് കൊടുത്തു.

"എത്രനേരം കൊണ്ട് പോസ്റ്റായിട്ടു നിൽക്കുവാ ഞാൻ... പറഞ്ഞ സമയത്തൊന്നും വരണില്ല." സോഫിയ പരിഭവിച്ചു.

"ഞാൻ മെട്രോയ്ക്കല്ല വന്നത്. ബൈക്കിനാ..." കിഷോർ ഗൗരവം വിടാതെ പറഞ്ഞു.

"ഇവനിങ് ബാച്ചിലുള്ളോര് വന്നുതുടങ്ങി. ഓരോരുത്തര് ചോദിക്ക്യാ. എന്താ ഇവിടെ നിക്കുന്നെ, ആരെയെങ്കിലും വെയ്റ്റ് ചെയ്യുവാണോന്ന്."

"ആണെന്നു പറഞ്ഞൂടെ?"

"എനിക്കിവിടെ ആരാ ഒള്ളത്- വെയ്റ്റ് ചെയ്യാനും വേണ്ടി?"

"ഞാൻ..." കിഷോർ സ്വയം നെഞ്ചിൽ തൊട്ടുകാട്ടി.

"ഈ ഞാനാരാണ് പോലും? ചോദിക്കണവരോട് പറയേണ്ട റിലേഷൻഷിപ് എന്താണ്?"

"ഫിയാൻസെ..."

"എന്തോ ചുറ്റിക്കളിയാണെന്ന് ആളുകള് വിചാരിക്കും."

"ആരെങ്കിലും എന്തെങ്കിലും വിചാരിച്ചോട്ടെ. നമുക്കെന്താ?"

"എനിക്കു കുറച്ച് നാണോം മാനോം ഒക്കെയൊണ്ട്."

"അത്രേയൊള്ളോ...? നിന്റെ നാണോം മാനോം ഞാൻ ശരിയാക്കിത്തരാം, ബൈക്കിലോട്ടു കേറെടി."

കിഷോറിന്റെ ആജ്ഞയ്ക്ക് ശബ്ദം കൂടിപ്പോയി.

റോഡിലൂടെ നടന്നു പൊയ്ക്കൊണ്ടിരുന്ന ഒരു സ്ത്രീയും പുരുഷനും ഞെട്ടിത്തിരിഞ്ഞുനോക്കി. ആരോ എടുത്തുവെച്ചപോലെ നൊടിയിടയിൽ സോഫിയ ബൈക്കിൽ കയറി.

"എന്നാ ഒച്ചയാ... നടുറോഡാണ്, മനുഷ്യരു കേക്കും എന്ന വിചാരം വേണ്ടേ." സോഫിയ പരാതിപ്പെട്ടു.

"കേട്ടാലെന്താ... നിന്റെ അപ്പനൊണ്ടല്ലോ മാന്നാർ മത്തായി..."

"മാന്നാർ മത്തായിയല്ല - അരീക്കര കുര്യച്ചൻ. എന്റെ അപ്പനു വിളിക്കുന്നോ?"

"ഞാൻ മാന്നാർ മത്തായിയെ ആണു വിളിച്ചത്. നീയല്ലേ തിരുത്തി നിന്റപ്പന്റെ പേരിലോട്ടു വെച്ചത്."

"പറയാൻ വന്നത് പറഞ്ഞില്ല?"

"നിന്നെ ഞാൻ കെട്ടുമെന്ന് നിന്റപ്പന്റെ മുഖത്തു നോക്കി വെല്ലുവിളിച്ചവനാ ഞാൻ. അതിനെക്കാളും വലിയവന്മാരൊന്നും ഇല്ലല്ലോ... പിന്നെ വല്ലവരും കേട്ടാ എനിക്കെന്താ?"

"ബൈക്കെടുക്ക്, പോകാം..."

സോഫിയ ഹെൽമറ്റ് തലയിൽ വെച്ചു. ഹെൽമറ്റിന്റെ ഗ്ലാസ് ഷീൽഡ് താഴ്ത്തിയശേഷം കിഷോർ ബൈക്കെടുത്തു.

"കാറിൽ വന്നൂടായിരുന്നോ കിച്ചുവേട്ടാ?" സോഫിയ ചോദിച്ചു.

"എനിക്ക് കാറില്ല. എന്റച്ഛന്റെയാ..."

"ഓ... എന്തൊരു എളിമ! ഒരു വീട്ടിൽ എല്ലാവർക്കും സ്വന്തമായിട്ട് ഓരോ കാർ വീതം വേണോ?"

"എല്ലാ പെമ്പിള്ളാർക്കും കാറിനെക്കാൾ ഇഷ്ടം ബൈക്കാ. കെട്ടിപ്പിടിച്ച് തോളത്ത് തലേംവെച്ച് സുഖായിട്ട് പുറകിലിരുന്ന് പോവാല്ലോ. നീ മാത്രം എങ്ങനാ ഇങ്ങനെ തലതിരിഞ്ഞു പോയത്?"

"കുറെ എക്സ്പീരിയൻസ് ഒണ്ടെന്നു തോന്നുന്നല്ലോ- പിറകിലിരുത്തി കെട്ടിപ്പിടിച്ച്..."

"എന്റമ്മോ...! ഞാൻ ദിവസോം കാണുന്ന കാര്യമാ പറഞ്ഞത്. ഒടനെ അതിന്റെ നെഗറ്റീവ് സൈഡിലോട്ട് നോട്ടം എത്തിക്കഴിഞ്ഞു."

പാതി ആത്മഗതംപോലെ കിഷോർ പറഞ്ഞു. സോഫിയ പിറകിലിരുന്ന് ശബ്ദമില്ലാതെ ചിരിച്ചു.

പത്തടിപ്പാലത്തിനു സമീപമുള്ള 'അച്ചായൻസ്' റസ്റ്ററന്റിന്റെ പിൻമുറ്റത്ത് ബൈക്ക് ചെന്നുനിന്നു. രണ്ടുപേരും ബൈക്കിൽനിന്ന് ഇറങ്ങി. ഹെൽമറ്റ് കയ്യിൽ പിടിച്ചുകൊണ്ട് റസ്റ്ററന്റിലേക്കു കടന്നു. കൈകഴുകി ഫാമിലി റൂമിൽ സീറ്റ്പിടിച്ചു.

"എന്താ ഉദ്ദേശ്യം?"

സോഫിയ ചോദിച്ചു.

"നിന്നെയൊന്നു സൽക്കരിച്ചിട്ട് ഹോസ്റ്റലിൽ എത്തിക്കാമെന്നു വിചാരിച്ചു."

"അതു മനസ്സിലായി. ടൈം...?" അവൾ വാച്ചിൽ തൊട്ടുകാണിച്ചു. "പേയിങ് ഗെസ്റ്റാ ഞാൻ. ഏഴുമണി കഴിഞ്ഞാ പിന്നെ കാക്കത്തൊള്ളായിരം ചോദ്യങ്ങളാ ഹൗസോണറുടേം വൈഫിന്റേം വക."

"ഏഴുമണിക്കപ്പുറംപോയാ നിന്നെ ഞാനെന്റെ വീട്ടിലോട്ട് കൊണ്ടുപോകും പോരേ?"

"അതിനുള്ള ധൈര്യം ഒണ്ടോ?"

"ധൈര്യം ഇല്ലാഞ്ഞിട്ടല്ല. ഇപ്പഴേ വീട്ടിൽ പറഞ്ഞ് ചളിയാക്കണ്ടല്ലോന്നു വിചാരിച്ചിട്ടാ. എനിക്കൊരു പ്ലാനുണ്ട്. അതിനൊരു ഡിസിപ്ലിനും ഒണ്ട്..."

ഇതിനിടയിൽ ബെയറർ വന്നു.

"എന്താ വേണ്ടത്?"

കിഷോർ സോഫിയയോടു ചോദിച്ചു.

"ചപ്പാത്തി ചിക്കൻ ഫ്രൈ..."

"ബിരിയാണീന്നല്ലേ ഫോൺ ചെയ്തപ്പോ പറഞ്ഞത്."

"അത് മാറ്റാൻ പറ്റില്ലേ? ഒരു തവണ ആഗ്രഹം പറഞ്ഞാ പിന്നെ അത് ഫിക്സഡാണോ?"

"അങ്ങനെയാരു പറഞ്ഞു? നിനക്ക് കൊതി ബിരിയാണിയോടല്ലായിരുന്നോന്നാ ചോദിച്ചത്."

"എനിക്കെല്ലാം വേണമെന്നുതോന്നും. ബിരിയാണി, ചപ്പാത്തി, ചിക്കൻ, മട്ടൻ, പൊറോട്ട, ഫ്രൈഡ്റൈസ്, നൂഡിൽസ്, ബീഫ് ഫ്രൈ. പക്ഷേ, വയറ് ഒന്നല്ലെയുള്ളൂ." സോഫിയ ചിരിച്ചുകൊണ്ടു പറഞ്ഞു.

ബെയറർ ഓർഡറെടുത്തു പോയിക്കഴിഞ്ഞ് സോഫിയ ഒന്നും കൂടി ആവശ്യപ്പെട്ടു.

"ഒരു ഫലൂദ. അതുംകൂടി പറഞ്ഞേക്കണേ..."

"അതുംകൂടി മതിയോ?"

"പോക്കറ്റ് കീറിപ്പോകുവോ? എങ്കിൽ വേണ്ട. എനിക്ക് ഇഷ്ടമുള്ളതൊക്കെ വാങ്ങിത്തരാൻ കിച്ചുവേട്ടനല്ലാതെ വേറാരൊണ്ട്...! കിച്ചുവേട്ടൻ വിചാരിക്കുന്നത് ഈ പെണ്ണിന് നാണമില്ലല്ലോ എന്നല്ലേ?"

"ഞാനങ്ങനെ വിചാരിച്ചില്ല. എനിക്ക് സന്തോഷമേയുള്ളൂ."

"കിച്ചുവേട്ടാ ഞാനൊരു കാര്യം ചോദിക്കാൻ വിട്ടുപോയി. ന്യൂസ് പേപ്പറിലും ചാനലിലുമൊക്കെ വെണ്ടയ്ക്കാ വലുപ്പത്തിൽ ന്യൂസ് വന്നല്ലോ- അല്ലിമച്ചേച്ചീടെ അമ്മയെ കണ്ടെത്തിയതും അല്ലിമച്ചേച്ചി മെന്റൽ ഹോസ്പിറ്റലിൽ ചെന്നതും ഒക്കെ. അതിന്റെ ഫൈനൽ റിസൾട്ട് എന്തായി? ആ ചേച്ചിക്ക് അമ്മയെ തിരിച്ചുകിട്ടുോ?"

"ഇതുവരെ അതിലൊന്നും ഒരു ക്ലാരിഫിക്കേഷൻ ആയിട്ടില്ല. സന്ദുവേട്ടൻ ആ പ്രശ്നത്തിനു പിറകെ നടക്കുകയാ..." കിഷോർ പറഞ്ഞു.

"എന്തിനാ എന്റെ പേരും ഫോട്ടോയും പത്രത്തിൽ കൊടുത്തത്? അതൊന്നും വേണ്ടാരുന്നു."

"നീ ഈ കേസിലെ ഒരു കീ ഫാക്ടറാണ്. നീയാണ് കൊച്ചേ രഹസ്യങ്ങളുടെ ബ്ലാക് ബോക്സ് തുറക്കാനുള്ള താക്കോൽ തന്നത്. നീ ഹെൽപ് ചെയ്തില്ലെങ്കി പോണ്ടിച്ചേരിയിൽ വെച്ചുതന്നെ ഞങ്ങൾക്ക് ഇൻവെസ്റ്റിഗേഷൻ അവസാനിപ്പിച്ച് മടങ്ങേണ്ടി വന്നേനെ."

"എന്നാലും എന്റെ പേര് വേണ്ടാരുന്നു."

"വേണം ആളുകളറിയട്ടെ... നീ നല്ല ധൈര്യമുള്ള പെണ്ണാണെന്ന്."

"ഫോട്ടോ കൊടുക്കണ്ടാരുന്നു..."

"അതിനെന്താ? നീ ബോൾഡ് മാത്രമല്ല, ബ്യൂട്ടിഫുള്ളു കൂടിയാണെന്ന് ആളുകൾ ചിന്തിക്കുന്നതും പറയുന്നതും എനിക്കൊരഭിമാനമല്ലേ..."

"അയ്യോഡ! അഭിമാനിക്കാൻ പറ്റിയ സംഗതി."

"അച്ഛൻ രാവിലെ ഒതുക്കത്തിൽ ന്യൂസ്പേപ്പറിലെ ഫോട്ടോ കാണിച്ചിട്ട് എന്റടുത്തു ചോദിച്ചു."

"എന്നാ...?"

സോഫിയ ജിജ്ഞാസാഭരിതയായി.

"ഇതാണോ നീ പോണ്ടിച്ചേരിവെച്ച് പരിചയപ്പെട്ട പെണ്ണ് എന്ന്?"

"അയ്യോ... എന്നിട്ട്?"

"ഞാൻ പറഞ്ഞു അതേന്ന്. അച്ഛൻ ആ ഫോട്ടോയും, പിന്നെ എന്നേയും മൂന്നാലുതവണ മാറിമാറി നോക്കി. എന്നിട്ട് എന്തോ വകയിരുത്തിയ മട്ടിൽ ഒരു മൂളലും."

"എന്താ അതിന്റർത്ഥം. ശരിയാക്കിത്തരാംന്നാണോ അതോ..."

"ഒരു പിടീം കിട്ടിയില്ല മോളേ... ഇതൊക്കെ എവിടെച്ചെന്നെത്തുമെന്ന് ആർക്കറിയാം എന്നൊരർഥം വരാം... നിനക്കിതിന്റെ ആവശ്യം ഒണ്ടായിരുന്നോ എന്ന അർഥവും തോന്നാം."

"വല്യ പ്രോബ്ലമാകുവോ?"

"ഏയ് അച്ഛനൊരു പാതി സമ്മതം തന്ന പോലെയാ - ഈ കാര്യത്തിൽ, സന്ദുവേട്ടൻ അച്ഛന്റടുത്ത് സൂചിപ്പിച്ചിട്ടൊണ്ടല്ലോ."

"എന്തായിത്തീരുവോ - ദൈവത്തിനറിയാം." സോഫിയ കൈമലർത്തിയിട്ട് മുകളിലേക്ക് കണ്ണയച്ചു.

KERALA EXPRESS

## നോവൽ

"ഞാനാ പോണ്ടിച്ചേരീൽ വല്യ കുഴപ്പമില്ലാതെ ജോലി ചെയ്ത് ജീവിച്ചോണ്ടിരുന്നതാ. എല്ലാ ഞായറാഴ്ചേം പള്ളീലും പോയി, എല്ലാ മാസാദ്യ വെള്ളിയാഴ്ചേം കുമ്പസാരിച്ച് കുർബാനേം കൈക്കൊണ്ട്, എന്നും കിടക്കാൻനേരം ജീസസിനോടു കൈകൂപ്പി പ്രാർഥിച്ച്. ഒരു നല്ല ക്രിസ്ത്യാനിപ്പെണ്ണായിട്ട്..."

"അന്ന് കുറേ പാപങ്ങള് ചെയ്യുന്നൊണ്ടാരുന്നല്ലോ. അതീന്ന് രക്ഷപ്പെട്ട് വന്നില്ലേ?"

"പാപങ്ങളോ? എന്തു പാപം?"

"അല്ലെങ്കിപ്പിന്നെ എല്ലാ മാസോം കുമ്പസാരിക്കേണ്ട കാര്യമില്ലല്ലോ." കിഷോർ ചിരിച്ചു.

"ആക്കിയതാണല്ലേ. സത്യം പറഞ്ഞാ എനിക്കിപ്പഴാ എന്തോ പാപം ചെയ്യുന്ന പോലുള്ള തോന്നൽ. ആ പഴയ പാവം സോഫിയയേ അല്ല ഞാനിപ്പോ... വേറെയേതോ ഒരു പെണ്ണ്."

"സംശയമെന്താ... നീ അടിമുടി മാറി. അന്ന് നീ അരീക്കര കുര്യച്ചന്റെ അരുമ സന്തതി. ഇന്ന് നീ കിഷോർ എസ്. നായരുടെ വുഡ്ബി..."

"മമ്മിക്ക് എന്നെ കാണുമ്പം സങ്കടമാ. നിനക്കെന്നാ പറ്റിയതാ മോളേ ഇങ്ങനൊരു ബന്ധത്തിൽ ചെന്നു ചാടാൻ... എന്നു ചോദിക്കും എപ്പഴും. നമ്മടെ കൂട്ടത്തിപ്പെട്ട ആരെങ്കിലുമായിരുന്നെങ്കി ഒരു കൊഴപ്പോം ഇല്ലായിരുന്നെന്നു പറയും. ഇതീന്ന് തലയൂരിപ്പോരാൻ ഒരു വഴിയുമില്ലേന്നാ ചോദ്യം."

"അപ്പോ നീ എന്തു പറയും?"

"ഞാൻ പെട്ടുപോയി മമ്മീ. ഇനി രക്ഷപ്പെടുന്ന കാര്യം സംശയമാണെന്ന്." സോഫിയ കപട ദൈന്യതയോടെ പറഞ്ഞു.

"എടി നന്ദികെട്ടവളേ... നിനക്ക് പറഞ്ഞുകൂടെ എന്റെ മമ്മി നമ്മുടെ കുടുംബം രക്ഷപ്പെടുത്താൻ ദൈവം കാണിച്ചുതന്ന ആളാണെന്നും..." അമർഷം കൂടിപ്പോയതിനാൽ ബാക്കി പറയിപ്പിക്കാതെ സോഫിയ പെട്ടെന്ന് കൈനീട്ടി അവന്റെ വായ പൊത്തി. ഫാമിലി കാബിനിലെ മറ്റൊരു ടേബിളിലുണ്ടായിരുന്ന യുവാവും യുവതിയും മുഖം തിരിച്ച് അവരെ സാകൂതം നോക്കുന്നുണ്ടായിരുന്നു.

"എന്നാ കിച്ചുവേട്ടാ ഇത്. ഹോട്ടലാണെന്ന ചിന്തപോലും ഇല്ലാതെ... മറ്റുള്ളോര് കേക്കത്തില്ലേ..."

"അല്ല. നിന്റെ വർത്തമാനം കേട്ടിട്ടെനിക്ക്..."

"ഞാനങ്ങനെ തന്നെയാ അമ്മയോടു പറഞ്ഞത്. കിച്ചുവേട്ടൻ പറഞ്ഞപോലെ..."

"ആങ്ഹ! എന്നിട്ടാണോ നീ എന്റടുത്ത് തലതിരിച്ച് പറഞ്ഞത്?"

"ഒരു തമാശ പറയാനും പറ്റത്തില്ലേ?"

"ങാ... എന്നിട്ട് – അപ്പോ മമ്മി എന്തു പറയും?" കിഷോർ ശാന്തനായി.

"ഈ ഐഎൽറ്റീസിന്റെ കോഴ്സ് കഴിയുമ്പം ഇട്ടിട്ട് പോരാൻ..."

"ആരെ ഇട്ടിട്ട്?"

"കിച്ചുവേട്ടനെ..."

"എവിടെ ഇട്ടിട്ട്...?"

"ആലുവാപ്പുഴേലോ കൊച്ചിക്കായലിലോ എവിടെങ്കിലും..."

"നിന്റെ മമ്മീടെ മനസ്സിലിരിപ്പ് കൊള്ളാമല്ലോ. നീയീ കോഴ്സ് പഠിച്ചോണ്ടിരിക്കുമ്പോ അവരുണ്ണുന്ന ചോറ് ആരു തരുന്നതാണെന്നാ അവരടെ വിചാരം.... ആകാശത്ത്ന്ന് പൊളിഞ്ഞുവീഴുന്നതാണോ? നിന്റെ ഫുഡും ഫീസും അക്കോമഡേഷനും..."

"മതി മതി... ഇതൊക്കെ ഒരമ്മേടെ വേവലാതിയായിട്ട് കണക്കാക്കിയാ മതി... ഇടയ്ക്ക് ഇങ്ങനേം ചോദിക്കും, ആ പയ്യൻ നല്ല സ്നേഹമൊള്ളവനാ അല്ലേ മോളേ... ചെലപ്പോ നമ്മടെ രക്ഷയ്ക്ക് ദൈവം തമ്പുരാൻ കാണിച്ചുതന്നതായിരിക്കും എന്ന്..."

"ആ... അങ്ങനെ പറ... അതാ കറക്റ്റ്..."

"സന്തോഷമായോ?"

സോഫിയ പുഞ്ചിരിതൂകി.



"പോരാ! സന്തോഷമാകണെങ്കിൽ ഫസ്റ്റ് ചാൻസിൽതന്നെ നീ പാസാകണം. പാസ്പോർട്ട് അതിനകം ശരിയാകും..."

"എന്റെ സർട്ടിഫിക്കറ്റ്സ് കിട്ടണ്ടേ. അത് പോണ്ടിച്ചേരി ഹോസ്പിറ്റലിലെ നേഴിസിങ് സൂപ്രണ്ടിന്റെ ഓഫീസിലാ ഇരിക്കുന്നെ."

"അതെല്ലാം വാങ്ങിത്തരുന്ന കാര്യം ഞാനേറ്റു. അതുമാത്രമല്ല ഒന്നര വർഷത്തെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റും..."

"അവര് തരോ കിച്ചുവേട്ടാ?"

"അവരെന്തിനാ നിന്റെ സർട്ടിഫിക്കറ്റ്സ് പിടിച്ചുവെച്ച് ദ്രോഹിക്കുന്നെ? സഹായിക്ക്യല്ലേ വേണ്ടത്. കന്യാസ്ത്രീകൾ നടത്തുന്ന സ്ഥാപനമല്ലേ... അവരുംകൂടി ഉൾപ്പെട്ട ഒരു കേസല്ലേ ഇവിടെ നടന്നോണ്ടിരിക്കുന്നെ. ന്യൂസ്പേപ്പറിലെ വാർത്തകളൊക്കെ അവരും അറിയുന്നുണ്ടായിരിക്കുമല്ലോ."

"കിച്ചുവേട്ടൻ പോയി വാങ്ങിച്ചാ മതി..."

"എന്റെ കയ്യിൽ തരോ നിന്റെ സർട്ടിഫിക്കറ്റ്സ്. നമ്മൾ രണ്ടു പേരും പോകേണ്ടിവരും."

"ഞാനും കിച്ചുവേട്ടനും കൂടി പോകാനോ?"

"ഓ വിശ്വാസമില്ലല്ലോ അല്ലേ... ശരി അരീക്കര കുര്യച്ചനെക്കൂടി കൂട്ടിക്കോ."

"അല്ല. നമ്മൾ രണ്ടും മാത്രം പോകുന്നത് ശരിയല്ലല്ലോ. അവിടെ രണ്ടു ദിവസമെങ്കിലും സ്റ്റേ ചെയ്യേണ്ടിവരില്ലേ..."

"അതിനിടയ്ക്ക് ഞാൻ നിന്റെ ചാരിത്ര്യം..."

പെട്ടെന്ന് സോഫിയ അവന്റെ വായ് പൊത്തി.

"ശ്ശോ... മിണ്ടാതെ...! ദൈവമേ ഇതിനെക്കൊണ്ടു തോറ്റു."

കിഷോർ അവളുടെ കൈ പിടിച്ചുമാറ്റി.

"പിന്നെ വേറൊരു കാര്യം. കോഴ്സ് പാസായിക്കഴിഞ്ഞാ മൂന്നു മാസത്തിനകത്ത് വീസ വരും. യുകെയീന്ന്. അല്ലെങ്കി അയർലൻഡ്. ഏതാണോ ആദ്യം ശരിയാകുന്നെ അങ്ങോട്ട് പോകാൻ റെഡിയായി ഇരിക്കണം... യുകെയിൽ മാത്രമല്ലാ അയർലൻഡിലും ഒണ്ട് എനിക്ക് ഫ്രണ്ട്സും റിലേറ്റീവ്സും ഒക്കെ."

"എന്നെ ടെൻഷനടിപ്പിക്കല്ലേ. ഐഎൽറ്റീസു പാസാകുന്നതൊക്കെ ഒരു ഭാഗ്യമാ."

"ഭാഗ്യമാണെന്നു പറഞ്ഞോണ്ടിരുന്നാ പാസാകത്തില്ല. പഠിക്കണം..."

"ഓ... അതാണല്ലോ ഇപ്പോ എന്റെ ഏറ്റോം വല്യ ടാസ്ക്."

"ഇതൊക്കെ ആർക്കുവേണ്ടിയാടീ?"

"ആർക്കുവേണ്ടിയാ..."

"നിനക്കും നിന്റെ കുടുംബത്തിനും വേണ്ടി."

"ഓ... പാവം കിച്ചുവേട്ടന് വെറും ത്യാഗം മാത്രം."

"എനിക്കെന്തു കിട്ടാനാ...?"

"ഒന്നും ഇല്ലേ? പോണ്ടിച്ചേരീന്ന് എന്നെ പിടിച്ചോണ്ടുവന്ന് അരച്ചുരുട്ടി കൊഴച്ച് പരത്തി കിച്ചുവേട്ടന്റെ പാകത്തിന് പാലും പഞ്ചസാരേം ഒക്കെ ചേർത്ത് ബേക്ക് ചെയ്തെടുക്കുവാ എന്നെ... എന്തിനാ?"

"എനിക്ക് കടിച്ചുമുറിച്ചു തിന്നാൻ..."

കിഷോർ കുസൃതിച്ചിരിയോടെ പറഞ്ഞു.

"ആ – അതങ്ങ് സമ്മതിച്ചാ മതി."

സോഫിയയും ചിരിച്ചു.

ഇതിനിടയിൽ ബെയറർ രണ്ട് പ്ലേറ്റും രണ്ട് ഗ്ലാസും ഒരു ബോട്ടിൽ മിനറൽ വാട്ടറും ടേബിളിൽ കൊണ്ടുവെച്ചിട്ടുപോയി.

മേശപ്പുറത്തിരുന്ന കിഷോറിന്റ ഫോൺ വൈബ്രേറ്റ് ചെയ്യുന്നതു കണ്ട് സോഫിയ അതെടുത്തു കയ്യിൽ കൊടുത്തു.

"സന്ദുവേട്ടനാണല്ലോ." കിഷോർ കോൾ എടുത്തു.

"ഹലോ സന്ദുവേട്ടാ..."

"എടാ, ഞാൻ നിന്റെ വീട്ടിലെത്തി. നീ എവിടെയാ?"

"ഞാൻ... ഞാനിവിടെ സിറ്റീൽത്തന്നെയൊണ്ട്."

"വർക്ക് കഴിഞ്ഞില്ലേ. എന്തുചെയ്യുവാ?"

"ഇവിടൊരു റസ്റ്ററന്റിൽ..."

"നിനക്ക് വീട്ടീന്ന് ഫുഡൊന്നും കിട്ടാറില്ലേ..."

"സന്ദുവേട്ടാ ഞാൻ സോഫിയെ കാണാൻ വന്നതാ... സന്ദുവേട്ടന്റെ അടുത്താരെങ്കിലും ഒണ്ടോ?"

"ഇതാണോ കോഴ്സ് പഠിത്തോം പഠിപ്പിക്കലും?"

"ഓ – വല്ലപ്പഴുമാ ഒന്നു കാണുന്നെ. സ്നാക്സ് എന്തെങ്കിലും കഴിക്കാംന്നു വിചാരിച്ച് കേറിയതാ..."

"ങാ... സൽക്കാരം നടക്കട്ടെ. ഞാനിവിടൊണ്ട്."

"അല്ലിമേടെ വീട്ടിൽ പോയില്ലേ?"

"പോയില്ല പോണം... അവിടിത്തിരി പ്രശ്നമൊണ്ട്."

"എന്താ സന്ദുവേട്ടാ?"

"അല്ലിക്ക് അവളുടെ അമ്മയെ കണ്ടപ്പോ മുതൽക്ക് ഭയങ്കര വെഷമോം ടെൻഷനും. അവൾക്ക് കൂടെ നിന്ന് അമ്മയെ നോക്കണം."

"അതിനെന്താ... നല്ല കാര്യമല്ലേ?"

"എടാ, ആ സ്ത്രീ മനോരോഗിയാ. അവർക്ക് അല്ലി ആരാണെന്നൊന്നും അറിയില്ല. പറഞ്ഞാലും മനസ്സിലാവില്ല. മെന്റൽ ഹോസ്പിറ്റലിൽ പോയി അല്ലിക്കു താമസിക്കാൻ പറ്റ്വോ? ഇല്ല. അവളുടെ അമ്മയെ മറ്റെങ്ങോട്ടെങ്കിലും മാറ്റാൻ പറ്റ്വോ? അതുമില്ല."

"അപ്പോ എന്തു ചെയ്യും?"

"എങ്ങനെങ്കിലും അതൊന്നു സോൾവ് ചെയ്യണം. ഞാൻ അല്ലീടെ വീട്ടിലേക്ക് പോവ്വാ. നീ ഒടനെ എത്ത്വോ?"

"സോഫിയെ കൊണ്ടുവിട്ടിട്ട് വന്നേക്കാം."

"ങാ... ശരി... വയ്ക്കുവാ..."

കോൾ കട്ടായി.

"എന്താ കിച്ചുവേട്ടാ...?"

സോഫിയ ആകാംക്ഷയോടെ നോക്കി.

ബെയറർ ഭക്ഷണം നിരത്തിയ ട്രേയുമായി വരുന്നുണ്ടായിരുന്നു. അയാൾ ട്രേ മേശപ്പുറത്തു വെച്ചു. അതിൽനിന്നു വിഭവങ്ങൾ ഓരോന്നായി എടുത്തുവെച്ചു.

(ശേഷം 30-ാം പേജിൽ)

## ഗുജറാത്തിൽ ഹെലികോപ്റ്റർ അപകടം മലയാളി തീരസേനാ പൈലറ്റ് മരിച്ചു

മാവേലിക്കര: ഗുജറാത്തിലെ പോർബന്തറിൽ രക്ഷാപ്രവർത്തനത്തിന് എത്തിയ കോസ്റ്റ് ഗാർഡിന്റെ ഹെലികോപ്ടർ അടിയന്തര ലാൻഡിംഗ് നടത്തവേ കടലിൽ പതിച്ച് കോപ്ടറിന്റെ പൈലറ്റും കോസ്റ്റ് ഗാർഡ് സീനിയർ ഡെപ്യൂട്ടി കമാൻഡന്റുമായ മാവേലിക്കര കണ്ടിയൂർ പറക്കടവ് നന്ദനം വീട്ടിൽ വിപിൻ ബാബു (39) മരിച്ചു. കോപൈലറ്റും മരിച്ചു. ഒരാൾ രക്ഷപ്പെട്ടു.

എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ പരേതനായ ആർ.സി. ബാബുവിന്റെയും ശ്രീലതയുടെയും മകനാണ്. ഭാര്യ: പാലക്കാട് പുത്തൻവീട്ടിൽ മേജർ ശിൽപ (മിലിട്ടറി നേഴ്സ്, ഡൽഹി). മകൻ: സെനിത്. കുടുംബസമേതം ഡൽഹിയിലാണു താമസം. മൂന്നു മാസം മുൻപാണ് അവധിക്കു നാട്ടിലെത്തി മടങ്ങിയത്. സഹോദരി: നിഷി ബാബു.

## ബൈജൂസിന്റെ കേസ് പരിഗണിക്കാമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വിദ്യാഭ്യാസ-സാങ്കേതിക വിദ്യാസ്ഥാപനമായ ബൈജൂസിനെതിരായ പാപ്പരത്ത നടപടി സ്റ്റേ ചെയ്ത ദേശീയ കമ്പനിനിയമ അപ്പലേറ്റ് ട്രിബ്യൂണലിന്റെ (എൻ.സി.എൽ.എടി) ഉത്തരവ് ചോദ്യം ചെയ്ത് യുഎസിലെ വായ്പാദാതാക്കളായ ഗ്ലാസ് ട്രസ്റ്റ് കമ്പനി നല്കിയ അപ്പീൽ വേഗം പരിഗണിക്കാമെന്ന് സുപ്രീം കോടതി. ബൈജൂസിനുവേണ്ടി മുതിർന്ന അഭിഭാഷകൻ എൻ.കെ. കൗളും ഗ്ലാസ് ട്രസ്റ്റിനുവേണ്ടി മുതിർന്ന അഭിഭാഷകൻ കപിൽ സിബലും ആവശ്യപ്പെട്ടപ്പോഴാണ് ഉടൻ പരിഗണിക്കാമെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് വ്യക്തമാക്കിയത്. ട്രിബ്യൂണലിന്റെ ഉത്തരവ് സുപ്രീംകോടതി അടുത്തിടെ സ്റ്റേ ചെയ്തിരുന്നു. ഓഗസ്റ്റ് 22-ന് കേസ് പരിഗണിച്ചപ്പോൾ ബൈജൂസിനെതിരായ പാപ്പരത്ത നടപടികൾ നിരീക്ഷിക്കാൻ അടുത്തിടെ രൂപവൽക്കരിച്ച കമ്മിറ്റി ഓഫ് ക്രെഡിറ്റേഴ്സിന്റെ (സി.ഒ.സി) യോഗം മാറ്റിവെക്കാനോ സ്റ്റേചെയ്യാനോ സുപ്രീം കോടതി തയ്യാറായിരുന്നില്ല. ക്രിക്കറ്റ് ടീമിന്റെ ജേഴ്സി സ്പോൺസർ ചെയ്തതിന്റെവകയായി ബൈജൂസ് നൽകാനുള്ള 158 കോടി രൂപയുമായി ബന്ധപ്പെട്ടാണ് ബിസിസിഐ പാപ്പരത്ത നടപടി തുടങ്ങിയത്. പിന്നീട് ബൈജൂസുമായി ഒത്തുതീർപ്പിലെത്തിയെന്ന് ബിസിസിഐ അറിയിച്ചതിനെത്തുടർന്നാണ് പാപ്പരത്തഹർജി ട്രിബ്യൂണൽ സ്റ്റേചെയ്തത്. ഒരുസമയത്ത് 2200 കോടി ഡോളർ (ഏകദേശം 1.8 ലക്ഷംകോടി രൂപ) വരെ മൂല്യമുണ്ടായിരുന്ന ബൈജൂസ് കമ്പനിയുടെമൂല്യം പിന്നീട് പൂജ്യത്തിനടുത്തെത്തിയിരുന്നു. ഭരണതലത്തിൽ ഗുരുതര വീഴ്ചകളുണ്ടായതോടെ സാമ്പത്തിക പ്രതിസന്ധിയിലായ കമ്പനി, ഒട്ടേറെ നിയമനടപടികൾ നേരിട്ടുവരുന്നു.

## സിനിമയിൽ തുല്യവേതനം അപ്രായോഗികമെന്ന് നിർമാതാക്കൾ

കൊച്ചി: സിനിമയിൽ അഭിനയം ഉൾപ്പെടെയുള്ള സർഗ്ഗാത്മക ജോലികൾ ചെയ്യുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം എന്ന ആശയം അപ്രായോഗികമാണെന്ന് ചൂണ്ടിക്കാട്ടി നിർമാതാക്കളുടെ സംഘടനയായ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ മുഖ്യമന്ത്രിക്ക് കത്തു നല്കി. വിപണിമൂല്യവും സർഗ്ഗാത്മക മികവുമാണ് പ്രതിഫലം നിശ്ചയിക്കുന്നത്. അത് നിർമ്മാതാവിന്റെ വിവേചനാധികാരമാണ്. പുരുഷന്മാരേക്കാൾ പ്രതിഫലം പറ്റുന്ന സ്ത്രീസംവിധായകരും തിരക്കഥാകൃത്തുക്കളും അഭിനേതാക്കളുമുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചുള്ള അഭിപ്രായം അറിയിക്കാൻ സമർപ്പിച്ച കത്തിലാണ് ഇക്കാര്യങ്ങൾ പറയുന്നത്. നിശ്ചിത ശതമാനം സ്ത്രീകൾ ഉണ്ടെങ്കിലേ സിനിമ നിർമ്മിക്കാൻ പാടുള്ളൂ എന്ന നിബന്ധന വന്നാൽ സ്ത്രീസംവിധായകർക്കോ നിർമ്മാതാക്കൾക്കോ പോലും സിനിമ സാദ്ധ്യമാക്കാനാകില്ല.

സർഗ്ഗാത്മക പ്രക്രിയയിലൂടെ രൂപപ്പെടുന്ന ചലച്ചിത്രത്തിന്റെ ഉള്ളടക്കത്തിൽ ലിംഗസമത്വം എന്നത് പ്രായോഗികമല്ലെന്നും നിർമ്മാതാക്കൾ കത്തിൽ പറയുന്നു.

## ഏടുകൾ മറിക്കുമ്പോൾ

(20-ാം പേജിൽനിന്നും)

നേടിയെടുത്ത പ്രവാസജീവിതാനുഭവങ്ങൾ. ഒരു പുത്തൻ തലമുറയ്ക്കു വേണ്ടി ജീവനും ജീവിതവും ഹോമിച്ച, ജീവിതസാഗരത്തിലെ എല്ലാ സായാഹ്ന സഞ്ചാരികൾക്കും അസ്തമയസൂര്യന്റെ അരുണിമയോടെ നിങ്ങളുടെ പ്രകാശം ചൊരിയട്ടെ എന്നാശംസിക്കുന്നു. ഒപ്പം യുവതലമുറയ്ക്കു വേണ്ടി തങ്ങളെ നയിക്കുന്ന വഴിത്താര തെളിച്ച, ഒരു തലമുറയുടെ ചുരുങ്ങിയ കാലയളവിലെ ഭാവി ശോഭനമാകുവാൻ ഒരു നിമിഷം ഇന്നിന്റെ യുവത്വത്തോട് ദാനമായി ചോദിക്കട്ടെ!

ഒരു നേരത്തെ ആഹാരം ചോദിച്ചവർക്ക് ഒരു രാജ്യം തന്നെ തുറന്നു കൊടുത്ത എല്ലാ ധീരമലയാളി സീനിയേഴ്സിനും എന്റെ അഭിവാദ്യങ്ങൾ!

(തോമസ് പടന്നമാക്കൽ, ചെയർമാൻ ഐഒസി യുഎസ്എ കേരള ചാപ്റ്റർ, സിഎംഎ മുൻ ബോർഡ് മെംബർ, സീനിയർ ഫോറം).

## നോവൽ

(29-ാം പേജിൽ നിന്നും)

"പറയാം... കഴിച്ചു തുടങ്ങിക്കോ."

കിഷോർ നിർദേശിച്ചു.

"സീരിയസ് മാറ്ററാണോ?"

"ഉം..." കിഷോർ മൂളി. "നിന്നെ ബാധിക്കുന്ന കാര്യമല്ല. കഴിക്ക്." സോഫിയ ദീർഘനിശ്വാസമെടുത്തു. പിന്നെ ഭക്ഷണത്തിലേക്കു കൈവെച്ചു.

*** *** ***

സന്ദീപ് ഗേറ്റ് കടന്നുവരുന്നത് നോക്കിക്കൊണ്ട് രാജഗോപാൽ സിറ്റൗട്ടിൽ നിൽപുണ്ടായിരുന്നു.

"അല്ലിയെവിടെ അങ്കിളേ?" സിറ്റൗട്ടിനു താഴെ ചെരിപ്പഴിച്ചുവെക്കുന്നതിനിടെ സന്ദീപ് തിരക്കി.

"മുറീലൊണ്ട്. സന്ദീപ് വിളിച്ചില്ലേ?"

"എന്തു പറഞ്ഞു?"

"അവളൊരു ഷോക്കിലാ അങ്കിളേ. അമ്മയെന്നൊക്കെ പറയുമ്പോ എല്ലാർക്കും ഓരോ സങ്കൽപം ഒണ്ടല്ലോ. മെന്റൽ ഹോസ്പിറ്റലിൽ വെച്ചുണ്ടായ ആ കൂടിക്കാഴ്ച അവളെ ശരിക്കും ഞെട്ടിച്ചു..."

"സന്ദീപ് ഹോസ്പിറ്റലീന്ന് ഫോൺ ചെയ്തപ്പോ ഒന്നു സൂചിപ്പിച്ചാ മതിയാരുന്നു. ഉടനെ കാണാൻ പറ്റില്ലെന്നോ പോലീസ് സമ്മതിക്കില്ലെന്നോ എന്തെങ്കിലും പറഞ്ഞ് അങ്ങ് തിരിച്ചു പോന്നോളാരുന്നു..."

"അങ്ങനൊന്നും അവളെ പൊട്ടിയാക്കാൻ പറ്റില്ലങ്കിളേ. ന്യൂസ് ചാനലുകളിൽ ന്യൂസും വീഡിയോ ക്ലിപ്പിങ്സും വരുമ്പോ നമുക്ക് വിരിയിട്ട് മറയ്ക്കാൻ പറ്റ്വോ? പത്രത്തിലെ ഡീറ്റെയ്ൽസ് അവൾ കാണില്ലേ..."

"കുറച്ചു വൃത്തീം ഭംഗീം സൗകര്യങ്ങളും ഉള്ള മുറീലായിരുന്നെങ്കി ഇത്രേം ദൈന്യത തോന്നില്ലാരുന്നു." രാജഗോപാൽ പരിതപിച്ചു.

"അങ്കിൾ കാണാഞ്ഞിട്ടല്ലേ. ഞങ്ങളാദ്യം ചെല്ലുമ്പോ കണ്ട കാഴ്ച ഇതൊന്നുമല്ലാരുന്നു. മലത്തിലും മൂത്രത്തിലും കിടക്കുവാ. പോലീസ് എത്തിയതോടെ ഹോസ്പിറ്റലിന്റെ ആൾക്കാർ പെട്ടെന്ന് പേഷ്യന്റിന്റെ ഡ്രസെല്ലാം മാറ്റി കഴുകിച്ച്, വേറെ നല്ല ഡ്രസിടുവിച്ചതാ. മാത്രമല്ല, വെള്ളമടിച്ച് മുറി മുഴുവൻ കഴുകിത്തുടച്ചു. ആദ്യത്തെ കാഴ്ച കണ്ടിരുന്നെങ്കി അല്ലി ബോധംകെട്ടു വീണേനെ..."

"ഹോസ്പിറ്റലുകാര് വേണ്ടപോലെ നോക്കുന്നില്ലാരുന്നോ സന്ദീപ്? പോലീസ് ചോദിച്ചില്ലേ?"

"ആർക്കുവേണം ആ സ്ത്രീയെ. കുറേക്കാലമായിട്ട് ആരും കാണാൻ പോലും ചെല്ലുന്നില്ലാരുന്നു. കൊണ്ടു ചെന്നു തള്ളിയിരിക്കയല്ലേ. ചത്തുകിട്ടിയാൽ രക്ഷപ്പെട്ടു. ഇതുപോലെ കേസിൽ സ്വന്തം വീട്ടുകാർ കൂടെനിന്ന് ശ്രദ്ധിച്ചാൽ മാത്രമേ ഹോസ്പിറ്റൽ നല്ലപോലെ നോക്കൂ..."

"ആരുമില്ലേ അവരെ ഏറ്റെടുക്കാൻ?"

"ആര് ഏറ്റെടുക്കും അങ്കിളേ...?"

"മാളവികയുടെ റിലേറ്റീവ്സ് ഉണ്ടല്ലോ."

"അവരാണല്ലോ ആ സ്ത്രീയെ ഈ കോലത്തിലാക്കിയത്. മാത്രമല്ല, മാളവികേടെ അച്ഛനും ആങ്ങളയും സബ്ജയിലിലാ. പിന്നെയൊള്ളത് വയ്യാത്ത മല്ലികച്ചിറ്റയാ. അവർക്ക് എണീറ്റ് നടക്കണെങ്കി പരസഹായം വേണം."

"ചന്ദ്രബാബൂന്റെ അച്ഛനും അമ്മേം വന്നില്ലേ... അവരെന്തു പറയുന്നു? പിന്നെ അവരുടെ മകൻ അനിബാബു..."

"അവര് വന്ന് മാളവികയെ കണ്ടു. അവർക്കു തന്നെ തിരിച്ചറിയാൻ പറ്റുന്നില്ല. അത് മാളു അല്ലെന്നാ പറയുന്നെ."

"അതെന്താഅങ്ങനെ തോന്നാൻ?"

"അങ്കിളേ, അവർക്കു വിശ്വസിക്കാൻ പറ്റുന്നില്ല. പക്ഷേ, വിശ്വസിക്കാതെ വയ്യല്ലോ. കരഞ്ഞോണ്ടാ അവര് തിരിച്ചുപോയത്."

"അവരെയും മാളവിക തിരിച്ചറിഞ്ഞില്ല, അല്ലേ?"

"അങ്ങനൊന്നും ചിന്തിക്കുകപോലും ചെയ്യരുത് അങ്കിളേ. താനാരാണെന്ന് അറിയില്ല മാളവികയ്ക്ക്. പിന്നെയല്ലേ മറ്റുള്ളവര്."

"മാങ്ങോട്ടുശ്ശേരീന്ന് മാളവികേടെ സ്വന്തം അമ്മയെ കൊണ്ടുപോയി കാണിച്ചാലോ?"

സന്ദീപ് മറുപടിയൊന്നും പറയാതെ നിരാശയോടെ തലയാട്ടി നിഷേധം പ്രകടിപ്പിച്ചു.

"അല്ലിക്ക് ഒരു സമാധാനോം ഇല്ല സന്ദീപ്. അവളുടെ അമ്മ അവിടെക്കിടന്ന് പുഴുവിനെപ്പോലെ ചത്തുപോകില്ലേന്നാ അവൾ ചോദിക്കുന്നെ. എന്തു പറയും അവളോട്. സന്ദീപ് അവളോടൊന്നു സംസാരിക്ക്. നമുക്ക് ഒന്നും ചെയ്യാനില്ലെന്നു പറ."

"ശരിയങ്കിളേ... ഞാനൊന്നു പറഞ്ഞുനോക്കാം."

സന്ദീപിനെ കൂട്ടിക്കൊണ്ട് രാജഗോപാൽ അകത്തേക്കു പോയി. ഹാളിൽ വിഷമത്തോടെ ശ്രീലക്ഷ്മി നോക്കിനിൽപുണ്ടായിരുന്നു. രാജഗോപാൽ സന്ദീപിനെ അല്ലിമയുടെ മുറിയുടെ മുന്നിലെത്തിച്ചു.

വാതിൽക്കൽ നിന്നിരുന്ന വിന്ദാര അച്ഛനോട് സ്വരംതാഴ്ത്തി പറഞ്ഞു:

"കരച്ചിലാരുന്നു. അതാ ഞാൻ റൂമീന്ന് പുറത്തിറങ്ങി നിന്നത്."

അകത്തേക്കു കയറിച്ചെല്ലാൻ, രാജഗോപാൽ സന്ദീപിന്റെ നേർക്ക് നോട്ടംകൊണ്ട് സംജ്ഞ നൽകി. എന്നിട്ട് വിന്ദാരയോടു വരാൻ ആംഗ്യം കാട്ടി കൂട്ടിക്കൊണ്ടുപോയി. അല്ലിമയുടെ റൂമിനു മുന്നിൽ സന്ദീപ് തനിച്ചായി.

(തുടരും)

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable


അമേരിക്കൻ മലയാളികൾക്ക് ഒരു സന്തോഷ വാർത്ത
Mangattu
GRACE CONVENTION CENTER
Convention Hall
Banquet Hall
Mini Conference Hall
Suite Room
Kitchen Facility
Indoor Parking
Outdoor Parking
Grace CONVENTION CENTER
Punnamoodu, Mavelikara
For Booking Contact: 0479-2961000, 9188751000, 9633949676, 9526450001
USA : 1-773-255-6196, 1-773-255-6459
www. graceconventioncenter.com
info@graceconventioncenter.com
www.facebook.com/graceconventioncenter




**6.30–PM മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ഓഡിറ്റോറിയത്തിൽ**


ചിക്കാഗോ: മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം സെപ്റ്റംബർ 13 വെള്ളിയാഴ്ച വൈകുന്നേരം 6.30–ന് മോർട്ടൻ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. ഓണഘോഷയാത്രയോടുകൂടി ആരംഭിക്കുന്ന ആഘോഷ പരിപാടികൾ പ്രശസ്ത സിനിമാതാരം ആൻ അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. അത്തപ്പൂക്കളം, ചെണ്ടമേളം, മാവേലിത്തമ്പുരാന്റെ സന്ദർശനം, എന്നിവ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടും. തുടർന്ന് ഓണസദ്യയ്ക്കു ശേഷം സാംസ്കാരിക സമ്മേളനം നടക്കും. ആഘോഷ വേളയിൽ വയനാട്ടിൽ ഉരുൾപൊട്ടലിൽ ദുരിതം അനുഭവിക്കുന്നവർക്കു വേണ്ടി ധനസമാഹരണവും നടത്തപ്പെടും. സാംസ്കാരിക സമ്മേളത്തിന് പ്രസിഡന്റ് റോയി നെടുംചിറ അദ്ധ്യക്ഷത വഹിക്കും. വൈസ് പ്രസിഡന്റ് പോൾസൺ കുളങ്ങര, സെക്രട്ടറി മഹേഷ് കൃഷ്ണൻ, ജോ. സെക്രട്ടറി വരുൺ നായർ, ട്രഷറർ സാബു തറത്തട്ടേൽ, അസോസിയേഷൻ ചെയർമാൻ സ്റ്റീഫൻ കിഴക്കേക്കുറ്റ്, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോൺ പാട്ടപ്പതി, യൂത്ത് കോർഡിനേറ്റർ ടെസ്സ അലക്സാണ്ടർ വെള്ളാപ്പള്ളി എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുക്കും. ഓണാഘോഷ പരിപാടികളിലേക്ക് ഏവരേയും സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. പ്രവേശനം സൗജന്യമായിരിക്കും.

റോയി നെടുംചിറ


റോയി നെടുംചിറ
പ്രസിഡന്റ്


പോൾസൺ കുളങ്ങര
വൈസ് പ്രസിഡന്റ്


മഹേഷ് കൃഷ്ണൻ
സെക്രട്ടറി


വരുൺ നായർ
ജോ.സെകട്ടറി


സാബു തറത്തട്ടേൽ
ട്രഷറർ


സ്റ്റീഫൻ കിഴക്കേക്കുറ്റ്
അസോസിയേഷൻ ചെയർമാൻ


ജോൺ പാട്ടപ്പതി
ട്രസ്റ്റി ബോർഡ് ചെയർമാൻ


ടെസ്സ അലക്സാണ്ടർ
വെള്ളാപ്പള്ളി
യൂത്ത് കോർഡിനേറ്റർ


മുഖ്യാതിഥി
**ആൻ അഗസ്റ്റിൻ**
(പ്രശസ്ത സിനിമാതാരം)

Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**